UNIVERSITY LIBRARY
1 FEB 1929
MADRAS

ഓം

# അരുണോദയം

പുസ്തകം 2. | 1104 ധനു. | ലക്കം 8.

## സംഗീതം "ചക്രം" തമ്പുരാൻ.

മുമ്പെല്ലാം കേരളരാജാക്കന്മാർ അന്യോന്യം പോരടിച്ചു് മാത്രം കാലം പോക്കിയിരുന്നുവെന്നു പറഞ്ഞുകൂടാ. മിക്ക രാജാക്കന്മാരും ഇടപ്രഭുക്കന്മാരും നല്ല ഭരണതന്ത്രജ്ഞന്മാരായിരുന്നതിന്നുപുറമെ അവർ വലിയ പണ്ഡിതന്മാർ കൂടിയായിരുന്നുവെന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അവർ തങ്ങളുടെ രാജ്യങ്ങളിലെ പൊതുജനങ്ങളിലും കൂടി വിദ്യയെ പ്രചരിപ്പിക്കേണ്ടതിന്നായി നാനാവിധ ഏർപ്പാടുകളും ചെയ്തിരുന്നു. കവികളെ പ്രോത്സാഹിപ്പിക്കുക, ബഹുമാനിക്കുക, വിദ്വാന്മാർ തമ്മിൽ വേദാന്തം, മീമാംസ, വ്യാകരണം മുതലായ ഉപരിശാസ്ത്രങ്ങളെ സംബന്ധിച്ചു് തർക്കം നടത്തിക്കുക മുതലായ ഏർപ്പാടുകളെ ഒരു മാതിരി എല്ലാ രാജാക്കന്മാരും വളരെ അഭിമാനകരങ്ങളായി കണക്കാക്കിയിരുന്നു. വീടുതോറും പാടിവരുന്ന കൃഷ്ണഗാഥ ഒരു കോലത്തിരിരാജാവു് നിമിത്തമാണുണ്ടായതു്. സാമൂതിരിരാജാക്കന്മാരുടെ വിദ്വൽസദസ്സ് കാരണം ശ്രുതിപ്പെട്ട "പതിനെട്ടര" കവികളും നമുക്കുണ്ടായിരുന്നു. കോട്ടയത്തു് തമ്പുരാനാണു് കഥകളിയെന്ന ഏർപ്പാടിന്റെ കാരണഭൂതൻ. മഹാകവി തുഞ്ചത്തെഴുത്തച്ഛനെ പ്രോത്സാഹിപ്പിക്കാൻ ചെമ്പകശ്ശേരി രാജാവായിരുന്നു. കുഞ്ചൻ നമ്പ്യാർ തുടങ്ങിയ ദിവ്യകവികൾക്കും തിരുവനന്തപുരം രാജാക്കന്മാരുടെ പല സഹായങ്ങളുമുണ്ടായിരുന്നു.

നവീനകാലത്തും കേരളത്തിലെ രാജാക്കന്മാർ അവരുടെ പുരാതനശക്തികളെല്ലാം നഷ്ടപ്പെട്ടിട്ടുകൂടി വിദ്യാവിഷയത്തിൽ മാത്രം തങ്ങളുടെ മെച്ചമേറിയ വില പരിപാലിച്ചുവന്നിട്ടുണ്ടു്. കേരളവർമ്മതമ്പുരാൻ, രാജരാജവർമ്മതമ്പുരാൻ, പന്തളം കേരളവർമ്മരാജാ, കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻതമ്പുരാൻ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ, കൊച്ചി അപ്പൻതമ്പുരാൻ, കോഴിക്കോട്ടു് മാനവിക്രമ ഏട്ടൻതമ്പുരാൻ മുതലായ പലരും പേരെടുത്തവരാണല്ലോ.

ഇങ്ങിനെ നോക്കുന്നതായാൽ കേരളത്തിലെ രാജകുടുംബങ്ങളെല്ലാം വിദ്യാസമ്പന്നന്മാരും വിദ്യാതല്പരന്മാരുമായിരുന്നുവെന്നു കാണാം. എന്നാൽ പണ്ടുതന്നെ കൊടുങ്ങല്ലൂർ രാജകുടുംബം ഈ വിഷയത്തിൽ ബാക്കിയുള്ള വരേക്കാൾ മെച്ചംകൊണ്ടുകേൾപ്പായിരുന്നുവെന്നു സമ്മതിക്കണം.

ഇത്രയും സാഹിത്യരസികന്മാരായിരുന്ന കേരളരാജാക്കന്മാർ ലളിതകലകളിൽ ഒരു പക്ഷെ ശ്രദ്ധയില്ലാത്തവരായിരുന്നുവെന്നു വിചാരിക്കരുത്. എന്നാൽ സംഗീതാദി ലളിതകലകളിൽ പേരെടുക്കുന്നതു് അഥവാ സ്ഥാനവലുപ്പത്തിന്നു യോജിച്ചതല്ലായിരുന്നുവെന്നായിരിക്കാം അക്കാലങ്ങളിലെ രാജാക്കന്മാർ കരുതിയിരുന്നത് പുറമെ സുന്ദരകലകളിൽ അധികം ലയിച്ചിരിക്കുന്നതു് ക്ഷത്രിയധർമ്മവിരുദ്ധമെന്നും ഭരണവിഷയത്തിൽ അലസത വരുത്താൻ എളുപ്പമാണെന്നും കൃത്യബോധമുണ്ടായിരുന്ന അന്നത്തെ രാജാക്കന്മാർ അറിഞ്ഞിരിക്കണം. പിന്നെ സംഗീതം മുതലായ കലകൾ ആപാദ മധുരങ്ങളാകയാൽ സംഗീതജ്ഞന്മാരുടെ അഭാവത്തോടുകൂടി സംഗീതത്തിന്റെ മാധുര്യവും കലാശിക്കുന്നതാകയാൽ, സാഹിത്യവിദ്വാന്മാർക്കുള്ള പ്രശസ്തി സംഗീതക്കാർക്ക് ലഭിക്കുവാനും പ്രയാസമാണല്ലൊ. സംഗീതത്തിന്റെ ആസ്വാദ്യസുഖം അത് എഴുതിക്കണ്ടാലും അച്ചടിച്ചുകണ്ടാലും അതിന്റെ അർത്ഥം നോക്കിയാലും അനുഭവമാകുന്നതല്ല. സംഗീതത്തിൽ പാടവമുള്ളവൻ പാടുന്നത് കേട്ടാൽമാത്രമെ സംഗീതസുഖം അറികയുള്ളു. എന്നാൽ സാഹിത്യത്തിൽനിന്ന് ആലോചിക്കുവാൻ ശക്തിയുള്ളവർക്കെല്ലാം ഏതുകാലത്തും ആലോചിക്കുന്തോറും കൂടുതൽ രസമാണല്ലൊ പ്രതിഫലം കിട്ടുക. ഇങ്ങിനെയുള്ള കാരണങ്ങളാൽ ലളിതകലാവിദഗ്ദ്ധന്മാരായിരുന്ന പണ്ടത്തെ പലയോഗ്യന്മാരുടേയും നാമങ്ങൾ തീരെ കേൾക്കാതായിത്തീർന്നിരിക്കണം. എങ്കിലും അടുത്തകാലത്തും കൂടി രാജാക്കന്മാരുടെയിടയിൽ ചിത്രമെഴുത്ത് രവിവർമ്മകോയിത്തമ്പുരാൻ തുടങ്ങി ചിലരുണ്ടായിരുന്നുവെന്ന് നമുക്കറിയാമല്ലൊ സാഹിത്യത്തിലെന്നപോലെ, ജൌതിഷം, സംഗീതം മുതലായ നാനാകലകളിലും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ കേമന്മാരായിരുന്നു. ഈ ലേഖനത്തിന്നു വിഷയമായത് സംഗീതത്തിൽ വലിയ പേരെടുത്തു് ഏതാണ്ടു 15 കൊല്ലങ്ങൾക്കുമുമ്പെ നിര്യാതനായ കൊടുങ്ങല്ലൂർ “ചക്രം” തമ്പുരാന്റെ” ജീവചരിത്രമാകുന്നു.

**ജനനം**:—ചക്രം തമ്പുരാനവർകളുടെ ജനനം കൊല്ലവർഷം 1020-ാമാണ്ട് മീനമാസം 3-ാംനു- മകയിരം നക്ഷത്രത്തിലാണ്. അദ്ദേഹത്തിന്റെ പിതാവ്, ചേന്നാസ്സ് നമ്പൂതിരിപ്പാട്ടിലെ മനോഗതിപ്രകാരമുള്ള ശാസ്ത്രങ്ങളെ മുഴുവൻ ഗ്രഹിച്ച് അതുപോലെ പ്രവർത്തിച്ചു

പോന്ന താന്ത്രികന്മാരിൽ പേരുകേട്ട അവസാനത്തെ ആളായ "താമരശ്ശേരിമേക്കാട്" അഫൻ നമ്പൂതിരിയായിരുന്നു. ചക്രം തമ്പുരാന്റെ ജ്യേഷ്ഠാനുജന്മാരായി കുറെ പേരുണ്ടായിരുന്നുവെങ്കിലും തന്റെ ഒടുവിലത്തെ അനുജനും ജ്യൌതിഷത്തിൽ പേരെടുത്ത് ഈയിടെ മരിച്ചുപോയ ദേഹവുമായ വലിയ കൊച്ചുണ്ണിത്തമ്പുരാൻ മാത്രമെ അധികകാലം ജീവിച്ചിരുന്നുള്ളു.

ബാല്യം.—ചക്രം തമ്പുരാന്റെ കുട്ടിയിലെ പേർ "രാമവർമ്മ" നെന്നായിരുന്നു. പതിവനുസരിച്ച് ചെറിയ രാമവർമ്മനേയും ബാക്കി തമ്പുരാക്കന്മാരൊന്നിച്ച് സംസ്കൃതവിദ്യാഭ്യാസത്തിന്നയച്ചു. എന്നാൽ സംസ്കൃതത്തിൽ മനസ്സിരുത്താതെ ക്രമേണ തമ്പുരാട്ടിമാരോടൊപ്പം കൈകൊട്ടികളിയിൽ ചേർന്ന് കളിക്കുന്നതിലും പാടുന്നതിലുമായിരുന്നു രാമവർമ്മന്റെ ഉത്സാഹം കണ്ടിരുന്നത്. ഈ കളികളിലും മററും രാമവർമ്മൻ സ്ത്രീകളെക്കാളും മെച്ചം നേടുകയും പതിവായിരുന്നു. 1041-ൽ തീപ്പെട്ട പ്രസിദ്ധനായ ജ്യൌതിഷം വലിയതമ്പുരാൻ ബാലന്റെ സംഗീതവാസനയറിഞ്ഞു് ആ വഴിക്ക് രാമവർമ്മനെ തിരിക്കണമെന്നുറച്ചു. തൃത്താല കൃഷ്ണമാരാരെന്ന പ്രസിദ്ധനായ സംഗീതജ്ഞന്റെ ശിഷ്യൻ അയ്യൻ ഭാഗവതരായിരുന്നു രാമവർമ്മന്റെ ആദ്യഗുരു. നാണുകുട്ടി ഭാഗവതർ എന്നൊരാളുടെ കീഴിൽനിന്നും ഫിഡിൽ വായിക്കാൻ ഏതാണ്ട മനസ്സിലാക്കി. അന്നു കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്ന ചോളദേശക്കാരൻ കൃഷ്ണഭാഗവതരിൽനിന്നും ചിലതൊക്കെ ഗ്രഹിച്ചു. ജന്മനാൽതന്നെ സംഗീതത്തിലുണ്ടായിരുന്ന അസാധാരണവാസനയെ തക്കതായ വിദ്യാഭ്യാസം കൊണ്ടും അത്യദ്ധ്വാനംകൊണ്ടും ശുശ്രൂഷിച്ച് നല്ലൊരുനിലക്ക് എത്തിക്കണമെന്ന രാമവർമ്മന്നു കലശലായ മോഹവും ജനിച്ചു.

രാമവർമ്മൻ 'ചക്രം' തമ്പാനായത്:—ഇക്കാലത്ത് രാമവർമ്മനെന്ന പേര് തീരെ പോവാനും "ചക്രം" തമ്പാനെന്ന് പ്രസിദ്ധിനേടാനും സംഗതിയായി. രാമവർമ്മൻ ചെറുപ്പത്തിൽ ഒരുമാതിരി എന്നും കൈക്കും കാലിന്നും മുഴുവൻ ചൊറി, ചിരങ്ങുകൾ കൊണ്ടു മൂടപ്പെട്ടവനായിരുന്നതിനാൽ കൈകൾ അനക്കാൻ പാടില്ലാതെ "ശംഖ് ചക്രം" കയ്യിൽ ധരിച്ചുനില്ക്കുന്ന കൃഷ്ണനെപ്പോലെ കൈകൾ രണ്ടും പൊന്തിച്ചു പിടിച്ച് എവിടേയും നടന്നിരുന്നു. ഇതുകണ്ട് ഒരുദിവസം വലിയ ഫലിതക്കാരനും കൊടുങ്ങല്ലൂർ കോവിലകത്തിനോട് അതിയായ കൂറുള്ളവനുമായ പിച്ചൻ പട്ടർ, "എന്താ, ഇപ്പോൾ അവിടുന്ന് ശരിയായ ചക്രപാണിയും ചൊറികളുടെയെല്ലാം ചക്രവർത്തിയും ആയി, അല്ലെ?" എന്ന് തമാശയിൽ, വേറെയുള്ള കിടാങ്ങളുടെയിടയിൽവെച്ച് ചോദിച്ചു. ഈ സംഭവത്തിന്നുശേഷം രാമവർമ്മനെ സർവ്വരും "ചക്രപാണി"

യെന്ന് സംബോധനചെയ്യാനും കാലക്രമേണ "ചക്രപാണി" "ചക്രം" മാത്രമായിത്തീരാനും ഇടയായി.

ശരിയായസംഗീതവിദ്യാഭ്യാസം:—ഉള്ളിൽനിന്നു തള്ളിവരുന്ന തന്റെ വാസനാബലത്തിന്ന് യോജിച്ച സംഗീതവിദ്യയെ സമ്പാദിക്കുവാൻ നിവൃത്തിയില്ലാതെ സാമാന്യജ്ഞാനംകൊണ്ട് തൃപ്തിപ്പെടാൻ ചക്രം തമ്പാന്നു ഒട്ടും സാദ്ധ്യമല്ലായിരുന്നു. അതിനാൽ എങ്ങിനെയെങ്കിലും തക്കതായ സംഗീതപഠനത്തിന്നുറച്ചു. വായപ്പാട്ടിലും ഫിഡിലിലും അപാരനൈപുണ്യം നേടിയിരുന്ന പുതുക്കോട് ഗ്രാമം മാതു ഭാഗവതർ അക്കാലം ഗുരുവായൂരിൽ താമസിച്ചിരുന്നു. ഈ മാതു ഭാഗവതരുടെ മകന്റെ മകൻ ഇന്നും സംഗീതലോകത്തിൽ അസാമാന്യപ്രശസ്തി സംപാദിച്ച് തമിഴദേശങ്ങളിൽ സഞ്ചരിക്കുന്നുണ്ടല്ലോ. ചക്രം തമ്പുരാൻ ഗുരുവായൂരിൽ പോയി മാതു ഭാഗവതരുടെ അടുക്കൽനിന്ന് സംഗീതം വായിക്കാൻ തീർച്ചയാക്കി അങ്ങോട്ടുപോയി. വായപ്പാട്ടിലും ഫിഡിലിലും ഉടനെ ശരിയായ അറിവും സംപാദിച്ചു.

ഗുരുവായൂർ വിട്ടതിൽപിന്നെ ചക്രം തമ്പുരാൻ തിരുവനന്തപുരത്തെ മുറജപത്തിന്നുപോയി. അവിടെ വെച്ച് ശാഖം തിരുനാൾ മഹാരാജാവിനെ കാണുകയും രാജാവിന്റെ തൃപാശ്രിപ്രകാരം മൃദംഗവായനയിൽ പ്രസിദ്ധനായിരുന്ന "പപ്പു"അയ്യന്റെ ശിഷ്യനായി മൃദംഗം വായിക്കാൻ തുടങ്ങുകയും ചെയ്തു. ചിലർ സംഗീതത്തിൽ പല ഭാഗങ്ങളുമുള്ളവയിൽ മൃദംഗം വായനയിലായിരുന്നു ചക്രം തമ്പുരാന്ന് അമാനുഷപാടവമുണ്ടായിരുന്നതെന്ന് സിദ്ധാന്തം പറഞ്ഞിരുന്നു. എന്നാൽ ഫിഡിൽവായനപ്രിയന്മാർ ചക്രം തമ്പുരാന്റെ ഫിഡിൽവായനയെയായിരുന്നു അഭിനന്ദിച്ചിരുന്നത്. ഏതായാലും മൃദംഗവായനയിൽ തിരുവിതാംകൂറിൽ തന്റെ പേരിനെ പരത്തി മടങ്ങുംവഴി തമ്പുരാൻ കൊച്ചിയിൽ ഇറങ്ങി "ഹരിശേണായി" എന്ന പ്രമാണിയുടെ അടുക്കൽനിന്ന് "സാരജിത്ത്" എന്ന യന്ത്രം വായിക്കാനും പഠിച്ചു. ചക്രം തമ്പുരാന്നു ഒരു വിശേഷഗുണമുണ്ടായിരുന്നത് ഏത് സംഗീതയന്ത്രവും ഒരിക്കൽ ഒരാൾ വായിക്കുന്നത് കണ്ടാൽ ഉടനെ ആ യന്ത്രത്തിൽ നിഷ്പ്രയാസം വായിക്കാനുള്ള സാമർത്ഥ്യമായിരുന്നുവെന്ന് പല സംഗീതവിദ്വാന്മാരും സമ്മതിച്ചതായി കേട്ടിട്ടുണ്ട്.

ഇക്കാലങ്ങളിൽ ചക്രം തമ്പുരാൻ "തച്ചിയിൽ കുഞ്ഞികൃഷ്ണമാരാർ എന്നാളുടെ വക്കൽനിന്ന് തായമ്പകയും ചെണ്ടകൊട്ടും വശമാക്കി. ചെണ്ട അസുരവാദ്യമാണെന്നു തള്ളി അതിനെ നിന്ദിച്ചിരുന്നവർക്കു കൂടി ചക്രം തമ്പുരാൻ തായമ്പക കൊട്ടുന്നതു കേട്ടാൽ സംഗീതമൊയെന്ന് സംശയം ജനിപ്പിച്ചിരുന്നുവത്രെ. ചെണ്ടകൊട്ടിന്നുപുറ

മെ, തമ്പുരാൻ അനവധി ആളുകളെ "മോഹിനി" ആട്ടത്തിന്നു പാടിച്ച് ഒരു പ്രസിദ്ധിനേടി. പെണ്ണുങ്ങളുടെ കൈകൊട്ടിക്കളിയെ സ്വന്തം നോട്ടത്തിൽ വളരെ പരിഷ്കരിച്ചു. അധികം താമസിയാതെ തിരുവിതാംകൂറിലും, കൊച്ചിയിലും, തമിഴ ദേശങ്ങളിൽപോലും "സംഗീതം ചക്രം തമ്പുരാൻ" എന്നൊരു മഹാനുണ്ടെന്നു ധ്വനിപൊങ്ങി.

സംസ്കൃതവിദ്യാഭ്യാസം:—സംസ്കൃതവിദ്വാന്മാരുടെ സങ്കേതമായ കൊടുങ്ങല്ലൂർ രാജകുടുംബത്തിൽ താൻ ഏകൻ മാത്രം സംസ്കൃതവിദ്യാ ശൂന്യനായിരിക്കുന്നത് തനിക്കും തറവാട്ടിന്നും യോജിച്ചതല്ലെന്ന് ചക്രം തമ്പുരാന്ന് ആദിയിൽതന്നെ ബോദ്ധ്യമായിരുന്നുവെങ്കിലും തന്റെ ജന്മസിദ്ധമായ സംഗീതവാസനയെ യഥാവിധി ഒരു ദിക്കിൽ എത്തിച്ചതിന്നുശേഷമെ തനിക്ക് വേറെ വിദ്യ വേണ്ടുയെന്നും അദ്ദേഹം ഉറച്ചിരുന്നു. ഇക്കാലം തമ്പുരാന്ന് 32 വയസ്സായിരുന്നു; സംഗീതവിഷയത്തിൽ അന്യൻ ഇളക്കിയാൽ കുലുങ്ങാത്ത നൈപുണ്യവും തന്റെ കയ്യുശമായിരിക്കുന്നു. അതിനാൽ സംസ്കൃതവും കൂടി പഠിക്കാൻ തീർച്ചപ്പെടുത്തി. ഏതൊരു കാൎയ്യത്തിലും താൻ പിടിച്ച വാശി ഒഴിക്കരുതെന്നും ഒരുവന്റെ അദ്ധ്വാനത്താൽ കിട്ടാത്ത വിദ്യയില്ലെന്നും ചക്രം തമ്പുരാൻ അദ്ദേഹത്തിന്റെ പ്രവൃത്തികളെക്കൊണ്ടു ജനങ്ങളെ നല്ലവണ്ണം ബോദ്ധ്യപ്പെടുത്തിട്ടുണ്ട്. അധികം താമസിയാതെ സംസ്കൃതത്തിലും നല്ല വ്യുല്പത്തി സമ്പാദിച്ചു. കൌമുദി വായിച്ച് ശരിയായി അൎത്ഥം പറവാനും കൂടി വശമാക്കി. ചിലപ്പോൾ ചിലരെ സംസ്കൃതം പഠിപ്പിക്കയും ചെയ്തു. എങ്കിലും ബുദ്ധിയുടെ പോക്ക് എപ്പോഴും സംഗീതത്തിലേക്കായിരുന്നതിനാൽ സംസ്കൃതത്തിൽ ഉപേക്ഷകാണിച്ച് വീണ്ടും സംഗീതത്തെത്തന്നെയാണ് അദ്ദേഹം കാൎയ്യമായി കൊണ്ടുപിടിച്ചത്.

വിവാഹം:—സംഗീതത്തിൽ ഒരു മാതിരി പേരെടുത്തതിന്റെ ശേഷം ചക്രം തമ്പുരാൻ കൊടുങ്ങല്ലൂരിലെ ഒരു ഭേദപ്പെട്ട നായർ തറവാടായ "വെള്ളാപ്പിള്ളി" വീട്ടിലെ "പാപ്പി അമ്മയെ" സംബന്ധംചെയ്തു. അതിൽ കുറെ സന്താനങ്ങളുമുണ്ടായി. പക്ഷെ സ്വതവെ ഒരു ദിക്കിൽ ഇരിക്കാതെ അദ്ദേഹം സഞ്ചാരംചെയ്തുകൊണ്ടിരുന്നതിനാൽ കുറെ കൊല്ലത്തോളം കോഴിക്കോട്ട് മാങ്കാവിലുള്ള സാമൂതിരികുടുംബത്തിന്റെ ഒരു ശാഖയായ പടിഞ്ഞാറെ കോവിലകത്ത് താമസിച്ച് അവിടെയുണ്ടായിരുന്ന തിരുവീരരായനെന്ന തമ്പൻ തമ്പുരാൻ, വിദ്വാൻ മാനവിക്രമ ഏട്ടൻ രാജാ സാമൂതിരിപ്പാട് മുതലായ സാഹിത്യരസികന്മാരുടെ സ്നേഹിതനായി സംഗീതസാഹിത്യാദികളിൽ ലയിച്ചുകൂടുകയും താമസിയാതെ, സാമൂതിരി രാജകുടുംബവും കൊടുങ്ങല്ലൂർ രാജകുടുംബവും ത

മ്മിൽ പണ്ടെക്കതന്നെയുണ്ടായിരുന്ന ബന്ധുത്വത്തെയും കൊടുങ്ങല്ലൂർ രാജാക്കന്മാൎക്ക് സാമൂതിരി കുടുംബക്കാരുടെ മേലുള്ള പി സമാനത്തെയും ഒന്നുകൂടി പ്രബലപ്പെടുത്തുവാനൊ എന്നു തോന്നുമാറ് തിരുവീരരായനെന്ന തമ്പൻ തമ്പുരാന്റെ ഭാഗിനേയിയായ "ചെറിഞ്ഞാട്ടിത്തമ്പുരാട്ടി"യെ സംബന്ധം ചെയ്കയും ചെയ്തു. ഈ സംബന്ധത്തിൽനിന്നുണ്ടായ രണ്ടുകുട്ടികളും ഇന്നു ജീവിച്ചിരുപ്പുണ്ട്.

മാങ്കാവിലുള്ള താമസം സംഗീതവിഷയത്തിൽ കുറെക്കൂടി പ്രശസ്തിക്കിടവരുത്തിയതിൽ ചക്രം തമ്പുരാന്നു വളരെ ചാരിതാൎത്ഥ്യമുണ്ടായി. മേൽപറഞ്ഞ തമ്പൻ തമ്പുരാൻ ഒരു നല്ല സംസ്കൃതവിദ്വാനായിരുന്നതിനുപുറമെ സംഗീതാദി സുന്ദരകലകളിലും നല്ല വിവരമുള്ള ഒരു മഹാമനസ്കനായിരുന്നു. അക്കാലത്ത് പരദേശങ്ങളിൽനിന്നുകൂടി പണ്ഡിതന്മാരും സംഗീതക്കാരുംവന്ന് പടിഞ്ഞാറെ കോവിലകത്തിലെ തമ്പുരാക്കന്മാരുടെ വിദ്വൽസദസ്സുകളെ അലങ്കരിച്ചിരുന്നു. സംഗീതത്തിൽ വലിയ വിഖ്യാതനായിരുന്ന കൊടുങ്ങല്ലൂർ സംഗീതം വലിയതമ്പുരാന്റെ ശിഷ്യനായ "മഞ്ഞപ്ര സുബ്രഹ്മണ്യഭാഗവതർ" എന്നൊരാൾ അക്കാലത്ത് കേരളത്തിൽ നല്ല പേരെടുത്ത് തമ്പൻ തമ്പുരാന്റെ ഗുരുനാഥനായി മാങ്കാവിൽ താമസിച്ചിരുന്നു. ചക്രം തമ്പുരാന്ന് വീണവായനയിൽ മാത്രം തക്കതായ ഗുരുവിനെ കണ്ടുകിട്ടായ്കയാൽ നല്ല കുണ്ഠിതമുണ്ടായിരുന്നു. ഈ സുബ്രഹ്മണ്യഭാഗവതർ വീണയിൽ അദ്വിതീയനായിരുന്നതിനാൽ അദ്ദേഹത്തിന്റെ അടുക്കൽനിന്നു തമ്പുരാൻ വീണവായിക്കാനും ഗ്രഹിച്ചു. വീണയിൽനിന്നു ശബ്ദം പുറപ്പെടുവിച്ച് ജനങ്ങളെ രസിപ്പിക്കത്തക്ക സാമൎത്ഥ്യം ഈ ലോകത്തിൽ ഏററവും ചുരുക്കം മഹാന്മാൎക്കെ ഉണ്ടായിട്ടുള്ളു. എന്നാൽ ചക്രം തമ്പുരാൻ ഇതിൽ പിന്നെ തന്റെ ആയുഷ്കാലത്തിൽ അധികഭാഗവും വീണവായനയിൽതന്നെ കഴിച്ചുകൂട്ടി അസംഖ്യം പേരുടെ സന്തോഷബഹുമാനാദരങ്ങൾക്ക് പാത്രവാനായി. അതിനാൽ ചിലർ 'വീണവായനക്കാരൻ' ചക്രം തമ്പുരാനെന്നുകൂടി പറഞ്ഞിരുന്നു.

കണ്ണുരോഗം:—സുമാർ 40 വയസ്സായപ്പോഴക്കും ചക്രംതമ്പുരാനവർകൾ ബധിരനായത്തീൎന്നു. ഇതിന്നു കാരണം അന്റെ സീമാതീതമായ സംഗീതപരിശ്രമം ഒന്നുമാത്രമായിരുന്നു. അത് അവിടേക്ക് തന്നെ ബോദ്ധ്യപ്പെട്ടിട്ടുമുണ്ടായിരുന്നു. സംഗീതക്കാർ സ്വതവെ രണ്ടുവിധം നാദങ്ങൾ പുറപ്പെടുവിക്കാൻ കഴിയുന്നവരായിരിക്കും. എന്നാൽ ഇന്ന് പേർകേട്ട സംഗീതജ്ഞന്മാർപോലും സംഗീതത്തിന്റെ യഥാൎത്ഥനാദമായ ആന്തരനാദം" പുറപ്പെടുവിക്കാൻ കഴിവുള്ളവരാണെന്നു സമ്മതിച്ചുകൂടാ. ബാഹ്യമായ നാദംകൊണ്ടാണ് മിക്കവരും കഴിച്ചുകൂട്ടുന്നത്

ഈ ആന്തരനാദത്തോടുകൂടി പാടാറാവണമെങ്കിൽ പല വായുക്കളേയും ഒതുക്കിനിർത്താൻസാധിക്കുന്ന യോഗവിദ്യ അറിഞ്ഞിരിക്കണം. യോഗാഭ്യാസവിവരമില്ലാത്തവർ ഇതിന്നു തുനിഞ്ഞാൽ ചെവിയടഞ്ഞുപോവും. ഇത് മനസ്സിലാക്കാതെ ചക്രംതമ്പുരാൻ യഥാർത്ഥമായ സംഗീതനാദം കേട്ടാനന്ദിക്കുവാനാഗ്രഹിച്ച് ആന്തരനാദത്തിൽ പാടാൻ ശ്രമിച്ചു. തന്റെ ഉദ്ദേശം സഫലമായെങ്കിലും അതോടുകൂടി ഒരുമാതിരി "ചെകിടുപൊട്ടു"നാവാനിടയാവുകയുംചെയ്തു. എങ്കിലും ഇദ്ദേഹം സംഗീതത്തിൻ പുറപ്പെടുവിച്ച ഈ ആന്തരനാദംകേട്ടു പല ഗംഭീരാത്മാക്കളും മതിമറന്നുപോയിട്ടുണ്ടെന്നു തീർച്ചയാണ്. ചെവിപൊട്ടിയതോടുകൂടി ഈ ആന്തരനാദത്തിലുള്ള ശ്രദ്ധയും കുറഞ്ഞ് തമ്പുരാൻ വലിയ ഒരു നിരുത്സാഹിയായിത്തീരുകയാണുണ്ടായത്. അന്യന്മാർക്കുവേണ്ടി അദ്ദേഹം പലപ്പോഴും പാടിയിരുന്നുവെങ്കിലും തന്റെ ജീവിതസുഖത്തിന്നാസ്പദമായിരുന്ന സംഗീതമാധുര്യത്തെ തനിക്കുമാത്രം ആസ്വദിക്കുവാൻ വയ്യാതായല്ലോയെന്ന് അദ്ദേഹം എപ്പോഴും വ്യസനത്തോടെ പറഞ്ഞിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് കേൾവിപ്പെട്ട ഡാക്റ്റർ. ടി. എം. നായരെകണ്ട് ചെവിക്ക് ഒരു യന്ത്രം കിട്ടുവാനിടയായത്. ആ യന്ത്രം വെച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അദ്ദേഹത്തിന്നു ചെവിവേണ്ടുവോളം കേട്ടിരുന്നു. തന്റെ ചെവി വീണ്ടുകിട്ടിയതിലല്ല തമ്പുരാൻ സന്തോഷിച്ചത്. തന്റെ ജീവിതവിദ്യയിൽ ലയിക്കുവാനുള്ള ഉപകരണം തീരെ നഷ്ടപ്പെടാതെ തിരികെ കിട്ടിയതിലാണ് അദ്ദേഹത്തിന്നു സമാധാനമുണ്ടായത്.

ചക്രംതമ്പുരാന്റെ സംഗീതത്തിലുള്ള പ്രത്യേകത:—അധികം ജനങ്ങൾക്കും കിട്ടാൻപ്രയാസമുള്ള ശരീരഭംഗി ചക്രംതമ്പുരാന്നു ജന്മനാസിദ്ധമായിരുന്നു. മന്ദ്രം, മദ്ധ്യം, താരം ഈ മൂന്നുസ്ഥായികളും കൂടിച്ചേർന്ന ഒരു ശാരീരം ഗന്ധർവന്മാർക്കല്ലാതെ മനുഷ്യന്മാർക്കുണ്ടായിട്ടുണ്ടെങ്കിൽ അത് ചക്രംതമ്പുരാനെപ്പോലെ ഏതാനും ഭാഗ്യവാന്മാർക്കുമാത്രമായിരിക്കണം. ജന്മനാലുള്ള സംഗീതവാസനയും അമാനുഷമായ ശാരീരഭംഗിയും തക്കതായ വിദ്യാഭ്യാസവുംകൂടി ഒരുപോലെ മേളിച്ച് ലയിച്ചതിനാൽ സംഗീതം ചക്രംതമ്പുരാന്റെ സംഗീതം കേട്ടാൽ മതിവരായെന്ന് ജനങ്ങൾ പറയുന്നതിൽ അതിശയമില്ല.

ശിഷ്യന്മാർ:— ചക്രംതമ്പുരാൻ വലിയ സംഗീതവിദ്വാൻതന്നെയായിരുന്നു. എന്നാൽ തന്റെ വിദ്യയെ അന്യർക്ക് പഠിപ്പിക്കുന്നതിലുള്ള വിദ്യയെന്താണെന്ന് ഊഹിച്ചറിഞ്ഞുകൂടാ. തമ്പുരാൻതന്നെ തനിക്ക് ഈ സാമർത്ഥ്യമെങ്ങിനെകിട്ടിയെന്ന് ആരോ ചോദിച്ചതിന്നു മറുപടിയായി, "കോമാട്ടിൽ പാറുക്കുട്ടിയമ്മ കുട്ടികളെ പാട്ടുപഠിപ്പിക്കു

ന്ന കൌശലവും, മുണ്ടേമ്പള്ളി കൃഷ്ണമാരാർ ശിഷ്യരെ പഠിപ്പിക്കുമ്പോൾ പ്രകടിപ്പിച്ചിരുന്ന പാടവവും, മററനേകം സാരങ്ങളും കൂട്ടിച്ചേർത്ത് ഞാൻ സ്വന്തമായി ഒരു രീതിയുണ്ടാക്കിയതിന്നനുസരിച്ചാണ് പഠിപ്പിക്കാറ്" എന്നരുളിച്ചെയ്തിട്ടുണ്ട്.

വെറും ഉപജീവനത്തിന്നുവേണ്ടിയും പാട്ടുകാരനാവാനുള്ള മോഹത്തിന്നുവേണ്ടിയും മററും സംഗീതംപഠിക്കാൻ വന്നിരുന്നവരെക്കുറിച്ച് തമ്പുരാന്നു സന്തോഷമില്ലായിരുന്നു. എങ്കിലും യാതൊരു പ്രതിഫലവും കൂടാതെ ദിവസംപ്രതി അസംഖ്യം ശിഷ്യരെ പഠിപ്പിച്ചിരുന്നു. സംഗീതത്തിൽ അടി ഉറച്ചുകിട്ടുന്നതുവരെ മുഷിഞ്ഞിരിക്കാൻ തയ്യാറുള്ളവരെ മാത്രമെ മേല്പോട്ടു പഠിപ്പിക്കുവാൻ തമ്പുരാന്നു മനസ്സുണ്ടായിരുന്നുള്ളു. മിക്കവൎക്കും ഇത്ര മുഷിയാൻ വയ്യാതിരുന്നതിനാൽ ചക്രംതമ്പുരാൻെറ യാതൊരു ശിഷ്യനും ഗുരുനാഥനെപ്പോലെ പേരെടുത്തിട്ടില്ല. പക്ഷെ തമ്പുരാൻെറ അടുത്തമരുമകനും പ്രസിദ്ധകവിയുമായ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻെറ മകൾ "കാമാക്ഷി"യെന്ന സ്ത്രീമാത്രം താൻ വിചാരിച്ചപോലെ സംഗീതത്തിൽ വൈദഗ്ദ്ധ്യം കാണിച്ചിരുന്നുവെന്ന് ചക്രംതമ്പുരാൻതന്നെ സമ്മതിക്കാറുണ്ടായിരുന്നു. എന്നാൽ ഈ സ്ത്രീ യൌവനാരംഭത്തോടുകൂടി മരിച്ചുപോയത് കേരളത്തിലെ സംഗീതലോകത്തിൻെറ അപരിഹാൎയ്യമായ നഷ്ടമെന്നെ വിചാരിക്കാവൂ. ചക്രംതമ്പുരാൻെറ ശിഷ്യന്മാരായി നീലകണ്ഠൻനമ്പ്യാർ, ഫിഡിൽവായനക്കാരൻ കുഞ്ഞുണ്ണിതിരുമുൽപ്പാട് തുടങ്ങി ചിലരുണ്ടായിരുന്നുവെങ്കിലും അവൎക്കാൎക്കും തമ്പുരാൻെറ യോഗ്യതയുടെ ശതാംശമുണ്ടായിരുന്നില്ല. ഇപ്പോഴുള്ളവരിൽ ഒരുമാതിരി ഭേദം തമ്പുരാൻെറ മൂത്തമകളായ വെള്ളാപ്പള്ളി ഇച്ചുക്കുട്ടിയമ്മയാണെന്നു പറയണം.

തമ്പുരാൻെറ ഗുരുദക്ഷിണ:—ചക്രംതമ്പുരാൻ ആരോടും ഗുരുദക്ഷിണ വാങ്ങീട്ടില്ലെങ്കിലും തൻെറ ഗുരുനാഥന്മാൎക്കെല്ലാം ഗുരുദക്ഷിണചെയ്യാൻ അദ്ദേഹത്തിന്നു സാധിച്ചു. പണക്കാരനായിരുന്ന തൻെറ ഗുരുനാഥൻ പപ്പുഅയ്യൻ കാലഗതികൊണ്ടു കഴങ്ങിവശായപ്പോൾ കൊച്ചിയിലെ ഹരിശേണായി മുതലായവരെക്കൊണ്ടു തമ്പുരാൻ പപ്പുഅയ്യക്ക് ഗുരുദക്ഷിചെയ്യിച്ചു. അതുപോലെ സബ്ബ്ജഡ്ജി കൃഷ്ണമേനോനെക്കൊണ്ട്(കോഴിക്കോട്ടെ ഒരു പ്രസിദ്ധവക്കീലായ കെ. പി. രാമൻമേനോൻെറ പിതാവ്)മാതുഭാഗവതൎക്കും ഗുരുദക്ഷിണകൊടുപ്പിച്ചു. ഇങ്ങിനെ തൻെറ മിക്കഗുരുനാഥന്മാൎക്കും തക്കതായ ദക്ഷിണ കഴിച്ചിട്ടുണ്ട്.

അനുമോദനങ്ങൾ:-വിദ്വാൻ ഏട്ടൻതമ്പുരാൻ സാമൂതിരിപ്പാട്, തിരുവനന്തപുരം മഹാരാജാവുമുതൽ പലരും തമ്പുരാൻെറ സംഗീ

തത്തെ അഭിനന്ദിച്ച് പറഞ്ഞിട്ടുണ്ട്. തമ്പുരാൻ കോഴിക്കോടായിരു
ന്നപ്പോൾ ഒരിക്കൽ തന്നെ സംഗീതത്തിൽ ലയിപ്പിക്കാൻ ആരാലും സാ
ദ്ധ്യമാവില്ലെന്നു വിചാരിച്ചിരുന്ന നമ്മുടെ "ഇന്ദുലേഖാനോവൽ" കൎത്താ
വായ സബ്ജഡ്ജി മിസ്റ്റർ ഒ. ചന്തുമേനോനെപ്പോലും ചക്രംതമ്പുരാൻ
സംഗീതത്താൽ ആനന്ദിപ്പിച്ച് സർട്ടിഫിക്കററ് വാങ്ങീട്ടുണ്ടത്രെ. സാ
ക്ഷാൽ "വെണ്മണിനമ്പൂതിരി" അദ്ദേഹത്തിന്റെ "പൂരപ്രബന്ധം"
൩൯-ാംശ്ലോകത്തിൽ

കേൾക്കെന്തനംഗിഞാനും പുനരഥപുതുതേൻവാണി സംഗീതവിത്താം
ചക്രംതമ്പാനമെന്നല്ലറിയുക ചെറുകുന്നാം മഹൻ പാച്ചുതാനും
ഭോഷ്കല്ലോരോരുദന്തങ്ങളുമടവിലുരച്ചുരകത്തെത്തി നേരം
നോക്കിക്കഷ്ടിച്ചുദിപ്പാനൊരുമണിയിടയുണ്ടപ്പൊളെന്നല്പലാക്ഷി.

എന്ന് ചക്രംതമ്പാനെയുദ്ദേശിച്ച് പറഞ്ഞിരിക്കുന്നു. തിരുവിതാംകൂ
റിൽ പേരെടുത്ത സംഗീതജ്ഞൻ രാമസ്വാമി അയ്യങ്കാരും, തമിഴൻദേ
ശക്കാരനായ സംഗീതമൎമ്മജ്ഞൻ വരദാചാരി അവർകളും ഓരോ അ
വസരത്തിൽ ചക്രംതമ്പുരാനെ ബഹുമാനിച്ചതായി കേട്ടിട്ടുണ്ട്. ഈ
അവസരത്തിൽ, ഇപ്പോൾ കൊച്ചിൻസ്റ്റേററിലുള്ള സ്കൂളുകളിൽ സം
ഗീതം പഠിപ്പിക്കാനുള്ള "കരിക്കുല"ത്തിന്റെ ആദികൎത്താവും ചക്രം
തമ്പുരാനായിരുന്നുവെന്നു പറഞ്ഞുകൊള്ളുന്നു.

നാനാവിദ്യകൾ:—ചക്രംതമ്പുരാൻ പ്രധാനമായി പേരെടുത്ത
ത് സംഗീതത്തിലാണെങ്കിലും വേറെ പല വിദ്യകളിലും അദ്ദേഹത്തി
ന്നു സാരമായ പരിജ്ഞാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംസ്കൃത
വ്യുല്പത്തിയെസംബന്ധിച്ചു മുമ്പു പ്രസ്താവിച്ചുവല്ലൊ. അതുപോലെ
മെയ്യഭ്യാസം, ചിത്രമെഴുത്ത്, ശില്പിവേല, തുന്നൽ ഇതുകളിലും തമ്പു
രാന്റെ വാസനയും സാമൎത്ഥ്യവും ഇടയ്ക്കിടെ വെളിപ്പെടുത്തിയിരുന്നു.

വാൎദ്ധക്യം:—തന്റെ പ്രായാധിക്യത്തിൽ ഈശ്വരവിഷയമാ
യി കുറച്ച് കാലംകളുവാനും ചക്രംതമ്പുരാൻ ആശിച്ചിരുന്നതിന്നനുസ
രിച്ച് ഗോകൎണ്ണംമുതൽ കന്യാകുമാരിവരെയും ഒടുവിൽ കാശിക്കുതന്നെ
യും അവിടുന്ന് തീൎത്ഥയാത്രകൾ ചെയ്തിട്ടുണ്ട്.

മരണം:—ഒടുവിൽ കൊല്ലം 1087 മീനമാസം 22-ാംനു സുഖ
മായി ഭക്ഷണംകഴിച്ച് പല വൎത്തമാനങ്ങളും പറഞ്ഞുകൊണ്ടിരിക്കെ
മുലക്ക് താഴെയുണ്ടായിരുന്ന ഒരു വീക്കത്തിന്റെ ആധിക്യത്താൽ ചക്രം
തമ്പുരാനവർകൾ ഇഹലോകവാസമുപേക്ഷിച്ചു. ശവസംസ്കാരത്തി
ന്നുകൂടിയിരുന്ന അദ്ദേഹത്തിന്റെ മരുമക്കൾ ശവത്തിന്റെ യാതൊരു
ഗന്ധവും സംസ്കാരസമയത്ത് പുറപ്പെട്ടിരുന്നില്ലെന്നു പറയുന്നു. സം

ഗീതത്താൽ സർവ്വനാഡികൾക്കും ശുദ്ധിവന്നിരിക്കയാൽ ഇങ്ങിനെ സംഭവിക്കുന്നതിൽ വലിയ വിരോധമില്ല. ഏതായാലും കേരളത്തിലെ സംഗീതലോകത്തേക്ക് ചക്രം തമ്പുരാനവർകളുടെ നിര്യാണം ഒരു തീരാനഷ്ടമായിത്തീർന്നിട്ടുണ്ടെന്നു ഏവനും സമ്മതിക്കുന്നതാണ്.

[ചക്രംതമ്പുരാനവർകളുടെ ഒരു മരുമകനും, അദ്ദേഹത്തിൻെറ പ്രഥമപുത്രീഭർത്താവും, ശ്രുതിപ്പെട്ട കവിതക്കാരനായിരുന്ന കുഞ്ഞുകുട്ടൻ തമ്പുരാൻെറ ഏകസോദരനും, നല്ലൊരു വാസനാകവിയും, കഥകളിയിലെ എല്ലാവിധരസങ്ങളേയും അഭിനയിക്കുന്നതിൽ അസാധാരണവിദഗ്ദ്ധതനേടിയ ദേഹവുമായ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിത്തമ്പുരാനെന്ന് പേരായ "ഭാഗവതർ"തമ്പുരാനാണ് എൻെറ ഈ ലേഖനത്തിലേക്ക്‌വേണ്ടിയ അധികവിവരങ്ങളും തന്നിട്ടുള്ളതെന്നു ഞാൻ കൃതജ്ഞതയോടുകൂടി ഈ അവസരത്തിൽതന്നെ പ്രസ്താവിച്ചുകൊള്ളുന്നു]

ശുഭം.

പി. സി. മാനവിക്രമൻ രാജാ, ബി. ഏ; എൽ. ടി.

# പുഷ്പഗീതം. *

1. പുലരുമ്പൊഴുതാലശീലവി-
ട്ടുലരുംനൽമലരിൻദലങ്ങളിൽ
കലരുന്നൊരുകാമനീയകം
നിലനിന്നീടുവതെത്രമാത്രതാൻ!,

2. ദിനനാഥനവപ്രഭോൽക്കരം
കനകച്ചാറണിയിച്ചനന്മലർ,
കനൽപോലെ കടുത്തവേനലിൻ
വിനയേൽക്കുന്നുവിനാഴികയ്ക്കകം.

3. നിജകോമളസംപുടങ്ങളിൽ
നിഭൃതംസംഭൃതമായസൌരഭം
നിമിഷത്തിനിടയ്ക്കുഹാ! വെറും
നിനവിൻമാതിരിനാമശേഷമാം.

4. തുടുപിഞ്ചിതൾ—വേദനിച്ചിടും
തൊടുകിൽ—പേലവമാണതത്രയും—
ചുടുവാസരമൊന്നുതാങ്ങുവാൻ
പടുവല്ലാതെകരിഞ്ഞുവീണുപോം.

* കേരളസാഹിത്യപരിഷത്തിൻെറ തൃതീയസമ്മേളനത്തിൽ വായിച്ചത്.

5. വിരുതേറിയവിശ്വശില്പിത—
ന്നരുമക്കൈപ്പടയെത്രയിത്തരം
ഒരുനാളിടകൊണ്ടുകാണുവാ—
നരുതാതായ്മറയുന്നമായയിൽ!.

6. അതിചഞ്ചലമേവമിജ്ജഗൽ
സ്ഥിതിയെന്നാലുമതിന്റെവാസ്തവം
മതിയാംവിധമോർപ്പതില്ലനാം
മതിമായാവലയത്തിലാഴ്കയാൽ

7. ഒരുകൊച്ചലരിന്റെജീവിതം
നിരൂപിക്കിൽചെറുതെന്നിരിക്കിലും
നിരുപാധികമാകുമപ്പരം—
പൊരുൾകാണമൊരുവന്നതിങ്കലും

8. ജനനംജഗദംബതൻനിര—
ഞ്ജനമാംപ്രേമസുധാമഹാബ്ധിയിൽ;
തനതഗ്രജർതാരകവ്രജം;
ജനകൻപാരിനുതാതനാംപരൻ;

9. വിഹരിയ്ക്കുവതിന്നുകൌതുകാ—
വഹമാംചോല, കള്ളത്തകാവുകൾ;
സഹകാരികൾ കോകിലാദികൾ
സഹകാരാഗ്രനിവാസനിസ്പൃഹർ;

10. സകലേശ്വരശില്പകല്പനാ—
ശകലം കേവലമിന്നിതെങ്കിലും
വികലേതരമാമതിൻപൊരുൾ—
ത്തികവോർത്താലതുലാത്ഭുതാവഹം.

11. പലലാധിപരാജധാനിയിൽ
പലപീഡാഹതിയാലധീരയായ്
വലയുംജനകാത്മജയ്ക്കൊരുൾ—
ബ്ബലമേകീദയിതാംഗുലീയകം.

12. ജനചേതന ദൃഷ്ടിലോഭന—
ക്കനകക്കോട്ടയിലസ്വതന്ത്രയായ്,
ജനകാത്മജപോലെമാഴ്കയാ—
ണനഘാത്മപ്രിയവിപ്രയുക്തയായ്.

13. അസഹായതയാലധന്യയായ്
വ്യസനിയ്ക്കുമ്പൊഴുതാത്മവല്ലഭൻ

സുസമഞ്ജസമിങ്ങയയ്ക്കുമാ-
ശ്വസനത്തിനൊരുചാരുദൂതനെ.

14. സുമനസ്സിതുലോകചേതനാ-
രമണൻവിട്ടൊരുമാരുതാത്മജൻ,
ക്ഷമയാന്നകന്നിടാമിതാ
വിമലപ്രേമരസാർദ്രവാചികം:—

15. "വിടയാത്തപരിഭ്രമത്തിനാൽ,
തടവെല്ലാമചിരാലകന്നുപോം.
ഉടനിങ്ങെഴുനെള്ളിടുംപ്രിയം
തടവുംനിന്നുടെജീവിതേശ്വരൻ.

16. "അടയാളമിതാ—ബൃഹദ്ദ്യുതി
ാരടയാളുംലളിതാംഗുലീയകം!
സ്ഫുടമെത്രപവിത്രമാണിതി-
ന്നടയോരാഭയുമാഭിരാമ്യവും.

17. "അനകന്നനകമ്പയററതാ
യനമാനിയ്ക്കുരുത,ദ്രയാപരൻ
അനുവേലമനുഗ്രഹാർദ്രമാ-
യനുചിന്തിച്ചരുളുന്നുദേവിയെ.

18. "അകലത്തരുളുന്നൊഴുംഭൃശം
നികടസ്ഥൻഭവതിക്കുവല്ലഭൻ-
തകരുംസകലാന്തരായവും
മുകരാറാകമുടൻവരാനനം".

19. വിരഹാതുരമായ,ചേതനാ-
ന്തരമീവാചികമാധുരീഭരം.
സരസംനുകരുന്നുമേദുരാ-
ദരകൌതൂഹലനന്ദിപൂർവ്വകം

20. "പ്രിയനെന്നുടെപൊന്നുതമ്പുരാൻ
നിയമിച്ചീടിനദൂതനല്ലിനീ.
ജയവത്സ! ഭവൽസമാഗമം
നിയതംമേനിനയാത്തൊരുത്സവം!

21. "പതിതൻപ്രണയാവലോകന-
ദ്യുതിമന്ദാകിനിയിൽകുളിക്കുവാൻ
അതിപുണ്യമിയന്നനിൻശുഭാ-
കൃതിയുംനിർവൃതിനൽകിടുന്നുമേ.

22. "നിലകൊൾക—മറഞ്ഞിടാതെ,ന-
ന്മലരേ!തെല്ലിട മാമകാന്തികേ!
പുലരട്ടെതവപ്രഭാവമി-
യ്യുലകിൽസ്സൌഭഗവൈജയന്തികേ!"

വി. ഉണ്ണിക്കൃഷ്ണൻനായർ ബി. ഏ.

---

## അത്ഥാലങ്കാരനിരൂപണം. (തുടച്ച്)

---

ലക്ഷണത്തിൽ, അവ്യംഗ്യമെന്നോ അല്ലെങ്കിൽ വ്യംഗ്യമാവരുതെന്നോ സാമാന്യമായി നിർദ്ദേശിക്കാതെ, അവിനാഭാവിയായ വ്യംഗ്യമാവരുതെന്നിങ്ങനെ ആ വ്യംഗ്യത്തിന്നു ഒരു വിശേഷണംകൂടി ചേർത്തിരിക്കുന്നതു, ഗമ്യോപമയിൽ അവ്യാപ്തിവരാതിരിക്കാനാണ്; നോക്കുക.

രക്ഷിച്ചിടുംതൻപതിയെത്തരത്തിൽ
ച്ചതിച്ചഹോകണ്ടവരെപ്പിടിക്കും
നാരിക്കുമക്കുട്ടിലെഴുംനരിക്കും
ആകാരമല്ലാതൊരുഭേദമുണ്ടോ? (സ്വ)

ഇവിടെ, അത്തരത്തിലുള്ള നാരിക്കും നരിക്കും ആകാരം (ആകൃതി; ദീഘാക്ഷരം എന്നിങ്ങനെശ്ലേഷം)കൊണ്ടല്ലാതെ യാതൊരു വ്യത്യാസവുമില്ലെന്നു പറഞ്ഞിരിക്കുന്നതിൽനിന്നു സാദൃശ്യം വ്യംജിക്കുന്നതിനാൽ ഇതു ഉപമതന്നെയാകുന്നു. എന്നാൽ ആ സാദൃശ്യം വ്യംഗ്യമായിരിക്കയാൽ ഗമ്യോപമയെന്നു പറയും. സാദൃശ്യം വ്യംഗ്യമാവരുതെന്നു സാമാന്യമായി നിഷേധിക്കുന്നതായാൽ ലക്ഷ്യമായ പ്രകൃതസ്ഥലത്തു ഉപമയ്ക്കുപറഞ്ഞ ലക്ഷണം സംഭവിക്കാത്തതുകൊണ്ടു ലക്ഷ്യൈകദേശാവൃത്തിരൂപമായ അവ്യാപ്തിയെന്ന ദോഷത്തിന്നിടയാവുന്നതാണ്. ഇപ്പോഴാകട്ടെ ആ ദോഷത്തിന്നു വഴിയില്ല; അവിനാഭാവിയായ വ്യംഗ്യമാവരുതെന്നല്ലാതെ വ്യംഗ്യമേ ആയിക്കൂടെന്നു പറഞ്ഞിട്ടില്ലല്ലോ. എന്നാൽ, ഇതു ഉപമാധ്വനിയാണെന്നു പറഞ്ഞുകൂടെ എന്നു ശങ്കിക്കേണ്ട; നാരിക്കും നരിക്കും ആകാരംകൊണ്ടുമാത്രമല്ലാതെ മറെറാന്നുകൊണ്ടും ഭേദമില്ലെന്നു പറഞ്ഞിരിക്കുന്നതിൽനിന്നു സാധാരണന്മാൎക്കുപോലും ശ്രവണമാത്രത്തിൽ തോന്നാവുന്ന സാദൃശ്യം വാച്യായമാനമായിരിക്കയാൽ അഗൂഢമെന്ന ഗുണീഭൂത വ്യംഗ്യമല്ലാതെ ധ്വനിയാവുകയില്ല. അതുകൊണ്ടാണ് അപ്പയ്യദീക്ഷിതരും അതനുസരിച്ചു രാജരാജവൎമ്മയും—

"മുഷ്ടിവിടാമട്ടുകിലും മട്ടേറെമുഷിഞ്ഞുകോശമതിൽവാസം
കൃപണകൃപാണങ്ങൾക്കങ്ങേപ്പെട്ടുമാകാരമൊന്നുതാൻഭേദം"
(ഭാഷാഭൂഷണം)

എന്നിങ്ങിനെ ഈ ജാതിയിലുള്ള പദ്യം വ്യതിരേകത്തിന്നു ഉദാഹരണമായി കൊടുത്തിരിക്കുന്നതു. ദീപകാദിയിലെന്നപോലെ ഇവിടെ വ്യതിരേകാംശമായി ഭാസിക്കുന്ന സാദൃശ്യം ധ്വനിയല്ലെന്നാണല്ലോ അവരുടെ അഭിപ്രായം. ശരി; അങ്ങിനെയാണെങ്കിൽ അപ്പയ്യദീക്ഷിതരും മററും വ്യതിരേകമായി ഗണിച്ചിരിക്കുന്ന ഈ വക പദ്യങ്ങളിലെ അലങ്കാരം ഗമ്യോപമയാണെന്നു പറഞ്ഞു ഇങ്ങനെ കഷ്ടപ്പെടുന്നതെന്തിനാകുന്നുവെന്നാണ് ഇനിയുള്ള ചോദ്യമെങ്കിൽ, ഇതിനെപ്പററി വ്യതിരേകഘട്ടത്തിൽ വിസ്തരിച്ചു ഉപപാദിക്കുവാൻ പോകുന്നതുകൊണ്ടു അല്പം ക്ഷമിക്കണമെന്നുമാത്രമേ ഇപ്പോൾ പറയുന്നുള്ളൂ.

ആകയാൽ—

"നേരംപാതിരയായിനിൻപ്രിയതമൻ കൈത്തണ്ടകണ്ണീരിനാ-
ലാറാടിച്ചുകിടപ്പിതാ,പരിജനംപാരംഭ്രമിക്കുന്നതേ,
വൈരംപൂണ്ടുകിടന്നുരുണ്ടുകരുണം കേഴുന്നുനീയും;വൃഥാ
സ്വൈരക്കേടുവരുത്തിടേണ്ട വിധുനിന്നാസ്യംജയിച്ചീടുമേ"

(പ്രണയവിലാസം

നീ ഇപ്രകാരം പ്രവൎത്തിക്കുന്നതായാൽ (ഗ്ലാനിവൈവൎണ്ണ്യം മുതലായ വികാരംനിമിത്തം) 'ചന്ദ്രൻ നിന്റെ മുഖത്തെ ജയിക്കുമെന്നുള്ള സഖ്യുപദേശത്താൽ 'ഇപ്പോൾ ചന്ദ്രന്നു തുല്യംതന്നെ എന്നിങ്ങനെ വ്യഞ്ജിക്കുന്ന സാദൃശ്യം അലങ്കാരാന്തരാ വിനാഭാവിയല്ലാത്തതുകൊണ്ടു ലക്ഷണസമന്വയം വരുന്നതിനാൽ ഉപമതന്നെയാകുന്നു. ഇതിലെ പ്രധാനവ്യംഗ്യം ഈൎഷ്യാവിപ്രലംഭമാണ്. അതിലാണ് കവിയുടെ വിവക്ഷയെന്നുള്ളതും സ്പഷ്ടംതന്നെ. ആകയാൽ ഈൎഷ്യാവിപ്രലംഭമായ താദൃശധ്വനിക്കു അലങ്കാരമായിട്ടാണ് ഇതിലെ ഗമ്യോപമ സ്ഥിതിചെയ്യുന്നതു്.

ഈ സ്ഥിതിക്ക്—

"രജനീകരകാന്തികൊണ്ടുനീ-
ക്കെതിരില്ലെന്നുനിനപ്പിതോഭവാൻ
പൃഥിവീതലമാരിതാകവേ
സുദൃഢംമൂഢ,നിരീക്ഷചെയ്തതും"

എന്നിങ്ങനെ ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരോടി തന്റെ ഭാഷാദൎപ്പണത്തിൽ, ഉപമധ്വനിക്കു കൊടുത്തിരിക്കുന്ന ഉദാഹരണം അനുപപന്നമാണെന്നവരുമല്ലോ എന്ന് ആശങ്കിക്കുന്നതായാൽ, ശരിയാണു, എന്തുചെയ്യാം വേറെ വഴിയൊന്നുമില്ലെന്നേ തൽക്കാലം പറയുവാൻ നിവൃത്തിയുള്ളൂ. 'രജനീകര—'എന്ന പദ്യത്തിലെ, "ഹേമചന്ദ്ര!, നീ നിനക്കുസമമായി ഒന്നുമില്ലെന്നു വിചാരിക്കുന്നതു തെററാണ്; ആരാണ്

ഭൂമണ്ഡലംമുഴുവനും പരിശോധിച്ചിരിക്കുന്നതു?"എന്ന വാക്യാൎത്ഥത്താൽ അന്തഃപുരത്തിലിരിക്കുന്ന എന്റെ പ്രിയതമയുടെ മുഖം നിനക്കു തുല്യമാണെന്നിങ്ങനെ വ്യംജിക്കുന്ന ഉപമ, ചന്ദ്രോപാലംഭമായ പ്രകൃതശ്ലോകത്തിൽ പ്രധാനമായി വ്യംജിക്കുന്ന ചന്ദ്രവിഷയമായ വക്താവിന്റെ അസൂയക്കു അംഗമായിരിക്കയാൽ അലങ്കാരംതന്നെയാണ്. ധ്വനിയല്ല; മൂഢനെന്ന് അധിക്ഷേപിച്ചിരിക്കുന്നതുകൊണ്ടു് ഇതു ചന്ദ്രോപാലംഭമാണെന്നുള്ളതും സ്പഷ്ടംതന്നെ. എന്തിന്—പ്രകൃതശ്ലോകം, പണ്ഡിതരാജൻ തന്റെ രസഗംഗാധരത്തിൽ, ഗമ്യോപമയ്ക്കു കൊടുത്തിരിക്കുന്ന ഉദാഹരണത്തിന്റെ തൎജ്ജമയാണെന്നുകൂടി അറിയുമ്പോൾ അതിനെപ്പററി പിന്നെ വേറെ വല്ല സമാധാനത്തിനും വഴിയുണ്ടോ? നോക്കുക.

* "ക്വചിൽവ്യംഗ്യാപിചേയമുപമാ, അലങ്കാരോയഥാ—
"അദ്വതീയംരുചാത്മാനം മത്വാകീംചന്ദ്രദൃഷ്യസി
ഭ്രമണ്ഡലമിദംമൂഢ. കേനവാവിനിഭാലിതം"

കസ്യചിദ്വിദേശസ്ഥിതസ്യകിരണൈരാത്മാനംസന്താപയന്തം ചന്ദ്രംപ്രത്യേഷോക്തിഃ അത്രച,അസ്തിമമപ്രിയായാഃ കദാപിബഹിരനിൎഗ്ഗതായഃ അതഏവതത്വയാപ്യദൃഷ്ടായാഃ ആനനംതത്വസദൃശമിതിപ്രതീയമാനാഉപമാമൂഢപദേന ധ്വന്യമാനായാംചന്ദ്രവിഷയായാം വക്തൃഗതായാമസൂയായാം അലങ്കാരഃ." എന്നാണു ജഗന്നാഥപണ്ഡിതൻ പറഞ്ഞിരിക്കുന്നതു. എന്നാൽ—

"രജനീകരകാന്തികൊണ്ടെനി-
ക്കെതിരില്ലെന്നുനിനപ്പതോഭവാൻ
പൃഥിവീതലമാരിതാകവെ
പരിശോധിച്ചതുമോൎത്തുനോക്കുക"

എന്നിങ്ങിനേയോ മററൊ മൂഢപദം പ്രയോഗിക്കാതിരിക്കുന്ന പക്ഷം അസൂയാപ്രതീതിക്കവകാശമില്ലാത്തതുകൊണ്ടു വ്യംഗമായ ഉപമതന്നെ പ്രധാനമാകയാൽ അതു ധ്വനിയാകുന്നതുമാണ്. ഈ സംഗതി രസഗംഗാധരത്തിൽതന്നെ.

* ചിലേടത്തു ഈ ഉപമ വ്യംഗമായിട്ടുതന്നെ അലങ്കാരമാവുന്നു.

'രജനീകര—'ഇത്യാദിപദ്യം;

ഇതുതന്നെ കിരണങ്ങളെക്കൊണ്ടു സന്തപിപ്പിക്കുന്ന ചന്ദ്രനെക്കുറിച്ചു ഏതാണ്ടൊരു ദേശാന്തരസ്ഥിതന്റെ വാക്യാകുന്നു. ഇതിലാകട്ടെ, 'ഒരിക്കലും പുറത്തിറങ്ങാത്തവളും അതുകൊണ്ടു നീ കണ്ടിട്ടില്ലാത്തവളുമായ എന്റെ പ്രിയതമയുടെ മുഖം നിനക്കു സദൃശമായിരിക്കുന്നുണ്ടു്' എന്നിങ്ങിനെ പ്രതീയമാനമായ ഉപമ, മൂഢപദംകൊണ്ടു ധ്വനിക്കുന്ന ചന്ദ്രവിഷയമായ വക്താവിന്റെ അസൂയയിൽ അലങ്കാരംതന്നെ.

*"അദൃഷ്ടിതീയംത്വഷാത്മാനം ദൃഷ്ട്വാകീംചന്ദ്രവ്യസി
ഭൂമണ്ഡലമിദംസവ്വം കേനവാപരിശോധിതം"

അത്രമൂഢാദിപദാപ്രയോഗാൽ അസൂയാദേരപ്രതീത്യയാൽ മുഖ്യതയാഉപമൈവവ്യംഗ്യാ" എന്നിങ്ങിനെ വിളിച്ചുപറഞ്ഞിട്ടുമുണ്ടു. ആകയാൽ, "രജനീ—സുദൃഢംമൂഢനിരീക്ഷചെയ്യുതും" എന്നപദ്യത്തിൽ വാച്യാൎത്ഥത്തിനെ അപേക്ഷിച്ചു വ്യംഗമായ സാദൃശ്യത്തിനുള്ള പ്രാധാന്യത്തെ ആശ്രയിച്ചുമാത്രമാണ് അതിനെ ഉപമാധ്വനിക്കു ഉദാഹരിച്ചിരിക്കുന്നതു; അല്ലാതെ അസൂയയെ വിവക്ഷിച്ചിട്ടില്ല; എന്നോ മററൊ ഒരുവിധം പറഞ്ഞൊപ്പിക്കണമെന്നല്ലാതെ

ഉപമാധ്വനിക്കു മൂൎദ്ധാഭിഷിക്തമായ ഉദാഹരണമായി കരുതിക്കൂട എന്നാണ് എനിക്കു തോന്നുന്നതു. ശരിയായ ഉദാഹരണം—

"എതിരില്ലനമുക്കുകാന്തിയാൽ
ലിതിചിന്തിക്കുവതെന്തുയുക്തമോ?
ക്ഷിതിമണ്ഡലമൊക്കെയാരടോ
മതി!, ശോധിച്ചതുരമാത്തുനോക്കുക". (സ്വ)

ഈവകയാകുന്നു. ഈവകയെല്ലാം നിൎവ്വിവാദമായ ധ്വന്യുദാഹരണങ്ങളാണെന്നു സമ്മതിക്കാമെങ്കിലും ഇവിടേയും മുൻപറഞ്ഞ ഉപമാലക്ഷണത്തിന്നു പ്രാപ്തിയുണ്ടല്ലോ എന്നു മാശങ്കിക്കേണ്ട. അലങ്കാരസാമാന്യലക്ഷണത്തിൽ ധ്വനിഭിന്നത്വംനിവേശിച്ചു ധ്വനിക്കു അലങ്കാരത്വംതന്നെ ഇല്ലെന്നു വരുത്തീട്ടുണ്ടു. ഉപമാദിയായ അലങ്കാരവിശേഷലക്ഷണങ്ങളിലൊക്കയും സാമാന്യലക്ഷണം അന്വയിക്കുന്നുണ്ടെന്നു ധരിക്കണം. സാമാന്യലക്ഷണപ്രകാരം അലങ്കാരത്വമുണ്ടായിരിക്കെ വിശേഷ വിവേചനത്തിന്നായിട്ടല്ലേ ഉപമാദിലക്ഷണംതന്നെ പറയുന്നതു. അതുകൊണ്ടു അലങ്കാരലക്ഷണത്തിന്നു ധ്വനിയിൽ അതിവ്യാപ്തി വരുന്നതല്ല. ഏതായാലും ഈമാതിരിയുള്ള വിചാരങ്ങൾ ഇവിടെ നില്ക്കട്ടെ.

"ഉപമാനോപമേയങ്ങൾ വാചകംധൎമ്മമെന്നിവ
നാലിന്നുമുണ്ടുപാദാനമെന്നാലുപമപൂൎണ്ണയാം"

* എതിരില്ലനമുക്കുകാന്തിയാ-
ലിതിചിന്തിച്ചുമദിച്ചിടുന്നവോ;
ക്ഷിതിമണ്ഡലമാരിതാകവേ
മതി:ശോധിച്ചതുമോത്തുനോക്കുക,

ഇവിടെ മൂഢാദിപദം പ്രയോഗിക്കായ്കയാൽ അസൂയാദിക്കു പ്രതീതിയില്ലാത്തതുകൊണ്ടു ഉപമതന്നെയാണ് പ്രധാനവ്യംഗ്യം.

"മുഖം ചന്ദ്രബിംബംപോലെ മനോജ്ഞമാകുന്നു" എന്നിങ്ങ നെ ഒന്നിനു മറെറാന്നിനോടുള്ള സാദൃശ്യമാണല്ലോ ഉപമ. അതിന്നു ഉപമേയം, ഉപമാനം, സാധാരണധൎമ്മം, ഉപമാവാചകം എന്നിങ്ങി നെ നാലു് അംശങ്ങളുണ്ടു. പ്രകൃതത്തിൽ 'മുഖം' ഉപമേയവും, 'ചന്ദ്ര ബിംബം' ഉപമാനവും, മനോജ്ഞത്വം സാധാരണധൎമ്മവും, 'പോലെ' എന്നതു വാചകവുമാകുന്നു. ഏതിനെ ഉപമിക്കുന്നുവോ അതു ഉപമേയം (വർണ്ണ്യം); ഏതിനോടു ഉപമിക്കുന്നുവോ അതു ഉപമാനം (അവർണ്ണ്യം); ഉപമേയത്തിന്നും ഉപമാനത്തിന്നും സാദൃശ്യം ഏതൊരു ധൎമ്മംകൊണ്ടാ ണോ ആ ധൎമ്മം സാധാരണധൎമ്മം; അതായതു ഉപമേയത്തിലും ഉപമാ നത്തിലുമിരിക്കുന്നധൎമ്മം; വാചകം സാദൃശ്യത്തെ കുറിക്കുന്ന ശബ്ദം. ഈ നാലംശവും പറഞ്ഞിട്ടുണ്ടെങ്കിൽ അതു പൂൎണ്ണോപമയാകുന്നു. സാധാരണ ധൎമ്മമാകട്ടെ, അനുഗാമിയായും, ഉപചരിതമായും, കേവലശബ്ദാത്മക മായും ബിംബപ്രതിബിംബഭാവാപന്നമായും, ബിംബപ്രതിബിംബഭാ വകരംബിതമായ വസ്തുപ്രതിവസ്തുഭാവത്തെ ആശ്രയിച്ചും വരാവു ന്നതാണ്.

ഉപമാനത്തിലും ഉപമേയത്തിലും യോജിക്കുന്ന ധൎമ്മം അനുഗാമി—

ഉദാ— "വാഗൎത്ഥതുല്യം പിരിയാതെയുള്ള-
യോഗത്തൊടും ലോകപിതാക്കളായി
പേർകേട്ടഗൗരീപരമേശ്വരൎക്കായ്
വാഗൎത്ഥബോധം വരുവാൻതൊഴുന്നേൻ." (രഘുവംശം)

ഇവിടെ വാഗൎത്ഥങ്ങൾക്കു പാൎവ്വതീപരമേശ്വരന്മാരോടുള്ള ഉ പമയിലെ സാധാരണധൎമ്മമായ 'പിരിയാതെയുള്ളയോഗം' അതായ ത് നിത്യസംബന്ധം ഉപമാനത്തിലും ഉപമേയത്തിലും യോജിക്കുന്ന താണല്ലൊ.

ഉപചാരം=സാദൃശ്യലക്ഷണം. ആവൃത്തിയെ ആശ്രയിച്ചിരി ക്കുന്നതു് ഉപചരിതം. ലക്ഷണയെ വൃത്തിപ്രസ്താവത്തിൽ നിരൂപി ച്ചിട്ടുണ്ടല്ലൊ.

ഉദാ—"മരത്തിൽചാഞ്ഞകൊമ്പത്തു വിരക്തമുനിമാരുടെ
കരംപോലാർദ്രമാംചീരനിരതോരാൻവിരിച്ചതും (ചിത്രയോഗം)

ആർദ്രത ജലധൎമ്മമാണ്. ചേതസ്സിനുള്ള ധൎമ്മമല്ല, എങ്കിലും ഭയാൎത്ഥവിവക്ഷയാൽ ലക്ഷണയെ ആശ്രയിച്ചു പ്രയോഗിച്ചിരിക്കുന്നു.

വേറെ ഉദാ— "രംഭോരു,സത്യമന്യാ-
സംഭോഗംകൊണ്ടുനാൾകഴിക്കുന്നു
ദംഭോളികഠിനമാനസ-
നംഭോജാസ്യൻതവപ്രിയൻ മൂഢേ" (സ്വ)

ദംഭോളി കഠിനമാനസമെന്ന ഉപമയിൽ പാൎത്ഥിവധൎമ്മമായ കാഠിന്യത്തിന്നു ദയാരാഹിത്യത്താൽ ചേതസ്സിൽ ഉപചാരം.

കേവലശബ്ദാത്മകം=ശ്ലിഷ്ടം.

ഉദാ— സധാരാംബര,വൎഷാശ്രീ സമുദ്വൃത്തപയോധരാ
വിലാസവതിയെപ്പോലെ രസമേകുന്നുനോക്കുക. (സ്വ)

വൎഷാശ്രീ=മഴക്കാലശ്രീ; സധാരാംബര=ധാരകളോടുകൂടിയ ആകാശത്തോടുകൂടിയതു; ഉപമാനപക്ഷത്തിൽ, നല്ല ഹാരത്തോടും വസ്ത്രത്തോടും കൂടിയവൾ; സമുദ്വൃത്തപയോധര=നന്നായി വ്യാപിച്ചിരിക്കുന്ന മേഘങ്ങളോടുകൂടിയതു; ഉപമാനപക്ഷത്തിൽ, പീനോന്നതസ്തനഭരം: രസമേകുന്നു=ജലംതൂകുന്നു. ഉപമാനത്തിൽ രസിപ്പിക്കുന്നു എന്നൎത്ഥം ഇവിടെ വൎഷാശ്രീക്കും വിലാസവതിക്കും തുല്യമായി നിൎദ്ദേശിച്ചിരിക്കുന്ന ധൎമ്മം ശബ്ദംകൊണ്ടല്ലാതെ വാസ്തവത്തിലൊന്നല്ല. ആകയാൽ ഇതു കേവലശബ്ദാത്മകം. സമാസഭേദവും ശ്ലേഷത്തിൽതന്നെ ഉൾപ്പെടും.

ഉദാ— ഫുല്ലചെമ്പകഗൌരാഭശിരീഷസുകുമാരയാം
ഇപ്പുഷ്പവാടി ദയിതേ, ഭവതിക്കൊക്കുമോൎക്കുകിൽ"

ചെമ്പകപ്പൂപോലെ ഗൌരമായ ആഭയോടുകൂടിയവൾ; ചെമ്പകപ്പൂക്കളാൽ ഗൌരമായ ആഭയോടുകൂടിയതു എന്നും, ശിരീഷം പോലെ സുകുമാര, ശിരീഷത്താൽ സുകുമാര എന്നും സമാസഭേദം.

ഉപമാനോപമേയങ്ങളുടെ ധൎമ്മങ്ങൾ വാസ്തവത്തിൽ ഭിന്നങ്ങളാണെങ്കിലും സാദൃശ്യത്താൽ, ഒരു വസ്തുവിന്റെ വാസ്തവശരീരവും പ്രതിബിംബവുംപോലെ രണ്ടും ഒന്നുതന്നെയെന്നു കല്പിച്ചു വെവ്വേറെ എടുത്തു കാണിക്കുന്നതിനെയാണ് ബിംബപ്രതിബിംബഭാവമെന്നു പറയുന്നതു. ഉപമേയധൎമ്മം ബിംബവും ഉപമാനധൎമ്മം പ്രതിബിംബവുമാകുന്നുവെന്നാണ് ആലങ്കാരികസമ്പ്രദായം.

ഉദാ— "അഴക്കുനീക്കിക്കുളിയാൽ വിശുദ്ധി
മുഴുത്തവെൺപട്ടുമുടുത്തുഗൌരി
മഴയ്ക്കുശേഷംമലരാൎന്നകാശം
തഴച്ചഭൂവെന്നവിധംവിളങ്ങി" (കുമാരസംഭവം)

ഇവിടെ കുളിച്ചു വെൺപട്ടുടുക്കുകയെന്ന ഉപമേയധൎമ്മവും മഴയ്ക്കുശേഷം പൂത്തകാശം നിറഞ്ഞിരിക്കുക, എന്ന ഉപമാനധൎമ്മവും പരസ്പരം ഭിന്നമാണെങ്കിലും സാദൃശ്യത്താൽ ഒന്നായി കല്പിച്ചു നിൎദ്ദേശിച്ചിരിക്കുന്നതിനാൽ അവയ്ക്കു ബിംബപ്രതിബിംബഭാവം.

വേറെ ഉദാ— "കോമലാതപശോണാഭ്രസന്ധ്യാകാലസമാനനാം
കുങ്കുമാലേപനായിട്ടും കാഷായവസനൻയതി" (സ്വ)

ഉപമേയധൎമ്മമായ കുങ്കുമാലേപനത്വം, കാഷായവസനത്വം എന്നിവക്കും ഉപമാനധൎമ്മമായ കോമലാതപത്വം, ശോണാഭ്രത്വമെന്നിവയ്ക്കും തമ്മിൽ ബിംബപ്രതിബിംബഭാവം.

ബിംബപ്രതിബിംബഭാവം ആൎത്ഥമായുംവരാം.

ഉദാ—"മലയംപോലെയിപ്പാണ്ഡുവംശ്യീകാരൻതദഗ്രജൻ" (സ-1)

ആദ്യത്തെ ഉപമയിൽ, പാണ്ഡവന്മാൎക്കും ചന്ദനവൃക്ഷങ്ങൾക്കും തമ്മിലും രണ്ടാമത്തേതിൽ ധാൎത്തരാഷ്ട്രന്മാൎക്കും പാമ്പുകൾക്കും തമ്മിലും ബിംബപ്രതിബിംബഭാവം അൎത്ഥഗമ്യം. എന്നാൽ ബിംബപ്രതിബിംബങ്ങളിൽ ഏതെങ്കിലും ഒന്നിനെമാത്രം ശാബ്ദവും മറേറതിനെ ആൎത്ഥവുമാക്കുന്നതു ദോഷമാണ്. ഒന്നുകിൽ, രണ്ടും ശാബ്ദമായിരിക്കണം അല്ലെങ്കിൽ ആൎത്ഥം, എന്നാകുന്നു ആലങ്കാരികനിയമം.

ആകയാൽ— "തികവുററദൃഷ്ടനൊരുമട്ടകൈനില-
ക്കകമെത്തിയോടിമുറിയൊന്നിലേറവേ
പികവാണിയുണ്ടതിലിരിപ്പൊരോമലാൾ
പുകയാൽകറുത്തപുതുപൊൻവിളക്കുപോൽ"
(ഉമാകേരളം)

ഈവകയൊക്കെയും ദുഷ്ടംതന്നെ. ഇതിൽ ഉപമാനധൎമ്മമായ 'പുകയാൽ കറുത്ത' എന്ന പ്രതിബിംബത്തിനു ശരിയായി 'ശോകാകുല' എന്നോ മറേറാ ഉപമേയത്തിൽ ബിംബവും നിൎദ്ദേശിക്കേണ്ടതായിരുന്നു.

വസ്തുപ്രതിവസ്തുഭാവമെന്നതു് ഒരേധൎമ്മത്തെ പ്രതിയോഗി (ധൎമ്മി) ഭേദത്താൽ വെവ്വേറെ പൎയ്യായശബ്ദങ്ങളെക്കൊണ്ടു നിൎദ്ദേശിക്കുന്നതുതന്നെ. ഇതു ബിംബപ്രതിബിംബത്തോടു് ചേൎന്നിട്ടല്ലാതെ ശുദ്ധമായി സംഭവിക്കയില്ലെന്നാണ് ദീക്ഷിതരുടെ അഭിപ്രായം. അതായതു—ബിംബപ്രതിബിംബഭാവത്തിന്നു വിശേഷ്യമായോ, വിശേഷണമായോ, സമ്പുടകമായോ വരാം.

വിശേഷ്യമായി വരുന്നതിന്നു ഉദാ—

വിഷവല്ലികൾചൂഴ്ന്നുള്ള ദിവ്യൌഷധികണക്കവൻ
ദൎശിച്ചാൻ രാക്ഷസസ്ത്രീകൾ വളഞ്ഞീടിനസീതയെ" (സ-1)

'വളഞ്ഞീടിന' 'ചൂഴ്ന്നുള്ള' എന്നീ രണ്ടു പദങ്ങളും ഒരേ അൎത്ഥത്തെക്കുറിക്കുന്ന പൎയ്യായങ്ങളാകയാൽ വസ്തു പ്രതിവസ്തുഭാവാപന്നങ്ങളാകുന്നു. അതു ബിംബപ്രതിബിംബഭാവാപന്നങ്ങളായ രാക്ഷസസ്ത്രീവിഷവല്ലികൾക്കു വിശേഷ്യമായിട്ടാണിരിക്കുന്നതു.

വിശേഷണമായ്വരുന്നതിന്നു—

"ചലൽഭ്രമരപത്മാഭം ലോലനേത്രം തവാനനം
അലക്ഷ്യമാകിലക്കാമനലമെന്നെക്കുഴക്കുമേ" (സ്വ)

ചലനവും ലോലത്വവും വാസ്തവത്തിൽ ഒന്നുതന്നെയായിരിക്കെ പ്രത്യേകം രണ്ടുശബ്ദങ്ങളെക്കൊണ്ടു നിർദ്ദേശിച്ചിരിക്കയാൽ വസ്തുപ്രതിവസ്തുഭാവം. ആയതു ഭ്രമരനേത്രങ്ങളുടെ ബിംബപ്രതിബിംബഭാവത്തിന്നു വിശേഷണമായി സ്ഥിതിചെയ്യുന്നു.

സംപുടകത്തിന്നു—

"സ്വച്ഛവസ്ത്രാന്തരാലക്ഷ്യസുന്ദരീകുചസന്നിഭം
നോക്കുകീശുഭ്രമേഘാന്തഃസ്ഫുടമാമിന്ദുമണ്ഡലം" (സ്വ)

ഇതിൽ വിശേഷണമായ ശുഭ്രതയ്ക്കും സ്വച്ഛതയ്ക്കും തമ്മിലും, വിശേഷ്യമായ അന്തഃസ്ഫുടതയ്ക്കും അന്തരാലക്ഷ്യതയ്ക്കും തമ്മിലും വസ്തുപ്രതിവസ്തുഭാവം. മേഘത്തിന്നും വസ്ത്രത്തിന്നും തമ്മിൽ ബിംബപ്രതിബിംബഭാവം. ആയതു, രണ്ടുഭാഗത്തുമുള്ള വസ്തുപ്രതിവസ്തുഭാവത്താൽ സംപുടിതമായിരിക്കുന്നു.

ബിംബപ്രതിബിംബങ്ങളിൽ ഏതിന്റെയെങ്കിലും ഒരു വിശേഷണം ശാബ്ദമായും മറേറതു അർത്ഥഗമ്യമായും വരാം.

മുൻപറഞ്ഞ പദ്യത്തെത്തന്നെ—

"സ്വച്ഛവസ്ത്രാന്തരാലക്ഷ്യസുന്ദരീസ്തനസന്നിഭം
നോക്കുകീശാരദാഭ്രാന്തഃസ്ഫുടമാമിന്ദുമണ്ഡലം"

എന്നാക്കിയാൽ ഉദാഹരണമാവും. ഇതിൽ ശുഭ്രത്വം ശാരദശബ്ദാർത്ഥത്താൽ ഗമ്യമാകുന്നു.

വാസ്തവത്തിൽ വസ്തുപ്രതിവസ്തുഭാവം ശുദ്ധമായും സംഭവിക്കും. പക്ഷെ സുലഭമല്ലെന്നേയുള്ളു.

ഉദാ—

"നിഷ്കളങ്കേന്ദുവെപ്പോലെ നിർമ്മലം തന്വി നിൻമുഖം" (സ്വ)

ഇത്യാദിയിൽ, നിഷ്കളങ്കശബ്ദവും നിർമ്മലശബ്ദവും ബോധിപ്പിക്കുന്നതു വൈമല്യമെന്ന ഒരേധർമ്മത്തെയാകയാൽ വസ്തുപ്രതിവസ്തുഭാവത്തിന്നല്ലാതെ ബിംബപ്രതിബിംബഭാവത്തിന്നവകാശമില്ല. ആക്ഷിപ്തമായ മനോജ്ഞത്വാദി ധർമ്മംകൊണ്ടുതന്നെ ഉപമയെ നിർവ്വഹിക്കാവുന്ന സ്ഥിതിക്കു സാധാരണധർമ്മം വൈമല്യമാണെന്നു പറഞ്ഞിട്ടാവശ്യമില്ലെന്നു ആക്ഷേപിക്കുന്നപക്ഷം എല്ലാദിക്കിലും അങ്ങിനെ ചെയ്യാവുന്നതാകയാൽ വസ്തുപ്രതിവസ്തുഭാവത്തിന്റെ കാര്യംതന്നെ ദത്തജലാംജലിയായ്പരിണമിക്കും. എന്നിങ്ങനെ മററുചിലർ അഭിപ്രായപ്പെടുന്നു.

ഇവ ഒന്നിനൊന്നു കലൎന്നും കാണപ്പെടും. ഏതാനും ചിലതു് ഉദാഹരിക്കാം—അനുഗാമിത്വബിംബപ്രതിബിംബഭാവമിശ്രണത്തിന്നു—

"വൻഭീമസൌമ്യേശ ഗുണങ്ങളുള്ളാ-
ഗ്ഗംഭീരനാൾക്കാക്കൊരധൃഷ്യനായും
സംപ്രാപ്യനായും ജലജന്തുരത്ന-
സമ്പൂൎണ്ണമാം വാരിധിപോലെയായി" (രഘുവംശം)

ഇവിടെ ഭീമസൌമ്യഗുണങ്ങൾക്കും ജലജന്തുരത്നങ്ങൾക്കുമുള്ള ബിംബപ്രതിബിംബഭാവത്തെ ആശ്രയിച്ചു അനുഗാമിയായ അധൃഷ്യത്വവും സമ്പ്രാപ്യത്വവും സാധാരണധൎമ്മമായി സ്ഥിതിചെയ്യുന്നു.

ബിംബപ്രതിബിംബഭാവകരംബിതമായ വസ്തുപ്രതിവസ്തുഭാവത്തിന്നും അനുഗാമിതയ്ക്കുമുള്ള മിശ്രണത്തിന്നു—

"പരമവർതമ്മിൽച്ചേൎന്നാ വരരഘുവംശത്തിലാഭചേൎത്തുമുദാ
സുരവരസുരുചിരവിപിനേ തരമൊട്ടമിടചേൎന്നൃതുക്കളെന്നവിധം"
(രഘുവംശം)

ഇതിലെ രാമലക്ഷ്മണാദികൾക്കും ഋതുക്കൾക്കുമുള്ള ഉപമയിൽ, 'തമ്മിൽചേൎന്ന്' 'ഇടചേൎന്ന്' എന്നിവയ്ക്കുള്ള വസ്തുപ്രതിവസ്തുഭാവത്തെ ആശ്രയിച്ചുനില്ക്കുന്ന, 'ആഭചേൎക്കുക' എന്ന അംശം അനുഗാമിയാകുന്നു. രഘുവംശത്തിന്നും നന്ദനവനത്തിന്നും തമ്മിൽ, ബിംബപ്രതിബിംബഭാവമാണെന്നും കണ്ടുകൊൾക.

ശ്ലേഷാനുഗാമിത്വമിശ്രണത്തിന്നു—

ഉദാ— സന്ധ്യാരാംബര, വൎഷാശ്രീ സമുദപൃത്തപയോധരാ
വിലാസവതിയെപ്പോലെ വിലസുന്നുമനോഹരം. (സ്വ)

ഇതിൽ അന്ത്യപാദത്തിൽ പറഞ്ഞിരിക്കുന്ന അംശം അനുഗാമിയും ബാക്കിയുള്ളതു ശ്ലിഷ്ടവുമാകുന്നു.

ശ്ലേഷോപചാരമിശ്രണത്തിന്നു.

"സന്ധ്യാരാംബരവൎഷാശ്രീ സമുദപൃത്തപയോധരാ
വിലസാവതിയെപ്പോലെ കൺകളപ്പിച്ചിട്ടുന്നിതാ" (സ്വ)

കൺകുളപ്പിച്ചിടുകയെന്നതു ഉപചാരം. ഇങ്ങിനെ പലതരത്തിലും സംഭവിക്കും. അവയെല്ലാം സ്വയമൂഹിച്ചുകൊൾക. ഗ്രന്ഥവിസ്തരഭയത്താൽ ഇവിടെ എടുത്തുകാണിക്കുന്നില്ല. (തുടരും)

കുതിരാശി. പി. കൃഷ്ണൻനായർ, വ്യാകരണസാഹിത്യശിരോമണി.

# * നചികേതസ്സ്.

ഖണ്ഡനാടകം.

(വിദ്യാർത്ഥികൾക്ക് )

ഭാനപ്രസ്താവന.

ഒന്നാം രംഗം.

നാന്ദി.

പദ്യം. 1. സ്കന്ദൻ സ്തനന്ധയനഹോ! കുചകുംഭഹാരം
മന്ദംകരാംഗുലികൾകൊണ്ടു വലിച്ചിഴക്കേ;
ഒന്നംബപുഞ്ചിരിചൊരിഞ്ഞുവിട്ടും മുലപ്പാൻ-
സ്യന്ദംനമുക്കു പരിതൃപ്തിപരംതരട്ടെ.

സൂത്രധാരൻ.

"പാലഭിഷേകം പളനിമല" മട്ട്,

പദം. 1. പാദലോലും ഭാഷിണി! പരകൃപാഭൂഷിണി!
പാഹിശർവ്വാണി! പരമകല്യാണി!
മൂലോകകാരിണി! മൌക്തികധാരിണി!
മൂകാംബെ! നീയാണി-ങ്ങാശ്രയം വാണി!
വീണാവിനോദിനി! കാണാസ്വരേണം നിൻ-
ശോണാംഭോജമേനി ശങ്കരറാണി!
ബാലരാം ഞങ്ങളെ പാലിക്ക മംഗളേ!
നീലാളകുന്തളേ! നിർമ്മലശീലേ!

മാന്യമഹാന്മാരേ, കഠോപനിഷൽകഥാവസ്തുവായ ഒരു ചെറിയ നാടകകലകൊണ്ടു് വിദ്യാർത്ഥികളായ ഞങ്ങൾ ഭവാന്മാരെ ആരാധിക്കുന്നു. തെററുവീഴ്ചകളിൽ ഞങ്ങളെ താങ്ങുവാൻ ഞങ്ങളുടെ അമ്മ ഭവാന്മാരുടെ ക്ഷമതന്നെ; ഭാവിശ്രേയസ്സിന്നു് ഞങ്ങളുടെ അപ്പൻ ഭവാന്മാരുടെ അനുഗ്രഹംതന്നെ.

(അണിയറയിൽ) ശരി! മാന്യസ്സേറിതി! ശരി!! സഖേ! മൌൽഗല! വിദ്യാർത്ഥികളായ നമുക്കു് മഹാന്മാരുടെ ക്ഷമയും അനുഗ്രഹവും തന്നെയാണു് അമ്മയപ്പന്മാർ. എന്നാൽ "ക്ഷമ അനുഗ്രഹം ക്ഷമ അനുഗ്രഹം" എന്നു പറഞ്ഞതുകൊണ്ടു മാത്രം അവ സാധിക്കുമോ?

പദ്യം. 2. ശുദ്ധയാം ബുദ്ധിയിൽത്തിങ്ങും-
ശ്രദ്ധയാണേതു കാര്യവും;
ബദ്ധകൌതൂഹലം ശീഘ്രം
സിദ്ധമാക്കുന്നു മത്സഖേ!

* നീലേശ്വരം രാജാസ്സ് ഹൈസ്കൂൾ വിദ്യാർത്ഥികളാൽ രംഗത്തിൽ പ്രയോഗിക്കപ്പെട്ടു.

സൂത്ര:—(തിരിഞ്ഞ് അണിയറ നോക്കിക്കൊണ്ട്)

ഏയ്! എന്താശ്ചര്യം എന്റെ പ്രിയ സ്നേഹിതൻ ഇത്രവേഗം വേഷം അണിഞ്ഞ് ഇങ്ങട്ട് എത്തിക്കഴിഞ്ഞുവൊ? (സഭ നോക്കിക്കൊണ്ട്)

മാന്യസഭ്യരെ! എന്റെ സ്നേഹിതൻ ഒരു വിദ്യാർത്ഥി "നചികേതസ്സ്" എന്ന ഋഷികുമാരന്റെ വേഷം അണിഞ്ഞു വരികയാണ്. അതുകൊണ്ട് ഞങ്ങൾ രണ്ടുപേരും ഇപ്പോൾ പണ്ടത്തെ ഋഷികലത്തിലെ വിദ്യാർത്ഥികളായിത്തീർന്നിരിക്കുന്നു—എങ്ങിനെയെന്നാൽ—

പദ്യം. 3. അങ്ങു വീട്ടിലിരിക്കുമ്പോൾ
ഞങ്ങളമ്മന്മക്കളാം
ഇങ്ങു വിദ്യാലയത്തിങ്കൽ
ഞങ്ങളാചാര്യപുത്രരാം.

ഇതുപോലെയാണ് ഇപ്പോൾ ഞങ്ങൾ പണ്ടത്തെവിദ്യാർത്ഥികളായത്. ഭഗവാൻ ഉദ്ദാലകമഹർഷിയുടെ ശിഷ്യന്മാരാണ് ഞങ്ങൾ. (അണിയറനോക്കി)

പ്രിയവയസ്യ! നചികേതസ്സേ! അങ്ങുന്ന് മറവിൽനിന്നുകൊണ്ട് ഏതൊരു ശ്രദ്ധയെയാണ് ഉൽഘോഷിക്കുന്നത്?

നചികേതസ്സ്:—(അണിയറയിൽ) ഛെ! മറവിൽനിൽക്കയോ!

പദ്യം. 4. അത്യർത്ഥപാപം കപടാഭിമാന-
കൃത്യത്തിരശ്ശീലയെ നീക്കിവേഗം;
പരാർദ്ധ്യം ജഗത്തിന്നമൃതിന്നുതുല്യം
സത്യത്തിനിശ്രദ്ധപുറപ്പെടേണം.

(പ്രവേശിക്കുന്നു)

"ആണ്ടിപ്പണ്ടാരം" മട്ട്.

പദം. 2. ആണിന്നാണത്തം, സത്യംകാണിക്കെന്നതാം
മഹിയിൽ— ആണിന്നാ—
ശോണാംബുജമുഖനേ! പ്രാണസമസഖനേ!
പ്രാണികൾപെററുംചത്തുംപോകുമുലകിലെന്നും
(ആണിന്നാണത്തം)

മൌൽഗലൻ:—സഖേ! സ്വാഗതം (കൈ കൊട്ടുകുന്നു.)

നചികേ:—സഖേ! മൌൽഗല! സ്വാഗതം. സ്വാഗതം.

മൌൽഗലൻ:—സഖേ! യാദൃച്ഛികമായ ഭവാന്റെ ആഗമനം ഞങ്ങൾക്ക് പ്രഭാതകാലമാണ്.

പദ്യം. 5. ഒട്ടംവിചാരിയാതേ
കിട്ടുംമൽസ്നേഹിതന്റെവരവിപ്പോൾ
നട്ടുച്ചയിലൊരു നന്മഴ-
തട്ടുംതരുവിൻപ്രഹർഷമിങ്ങേകി.

സഖേ! നചികേതസ്സേ! ഭഗവാൻ ഉദ്ദാലകൻെറ പുണ്യാശ്രമത്തിൽ നവരാത്രി മഹോത്സവം കഴിഞ്ഞുശേഷം പുതിയ വിദ്യാരംഭകാലമല്ലയോ ഇപ്പോൾ.

നചികേ:—പിന്നയോ! ആ കഥ പറയുവാൻ സാധിക്കുമോ?

പദ്യം. 6. ലോകംഭരിപ്പതിനുവൃഷ്ടിയിൽമുങ്ങിനിന്ന-
ശാകംഭരീശ്വരിപരംനവരാത്രികാലം;
മൂകന്നുമുജ്ജ്വലസരസ്വതിയാകവേ, യ-
സ്സോകംമഹർഷിമഹിമക്കവസാനമുണ്ടോ?

മൌൽഗലൻ:—വാസ്തവം. മഹാന്മാരായ ഋഷിമാരുടെ മുഖപത്മങ്ങളിലല്ലയോ വാഗ്ദേവതയുടെ വിലാസം. ഈ കാലത്ത് കുലപതിയുടെ ആശ്രമം വിട്ട് എന്തിനാണ് ഭവാൻ ഇങ്ങട്ടുപോന്നത്?

നചികേ:—അതോ! കേൾക്കു.

പദ്യം. 7. "വാജശ്രവസ"നെന്നച്ഛൻ
ഓജസ്വിധനമൊക്കയും;
ഭ്രാജത്സ്വർഗ്ഗംലഭിപ്പാൻ നി-
വ്യാജം വിപ്രക്കുനൽകയാം.

അച്ഛൻ സർവസ്വദാനംചെയ്യുന്ന ആ പുണ്യദിനം ഈ വരുന്ന പൌർണ്ണമാസിയാണ്. കുലപതിഭഗവാൻ ഉദ്ദാലകൻതന്നെയാണ് അതിന്നായി എന്നെ പറഞ്ഞയക്കുന്നത്.

മൌൽഗലൻ:—ഹോ! ഹോ! അങ്ങനെയാണോ? എന്നാൽ ഭവാൻെറ യാത്ര ശുഭമായ്ഭവരട്ടെ.

ഞാൻ ആശ്രമത്തിലേക്കുതന്നെ തിരിക്കാം.

നചികേ:—അങ്ങിനെതന്നെ. (രണ്ടുപേരും പോയി).

---

ആത്മവഞ്ചനം,

രണ്ടാംരംഗം.

(ബ്രാഹ്മണഹർമ്മ്യം.)

വാജശ്രവസൻ ആനന്ദഭൈരവി ചെമ്പട.

പദം. 3. ധന്യരിലധികം ധന്യനായി
ധരണിയിൽഞാനേമാന്യനായീ, (ധന്യ)
അന്നനുവിത്തങ്ങൾവന്നൊൻസ്വായത്തങ്ങൾ;
പൊന്മണിഭണ്ഡാരങ്ങൾ (ധന്യ)
ഇന്ദ്രനുംയാഗംതീററിയെന്നധീനനാംപോററി;
മന്നിൽഞാൻവിണ്ണോന്നേററീ. (ധന്യ)

സർവ്വസ്വദാനത്തിന്നു വേണ്ടുന്ന വട്ടമെല്ലാം ഒരുങ്ങിക്കഴിഞ്ഞു. ഹോമം, പൂജ മുതലായ കർമ്മങ്ങൾ മുറയ്ക്കു നടക്കുന്നു. എന്തൊരു തിരക്കാണ് ആ ഹോമശാലയിൽ!

പദ്യം. 8. മന്ത്രജ്ഞരാമൃഷികൾ ചെയ്തിതുമൌനവാസം,
തന്ത്രജ്ഞർചെയ്‌വുവിമലംപലകർമ്മജാലം;
പന്ത്രണ്ടുകല്പമിനി വിണ്ണതിലെന്നൊന്നിത്തും-
യന്ത്രങ്ങളാണിവ,രെനിക്കിനിയെത്രസൌഖ്യം!

പന്ത്രണ്ടു കല്പകാലം ഞാൻമാത്രം സ്വർഗ്ഗത്തിലിരുന്നാൽ മതിയാവില്ല. എന്റെ ധർമ്മപത്നിയും, പ്രിയവത്സൻ നചികേതസ്സും കൂടി എന്നോടൊപ്പമിരിക്കണം. അതുകൊണ്ട് പത്നീസമേതനായി ദാനം വിധിയാംവണ്ണം കഴിച്ചേക്കാം—അല്ല! എന്റെ പ്രിയവത്സന്റെ അമ്മ എവിടെ പോയി?

(വിളിക്കുന്നു) ആര്യേ!

(അണിയറയിൽ) പത്നി:—അങ്ങുന്ന് എന്തിനാണ് ഭാഗ്യമില്ലാത്ത എന്നെ അന്വേഷിക്കുന്നത്?.

വാജശ്രവസൻ:—ആര്യേ! ഇതെന്തുകഥ!! ഭവതിയെപ്പോലെ ഭാഗ്യമുള്ള കുലസ്ത്രീകൾ ആരാണ് ഉള്ളത്?

പദ്യം. 9. അമ്പമ്പോ! പലധാന്യരാശിവിളയും
കണ്ടങ്ങൾ, പണ്ടങ്ങളും
വമ്പത്യന്തമെഴുന്ന രാജസദനം
വെല്ലുന്നൊരീയില്ലവും;
കൊമ്പൻകാളകൾ നൂറുകോടി,യതിലൊ-
ന്നേറുന്നൊരീ പൈക്കളും
നിൻപക്കൽ ധനമാ,ണിതെന്തുവെറുതേ
നിർഭാഗ്യയാകുന്നുനീ.

പത്നി (പ്രവേശിച്ച്) ഹോ! ഹോ! ഇതെല്ലാം എന്റെപക്കൽ നിത്തുവാനുള്ള പുറപ്പാടല്ലേ ഈ കാണുന്നത്.

വാജ:—എന്തെ! ഭവതിയുടെ വിചാരം? സർവ്വസ്വദാനം ചെയ്യാൻ പാടില്ലെന്നോ?

പദ്യം. 10. കട്ടതസൂര്യൻ കനകക്കരത്തേ
കൊട്ടത്തെട്ടപ്പൂ ഹരിനീലമേഘം;
മടിപ്പതെന്തിന്നു വൃഥാ കൊടുപ്പാൻ;
കൊടുക്കിലേകിട്ടുകയുള്ളു ബാലേ!

പത്നി.

പദ്യം. 11. ഉള്ളതെല്ലാംകൊടുത്തീടിൽ
പിള്ളർതൻ പള്ളവേദന;
തള്ളയ്ക്കില്ലാതെന്തുബന്ധ-
മുള്ളതത്ഥന്നുമക്കളിൽ.

ഉള്ളതെല്ലാം കൊടുത്തേക്കണം. പിന്നെ അമ്മക്കും മക്കൾക്കും ആകാശം നോക്കിയിരിക്കുകയും ചെയ്യാം.

വാജശ്ര:—ആശ്ശേ! ഭവതി ഒരു പടുവിഡ്ഢിതന്നെയാണ്. തന്നെകെട്ടാത്തമന്ത്രംകൊണ്ടു നടക്കുന്നവനാണോ ഈ വാജശ്രവസൻ! ദ്രവ്യം ഉണ്ടായാൽ തന്റെ അഭിമാനത്തിനും, കീർത്തിക്കും വേണ്ടി കുറേയെല്ലാം ദാനംചെയ്തുവെന്നു വരുത്തണം. ലൌകികത്തിന് അങ്ങനെയെല്ലാംവേണ്ടിവരും.

പദ്യം. 12. "ലോകത്തിൻകണ്ണുമൂടാനായ്
ത്യാഗി"യെന്നുനടിക്കണം;
ഭോഗംലഭിപ്പതിമട്ടു
ലൌകികത്തിൻപകിട്ടിലാം.

ഭവതി ഒട്ടും അന്ധാളിക്കേണ്ട. ദാനത്തിന്നു ഒരുങ്ങുമ്പോൾ കാണാം വാജശ്രവസന്റെ പകിട്ട്.

(അണിയറയിൽ)

ദാനംചെയ്യിപ്പാൻ പുരോഹിതനും വാങ്ങുവാൻ ബ്രാഹ്മണരും പുറന്തളത്തിൽ ഒരുങ്ങിനിൽക്കുന്നു—ആര്യൻ പത്നീസമേതനായി ഇങ്ങട്ട് എഴുന്നള്ളണം—

വാജ:—ഹൊ! ഹൊ! എല്ലാം ഒരുങ്ങിക്കഴിഞ്ഞുവോ! വത്സൻ നചികേതസ്സെവിടെ.

(അണിയറയിൽ) ആയുഷ്മാൻ നചികേതസ്സ് ഇവിടെതന്നെയുണ്ട്.

പദ്യം. 13. അശ്രമംസർവദാനത്താൽ
വിശ്രമിക്കേണ്ടൊരത്ഥനേ;
പ്രശ്രയാൽ നചികേതസ്സു
സശ്രദ്ധം കാത്തുനിൽക്കയാം.

വാജ:—ആശ്ശേ! ഇനി താമസിപ്പാൻ പാടില്ല. വരൂ!

രണ്ടുപേരും പോയി.

(തുടരും)

നീലേശ്വരം. കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്.

—

# പഴഞ്ചൊൽകഥകൾ. (തുടൎച്ച)

"നിങ്ങൾക്കും കാരണവരുണ്ടെങ്കിൽ എനിക്കു ചാമവിത്തുവേണ്ടാ".

ഒരിക്കൽ ഒരു മാപ്പിള പുതുമഴ പെയ്തു ഉടനെ ഒരു നായർ തറവാട്ടിൽ ചെന്ന് കുറെ ചാമവിത്തു കടംകിട്ടിയാൽ കൊള്ളാമെന്നാവശ്യപ്പെട്ടു. മാപ്പിള കണ്ട ആൾ തറവാട്ടിലെ ഏഴാമത്തെയോ എട്ടാമത്തെയോ അനന്തിരവനായിരുന്നു. കാൎയ്യം പറഞ്ഞ ഉടനെ നായർ, മാപ്പിളയോട് ചാമവിത്ത് എത്രവേണമെന്നും, എന്നേക്കു മടക്കിത്തരുമെന്നും, എവിടെയാണ് കൃഷിചെയ്വാൻ വിചാരിക്കുന്നതെന്നും, എത്ര ഏക്കർ സ്ഥലത്തേക്കാണെന്നും, ആ കൃഷിക്ക് ആകെ എന്തുചിലവു വേണ്ടിവരുമെന്നും മററും ആവശ്യമുള്ളതും ഇല്ലാത്തതുമായ പല ചോദ്യങ്ങളും ചോദിച്ചതിന്നു മാപ്പിള ഉത്തരം പറഞ്ഞു കഴിഞ്ഞ ഉടനെ ആട്ടെ, "കാരണവരുണ്ട് വളപ്പിലേക്കുപോയിട്ട്; അദ്ദേഹത്തിനെക്കണ്ട് ചോദിക്കാനായി പറഞ്ഞുപിരിഞ്ഞു. മാപ്പിള കാരണവരേയും തേടിപ്പോയി. ചെന്നപ്പോൾ മൂപ്പനും മുൻപറഞ്ഞപ്രകാരം പലവിധചോദ്യങ്ങളും ചോദിച്ച് കാൎയ്യം ഗ്രഹിച്ച ഉടൻ, കാരണവരുണ്ട് കുളിക്കുന്നു. അദ്ദേഹത്തിനേക്കണ്ട കാൎയ്യം സാധിക്കു എന്നുപറഞ്ഞു യാത്രയാക്കി. കടംകൂടാതെ കഴിയില്ലല്ലോ എന്നു വിചാരിച്ച് ആ കാരണവരേയും മാപ്പിള ചെന്നുകണ്ടു. അദ്ദേഹവും തൻെറ വക ചോദ്യങ്ങളെക്കൊണ്ട് സമയം കുറെ കഴിച്ചുവെന്നല്ലാതെ ചാമവിത്തു കൊടുപ്പാനാളാകാതെ തൻെറ മൂത്തജ്യേഷ്ഠനുള്ളേടത്തേക്കയച്ചു. അവിടെ ചെന്നപ്പോഴും തഥൈവ. ഇങ്ങിനെ അഞ്ചാറുവട്ടം നടന്നു ബുദ്ധിമുട്ടിയും ഇവരുടെ ചോദ്യങ്ങൾക്കുത്തരംപറഞ്ഞു മുഷിഞ്ഞും താൻ വന്നകാൎയ്യമേതും സാധിക്കാഞ്ഞപ്പോൾ പിന്നെക്കണ്ട കാരണവരോട് കണ്ടനിമിഷത്തിൽ പറഞ്ഞതിങ്ങിനെയാണ്:—"ഞാൻ കുറച്ചു ചാമവിത്ത് കടം ചോദിപ്പാൻ വന്നതാണ്. നിങ്ങൾക്കും കാരണവരുണ്ടെങ്കിൽ എനിക്ക് ചാമവിത്ത് വേണ്ടാ". ആകപ്പാടെ കിട്ടാൻ പോകുന്നത് കടമായി കുറെ ചാമവിത്താണ്; അതുതന്നെയും പലിശയോടുകൂടി കൊയ്ത്തു ഉടൻ മടക്കിക്കൊടുക്കാമെന്ന നിശ്ചയത്തിന്മേലും, അതിന്നായി ഇത്രവളരെ ആളെ കാണുകയും അവരുടെയെല്ലാം ചോദ്യങ്ങൾക്ക് മറുവടിപറകയും ചെയ്തുകഴിഞ്ഞിട്ടും കടം കിട്ടാത്ത നിരാശകൊണ്ടാണ് മാപ്പിളക്കങ്ങിനെ തോന്നിയത്. ഇപ്പോൾ ചില ഐക്യനാണയസംഘങ്ങളിൽനിന്ന് കടം വാങ്ങേണ്ടിവരുമ്പോഴത്തെ ജാമ്യക്കാരെ സമ്പാദിക്കലിൻെറയും, കടഹരജിയുണ്ടാക്കുന്നതിൻെറയും, പഞ്ചായത്തുതീൎപ്പിൻെറയും, എന്നിട്ട് യൂനിയൻ മുഖാന്തരം ബാങ്കിലേക്ക് കടഹരജിയയയ്ക്കുന്നതിൻെറയും, അവരുടെ യോഗം കൂടലിൻെറയും അനുവദിക്കുന്നതിൻെറയും ചടങ്ങുകളെക്കുറിച്ച് കേട്ടപ്പോൾ ഒരു ഗ്രാമസംഘത്തിലെ മെമ്പർ പറഞ്ഞുകേട്ടതാണ് മേലെഴുതിയ പഴമൊഴി.

"കുറഞ്ഞൊരു കൈക്രിയകൂടി വേണ്ടിവന്നു."

നാട്ടുകാരുടെയെല്ലാം ജാതകംനോക്കി ആയുസ്സു കണക്കാക്കിപ്പറയുന്ന ഒരു കണിയാർപണിക്കരുടെ അമ്മയ്ക്കു് ദീനമായപ്പോൾ ദേശത്തുള്ള ചില രസികന്മാർ പണിക്കരുടെ അമ്മയുടെ മരണമെന്നാണെന്നു് ഒന്നു ചിന്തിപ്പാനായി പറഞ്ഞു. പണിക്കർ ഉടൻതന്നെ ജാതകം പരിശോധിച്ചു് ആയുർഭാവം ഗണിപ്പാൻ തുടങ്ങി. ഒടുവിൽ, ഇന്നമാസം ഇത്രാംനു-ക്ക് മരിക്കുമെന്നായ്ക്കണ്ടിരിക്കുന്നാവെന്നും പറഞ്ഞു. അങ്ങിനെ സംഭവിച്ചാൽ പണിക്കരുടെ അമ്മ മരിച്ചു ശവസംസ്കാരം, ശേഷക്രിയ മുതലായവക്കുവേണ്ടുന്ന ധനസഹായം ദേശക്കാര് എല്ലാവരുംകൂടി ചെയ്തുകൊള്ളാമെന്നും ഏററുപറഞ്ഞു. എന്നാൽ സംശയിക്കേണ്ട ആ ദിവസം ഇത്രനാഴിക ഇത്ര വിനാഴികക്കായിരിക്കും മരണം, അപ്പോഴക്കും ശവസംസ്കാരത്തിന്നും മററും സഹായിപ്പാനായി ദേശക്കാർ വന്നുചേരാൻ തയ്യാറായിക്കൊള്ളേണമെന്നും പണിക്കർ തീർത്തു പറഞ്ഞു. നിശ്ചിതദിവസം വന്നു. പണിക്കരുടെ അമ്മക്ക് യാതൊരു ഭാവഭേദവും കണ്ടില്ല. പണിക്കർ നാഴികയെണ്ണിത്തുടങ്ങി അതാ ഗണിച്ചസമയവും അടുത്തു. നാഴികകഴിഞ്ഞു വിനാഴികയേ ഇനി എണ്ണാനുള്ളൂ. അമ്മ മരിച്ചിട്ടില്ലെങ്കിൽ പണിക്കർ ചീത്തപ്പെട്ടുമല്ലൊ എന്നു് ഓർത്തു കുണ്ഠിതപ്പെട്ടു. പണിക്കർ കുറേ ദൈവങ്ങളേയും ഗുരുനാഥനേയും സ്മരിച്ചു് മാറത്തു കയ്യുംവെച്ചു് അങ്ങോട്ടുമിങ്ങോട്ടും വെറുപ്പോടെ നടത്തമായി. ഉമ്മറത്തുവന്നുനോക്കിയപ്പോൾ, കുറെ അകലെനിന്നു് ചിലർ പണിക്കരുടെ വീട്ടിലേക്ക് വരുന്നതു കാണായി. "ദുഷ്ടമേ! ജനങ്ങൾ നമ്മുടെ ജ്യോതിഷമെത്രത്തോളം ഫലിച്ചുവെന്നറിവാൻ വരുന്നുവല്ലൊ" എന്നും കരുതി ഉടൻ അവശപ്പെട്ടു കിടക്കുന്ന അമ്മയുടെ അടുത്തുചെന്നു് "അമ്മേ, ജാതകം ഞാൻ നല്ലപോലെ പരിശോധിച്ചപ്പോൾ അമ്മയുടെ ആയുസ്സിന്നൊത്തോടെ അവസാനിക്കുമെന്നു കണ്ടിരിക്കുന്നു. ജ്യോതിഷം പിഴപ്പിച്ചാൽ ഗുരുനാഥനും ദേവന്മാരും ശപിക്കും. അതിനാൽ അമ്മ ഒന്നു പ്രസാദിക്കു" എന്നും പറഞ്ഞു് മൂപ്പൻപണിക്കത്ത്യാരുടെ കഴുത്തുപിടിച്ചു് മുറുകെ ഞെക്കി കഥ മുഴമിച്ചു. കുറെ പിടഞ്ഞുവെങ്കിലും മരിച്ചുകഴിഞ്ഞ ഉടനെ പണിക്കർ സമാധാനത്തോടെ പുറത്തുവന്നപ്പോഴെക്ക് ദേശക്കാരിൽ ചിലർ പുറത്തു മുററത്തോളം എത്തിട്ടുണ്ടായിരുന്നു. "എന്താ പണിക്കരെ, പണിക്കരുടെ ജ്യോതിഷമൊത്തുവോ?" എന്നു ചോദിച്ചതിന്നു പണിക്കർ തൊഴുതുകുമ്പിട്ട് എൻെറ യോഗ്യതകൊണ്ടൊന്നുമല്ല. ശാസ്ത്രം നിമ്മിച്ചത് സാക്ഷാൽ സുബ്രഹ്മണ്യസ്വാമി പഠിപ്പിച്ച ഗുരുനാഥൻെറ അനുഗ്രഹംകൊണ്ടും പറഞ്ഞതൊന്നും പിഴയ്ക്കാറില്ല. അമ്മ ഇതാ ഇപ്പോൾ അന്തരിച്ചേ ഉള്ളൂ". അന്നു കാലേകൂടിയും ദീനത്തിന്നു പറയത്തക്ക ആധിക്യമോ, മരണലക്ഷണ

മോ ഒന്നും ഉള്ളതായി കാണുകയോ കേൾക്കയോ ചെയ്യാത്ത അവരിൽ പലരും പണിക്കത്ത്യാരുടെ മരണവാൎത്ത കേട്ടപ്പോൾ അത്ഭുതപ്പെട്ടു. “പിന്നെ ദീനം എത്രമേൽ അധികരിച്ചു? മരിക്കാൻ കാലത്ത് എത്രബുദ്ധിമുട്ടുണ്ടായി?” എന്നും മറ്റും അന്വേഷണം തുടങ്ങിയപ്പോൾ “ഒന്നും അധികരിച്ചില്ല”. എന്നുത്തരവും പറഞ്ഞു. നാട്ടുകാർ അങ്ങിനെ വരില്ല. ഒരു ഭാവഭേദവും വന്നിട്ടില്ലെന്നോ? എന്നത്ഭുതപ്പെട്ടു. പണിക്കർ സാവധാനത്തിൽ, “ഒന്നും ഉണ്ടായില്ലെന്നില്ല, അല്പമൊരു കൈക്രിയക്രുടി വേണ്ടിവന്നു. താൻപാതി ദൈവംപാതിയെന്നില്ലേ? പുരുഷപ്രയത്നമുണ്ടെങ്കിൽ ദൈവാധീനത്തിന് എളുപ്പം കൂടുമെന്നില്ലേ? അതുകൊണ്ടു കവിടിക്രിയകൊണ്ടു മുഴമിക്കാത്തത് കൈകൊണ്ടു സാധിച്ചു” എന്നു പറഞ്ഞു.

“ഈ കഥ തന്നെ ജ്യോതിഷമൊപ്പിച്ചു” എന്ന പേരിലും പ്രസിദ്ധമാണ്.

(തുടരും) പി. ടി. ശങ്കുണ്ണിമേനോൻ.

# ഒരു സ്മരണ.

1. ചൊകചൊകെവിലസുംകവിൾത്തടം
പ്രകടവികാരമുയൎന്നുമങ്ങിയും
അകമുരുകിവിനിശ്വസിച്ചുമാ-
പ്പകലിനെമൂടിയപശ്ചിമാദ്രിയിൽ,

2. ചിരപരിധൃതമൗനയായുദി-
തരചലതാരകബാഷ്പലേശയായ്
പുരടതനുവിൽവീണൊരപ്പയോ-
ധരചികുരത്തൊടുസന്ധ്യമേവിനാൾ. (യുഗ്മകം)

3. അലസപവനലോലമുല്ലവെൺ-
മലർനിരതൂകിയിരുന്നൊരാത്തറ,
ജലകണജഡമാക്കിയെൻതമോ-
വലയിതമാംഹതമായലോചനം.

4. അതിനുടെയടിയിൽക്കിടപ്പതെൻ-
മൃതിവശഗപ്രിയതാതനല്ലയോ:
അതികരുണമുണർന്നിട്ടുനമൽ-
സ്മൃതി;യവിടേയ്ക്കുസുവായിരുന്നുഞാൻ!

5. ജനകനിവനുമന്നിവനുഹാ!
ജനകനുമായ്ക്കളുകൈകസാധനം

ഫലനരസമൊട്ടവാണിരുന്നതിൻ
നിറവിതുനാരംപുളകോൽഗമപ്രദം.

6. പനിയിലവശനായ്ക്കിടക്കെയൊൻ
കനിവിനൊടപ്പനട്ടത്തിരിക്കയാൽ
അനിതരസമസൌഖ്യമായെനി-
ക്കിനിയെവിടെസ്സുഖ;മാഹതം മനം!

7. ഇരയെ—ഇവനെ—രക്ഷചെയ്യുവാ-
ലരമരിശത്തൊട്ടരോഗകേസരി
പരമവസിതനാക്കി താതനെ-
ക്കരപരിതാഡനഭീമലീലയാൽ.

8. മരണസമയമാകെയെൻറമെ-
യ്യുരസിയണച്ചുമകൻറെനെററിമേൽ
സ്സുരദധരമരച്ചു—"പൊന്മകൻ
കരയരുതെന്നനിവാരയാത്രയിൽ.

9. ഉലകിന്നുമുഴുവൻ പിതാവൊരാൾ
വിലസുവതുണ്ടവിടത്തെയോക്കുക
അലമലമഴൽ;കാലമിസ്സമാ-
കലഹൃദയവ്രണമാശുമാററിടും.

10. വരിക വരികനന്മനാരുക്കനാ-
ളരിമമകന്നുതരംഗമാലപോൽ
ഭരിതകുതുകനായതിന്നു വിൺ-
പുരിയിലിരുന്നുമപേക്ഷചെയ്യുവെൻ.

11, ചുടണമിവിടെയുള്ളിലഞ്ഞിതൻ
തടഭുവിമേനി"—തളന്നതന്മൊഴി;
കടമിഴികളുകവിഞ്ഞുധാരയാ-
യുടനൊരുചോലപതിച്ചിതെൻറമേൽ

12. സുലഭകരുണലോചനാന്തനി-
സ്തുലവിശദദ്യുതിമാഞ്ഞുമാഞ്ഞുപോയ്,
അലഘുതെളിവെനിക്കനൽകുവാൻ
വിലസുമുഡുദായമസ്തമിച്ചുപൊയ്.

13. പലതരമുപദേശമേകമാ-
ദ്ദലദധരംചലിയാതെയാകയായ്
വിലയമുടനണഞ്ഞുദീപമെൻ
നിലയമിരുട്ടിന്നുസ്ഥത്തരംഗമായ്.

14. നന്ദനനെമ്മുഴവൻവിയത്താരാ–
ത്തനവിറാപൂണ്ടു;ത്തുടിച്ചിടുംമനം
അനവധിസൃതരാഗവീചിയാ–
ലനുകലമാകുലമസ്തവേഗമായ്.

15. പൊരിവൊരുശിശുവിൻഹൃദന്തമോ,
കരിവൊരുനിർമ്മലമാകുമാസ്യമോ,
പരിണതബലമൃത്യുദേവനി–
ത്തിരിദയമേക്കുവതിന്നശക്തമായ്!

16. പരമപദമണഞ്ഞിടാൻനരൻ
മരണപരമ്പരയെക്കടക്കണം
വിരളമറിവുമന്നു; ദുർബ്ബലം
കരളഴലെങ്ങിനെനിന്നുതാങ്ങിയോ?

17. ചിതയിലിയലുമഗ്നിനീട്ടി നാ–
വതനരസത്തൊടുരക്തവർണ്ണമായ്
മൃതജനകവപുസ്സൊടൊപ്പമെൻ
ഹതഹൃദയാന്തമെരിഞ്ഞെരിഞ്ഞുപോയ്.

18. സുരപഥഗതമാംവിമാനമോ–
ടരനിമിഷത്തിലടിക്കു വീഴവേ
പരമൊരുവനസംഭവിച്ചിടും
പരവശഭാവമറിഞ്ഞിതന്നുഞാൻ.

19. മുകുളഗണനവാശ്രുവർഷിയി–
ബ്ബകുളമരംപ്രിയതാതസൽക്കഥ,
മികുമഴലൊടുചൊൽവു തൊണ്ടയിൽ
പ്പകുതിതടഞ്ഞദലസ്വരങ്ങളാൽ!

20. മമജനനദിനത്തിൽനട്ടഹാ!
ദ്രുമവര,നിന്നെയതിൻറയോർമ്മയായ്
ക്ലമലവമറിയാതെ പോററിനാൻ
സമരസമപ്പിതൃപാദർനമ്മളെ.

21. സുമധുരകഥചൊൽകവേഭവൽ–
സുമമൃദുതൽപ്പഗപുത്രവത്സലൻ
മമമിഴികളിൽനൃത്തമാടിയുൽ–
പ്രമദഭരംപലവന്യദേവിമാർ!

22. അകൃശമയിതരോ!ഭവൽകൃതം
സുകൃത,മുദഗ്രനിദാഘവേളയിൽ,

സകൃപമുപചരിച്ചുവീശി നീ-
യകൃതകമാംപ്രിയമാത്തതാതനെ!

23. വിറപെട്ടുമൊരുചില്ലയാൽവിയൽ-
ത്തറയിൽവരച്ചുതുടപ്പതെന്തുനീ
പിറവിമുതൽവളത്തൊട്ടുക്കമീ
നിറനിഴലിങ്കലൃറങ്ങുമാളെയോ?

24. ഉയരമുടയദേഹമുജ്ജ്വലം
നയന,മുയന്നൊരുനാസ,വെൺനര,
പ്രിയസഹജ! വരച്ചിടാതെതാൻ
സ്വയമണയുന്നുമിഴിക്കുമുന്നിൽമേ.

25. ഗുണനിലയനമാംപിതാവുതൻ
പ്രണയമനോഹരചിത്തമല്ലയോ,
തൃണവടിവൊട്ടുനിൻപതത്രി? ഞാ-
നണവതുകണ്ടിളകുന്നതുണ്ടവ!

26. വിലക്കീടുന്നോ നീ "മതിമതിദഹിക്കുന്നു മന"മെ-
ന്നലഞ്ഞീടുംകൊമ്പാൽ? സഹജ,പരനോടോതിടുകിലോ,
ജ്വലദ്ദുഃഖാവേഗംകുറയു,മതിനാലാത്തിവശനാ-
യ്യലമ്പിപ്പോയ്; നേരാംജനകനവപദം നിത്യസുഖദം!

ജി. ശങ്കരക്കുറുപ്പ്.

---

# സഗുണഭാവം.

---

II

ജഗൽപിതാവിൻെറ, അഥവാ ജഗന്മാതാവിൻെറ, മറെറാരു ഭാവത്തേപ്പററി ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതത്രേ ഈശ്വരത്വം. മഹാപ്രളയത്തിനുശേഷം, അദ്ദേഹത്തിൻെറ സ്വരൂപഗതമായ നിത്യബ്രഹ്മശക്തി, എപ്പോൾ പ്രകൃതിയേ അവലംബിച്ചു് സഗുണമാകുന്നു, അപ്പോൾ ആ നിയാമകൻ ഈശ്വരപദവാച്യനായിട്ടു് സാകാരഭാവം സ്വീകരിക്കുന്നു. ആ ഈശ്വരൻതന്നെയാണു് നമുക്കു് ഉപാസ്യൻ. ആയ്യശാസ്ത്രസിദ്ധാന്തംതന്നെ, ഈശ്വരൻ സഗുണനും സാകാരനുമാകുന്നു. അദ്ദേഹം കേവലം നിൎഗ്ഗുണമായഭാവത്തിൽ സ്ഥിതിചെയ്യുമ്പോൾ ഈശ്വരപദവാച്യനല്ല. എപ്പോൾ ഈശ്വരനാകുന്നു, അപ്പോൾ സാകാരനും സാവയവനുമാകുന്നു, ഇപ്രകാരം ഈ സാ

കാരഭാവത്തേ സ്വീകരിച്ചിട്ട് അദ്ദേഹം സൃഷ്ടിസ്ഥിതി പ്രളയങ്ങളെ ചെയ്യുന്നു. ഈശ് ധാതു, ശീലാൎത്ഥത്തിലാകുന്നു. വരച് പ്രത്യയം ചേൎക്കുമ്പോൾ ഈശ്വരനെന്ന പദം നിഷ്പന്നമാകുന്നു. ഈശ്വരനെന്നപദം കൊണ്ടു് ഈശനശീലനായ പുരുഷനെന്ന് അറിയുന്നു. യാതൊരുവന്റെ ആഗ്രഹസിദ്ധി ഇച്ഛാമാത്രമായിരിക്കുന്നു; അദ്ദേഹം ഈശ്വരപദവാച്യനാകുന്നു. അദ്ദേഹത്തിന്റെ സാമൎത്ഥ്യം അപ്രതിഹതമാകുന്നു. അദ്ദേഹം അചിന്ത്യശക്തിസമ്പന്നനും ഐശ്വൎയ്യശാലിയുമാകുന്നു. യാതൊരുവൻ ഐശ്വൎയ്യശാലിയാകുന്നു, അവൻ നിൎഗ്ഗുണനാകാൻ സാധിക്കുകയില്ല. അതുപോലെ സഗുണനായാൽ അവൻ സാകാരനുമായിരിക്കും.

പാതഞ്ജലദൎശനം സമാധിപാദത്തിൽ, ആരേ ഈശ്വരനെന്നു പറയാം എന്നതിനേ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു.

"ക്ലേശകൎമ്മവിപാകാശയൈരപരാമൃഷ്ടഃ പുരുഷവിശേഷ ഈശ്വരഃ" (പാ. 1. 24 സൂ) അവിദ്യ തുടങ്ങിയ പഞ്ചവിധ ക്ലേശങ്ങൾ, ധൎമ്മാധൎമ്മങ്ങൾ, ജാതി, ആയുസ്സ്, ഭോഗം, സംസ്കാരം, ഇവകളൊന്നിനാലും യാതൊരുവൻ ബാധിതനാകുന്നില്ല—ഇവനിമിത്തം സുഖിയോ ദുഃഖിയോ ആകുന്നില്ല, ഇപ്രകാരമുള്ള പുരുഷനേ ഈശ്വരനെന്നു പറയാം. പാതഞ്ജലദൎശനത്തിൽ, സമാധിപാദം 22-ാം സൂത്രംവരെ ഈശ്വരചിന്തകൂടാതെ എങ്ങിനെ ചിത്തവൃത്തികളെ നിരോധിച്ച് അദ്ധ്യാത്മയോഗദ്വാരാ സമാധിസ്ഥിതി പ്രാപിയ്ക്കാമെന്നു കാണിച്ചിരിക്കുന്നു. അതിനുശേഷമുള്ള 23-ാം സൂത്രത്തിൽ "ഈശ്വരപ്രണിധാനാദ്വാ" അതായതു് ഏകാന്തഭക്തിയോടുകൂടി ഈശ്വരനേ ഉപാസിച്ചാൽ സമാധി ലഭിക്കുമെന്നു പറഞ്ഞിരിക്കുന്നു. വിഷയഭോഗങ്ങളിൽ അലിപ്തനായ വിശിഷ്ടപുരുഷനേ ഈശ്വരനെന്നു വ്യാഖ്യാനിച്ചിരിക്കുന്നു. പൂൎവ്വാചാൎയ്യന്മാർ ഒരിടത്തും നിരാകാരനായ ഈശ്വരനേപ്പററി വൎണ്ണിച്ചിട്ടില്ല. എവിടെ അദ്ദേഹത്തേ നിരാകാരനെന്നു പറഞ്ഞിട്ടുണ്ടോ, അവിടെ, അജ്ഞേയൻ, മനോബുദ്ധികൾക്കു വിഷയമല്ലാത്തവൻ, നിൎഗ്ഗുണൻ, പരമാത്മാ, ബ്രഹ്മം, ഇത്യാദി നാമങ്ങളും കല്പിച്ചിരിക്കുന്നു. ഈ പരമാത്മാവ്—ബ്രഹ്മം—നാലുകാരണങ്ങളാൽ രൂപത്തേ സ്വീകരിക്കുന്നു.

## 1. സ്വാഭാവികമായിട്ട്.

അനന്തശക്തിസമ്പന്നനായ ഭഗവാന് സൃഷ്ടി മുതലായ കാലങ്ങളിൽ എപ്പോൾ ഓരോ ശക്തികളുടെ സ്ഫുരണം ഉണ്ടാകുന്നു, അപ്പോൾ ആ ഭഗവാനിൽനിന്ന് ഓരോ പ്രകാരത്തിലുള്ള സ്ത്രീപുരുഷവ്യക്തികൾ പ്രത്യക്ഷപ്പെടുന്നു. മഹാപ്രളയത്തിൽ ആ ദേവൻ ഏകമാത്രവും അദ്വിതീയവുമായ സത് പദാൎത്ഥമായിരിക്കുന്നു. അപ്പോൾ അ

തിന് നാമരൂപങ്ങളൊന്നുംതന്നെ ഉണ്ടായിരിക്കയില്ല. അത്് നിർഗ്ഗുണബ്രഹ്മഭാവത്തിൽ സംസ്ഥിതിചെയ്യുന്നു.

നേഹനാനാസ്തികിഞ്ചന, ഏകമേവാദ്വിതീയം, ആത്മാവാ ഇദമേകാഗ്ര ആസീത്. (ശ്രുതി)

പ്രളയത്തിൽ പ്രകൃതിയെന്നോ പുരുഷനെന്നോ ഉള്ള നാമരൂപങ്ങളില്ലാതെ അനിർദ്ദേശ്യമായ ഭാവത്തിൽ എപ്പോഴും ബ്രഹ്മത്തിൽ വിലയം പ്രാപിക്കുന്നു. അതേ അവ്യാകൃതാവസ്ഥയിൽ അത്് ഏകമേവാദ്വിതീയം. ആദിയിൽ ആത്മാ(ബ്രഹ്മ)വല്ലാതെ മറെറാന്നുമില്ല. കാരണം, പ്രളയത്തിൽ സമസ്തജഗത്തും ആത്മാവിൽ ലയിക്കുന്നു. സമസ്തജഗത്തും സ്ഥൂലരൂപം പരിത്യജിച്ച് സൂക്ഷ്മരൂപത്തിൽ—ബ്രഹ്മത്തിൽ—അവ സ്ഥിതിചെയ്യുന്നു. അനന്തകോടി ബ്രഹ്മാണ്ഡങ്ങൾ പ്രകൃതിയിൽ(ബ്രഹ്മത്തിൽ) ലയം പ്രാപിക്കുന്നു. അപ്രകാരം, പ്രകൃതി, ബ്രഹ്മത്തിലും ലയിക്കുന്നു. മഹാപ്രളയത്തിൽ ശക്തിയുടെ ഒരു കാർയ്യവും ഇരിക്കയില്ല. ശക്തി ഉണ്ടോ ഇല്ലയോ എന്ന് അല്പംപോലും പറയാൻ കഴികയില്ല. ഇതിനേ പ്രകൃതിയുടെ സാമ്യാവസ്ഥയെന്നു പറയും. ശക്തി, ശക്തനിൽ ലയിക്കും. അപ്പോൾ യാതൊന്നു സ്ഥിതിചെയ്യുന്നു, അതത്രേ തുരീയബ്രഹ്മം. ആ സമയത്തേപ്പററി ശാസ്ത്രം ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

നാഹോന്നരാത്രിന്നനഭോ നഭൂമിഃ
നാസീത്തമോ ജ്യോതിരഭൂന്നമാന്യത്.

അപ്പോൾ, പകൽ, രാത്രി. ആകാശം ഭൂമി, അന്ധകാരം, ജ്യോതിസ്സ്, ഇവയൊന്നുംതന്നെ ഉണ്ടായിരിക്കയില്ല. ആ സമയത്തിന്റെ സ്ഥിതി എപ്രകാരമെന്നു വർണ്ണിക്കുന്നതിന് ശാസ്ത്രം അശക്തമായിട്ട്. അന്ധകാരവും വെളിച്ചവും അല്പംപോലും ഉണ്ടായിരിക്കയില്ല എന്നുവരെ പറഞ്ഞിരിക്കുന്നു. വെളിച്ചത്തിനും ഇരുട്ടിനും അപ്പുറമായി ഒരു വസ്തുവും നാം അറിയുന്നില്ല. നമുക്ക് ആ സ്ഥിതിയേപ്പററി അറിയുക സാദ്ധ്യവുമല്ല. ഒരിടത്ത്, "പ്രസുപ്തമിവ സർവ്വതഃ" സമസ്തജഗത്തും സുപ്താവസ്ഥയിൽ സ്ഥിതിചെയ്തിരുന്നു എന്നു പറഞ്ഞിരിക്കുന്നു. മഹാപ്രളയത്തിന്റെ അവസാനത്തിൽ "സോऽകാമയത ബഹുസ്യാം പ്രജായേയ" അദ്ദേഹത്തിന് എപ്പോൾ ഞാൻ ബഹുവാകണമെന്നുള്ള ഇച്ഛയുണ്ടായോ അപ്പോൾ, പ്രകൃതിയിൽ ക്ഷോഭം (ചാഞ്ചല്യം) ഉണ്ടായി. ഈ പ്രകൃതി അഥവാ ബ്രഹ്മശക്തി മഹാപ്രളയത്തിന്റെ അവസാനം വരെ സാമ്യാവസ്ഥയിൽ—സമ്പൂർണ്ണനിഷ്ക്രിയാവസ്ഥയിൽ ബ്രഹ്മത്തിൽ ലയിച്ചിരിക്കുന്നു. എപ്പോൾ പ്രകൃതിയിൽ ക്ഷോഭമുണ്ടായോ അപ്പോൾ ആസത് ബ്രഹ്മവസ്തു, സ്വശക്തിയായ പ്രകൃതി (ഗുണം അ

ഹവാമായ)യിൽ സംയുക്തമായിട്ട് ഈശ്വരനെന്നോ ഈശ്വരിയെന്നോ പറയപ്പെടുന്നു. ഇപ്രകാരം ബഹുവിധമായ ആകാരത്തെ ധരിക്കുന്നു. ബ്രഹ്മാശ്രിതമായ ഈ ഈശ്വരശക്തിയിൽനിന്ന് ജഗത്തു് പ്രകാശിക്കുന്നു.

സദക്ഷരം ബ്രഹ്മ യ ഈശ്വരഃപുമാൻ
ഗുണോർമ്മിസൃഷ്ടിസ്ഥിതികാലസംലയഃ (വിഷ്ണുപു. 1. 1.2)

യാതൊരു ദേവൻ പ്രകൃതിക്ഷോഭജാതമായ സൃഷ്ടിസ്ഥിതിപ്രളയങ്ങൾക്ക് ഹേതുഭൂതനായ ഈശ്വരൻ. അദ്ദേഹംതന്നെ സത്തും അക്ഷരവുമായ ബ്രഹ്മം. വസ്തുതയാ, ബ്രഹ്മം നിജമായ ഐശീശക്തിയാകുന്ന പ്രകൃതിയുടെ സാഹായ്യത്താൽ എപ്പോൾ സൃഷ്ടിസ്ഥിതിപ്രളയങ്ങളെ ചെയ്യുന്നു, അപ്പോൾ അദ്ദേഹം ഈശ്വരൻ.

മായാംതുപ്രകൃതിംവിദ്യാത് മായിനംതുമഹേശ്വരം. (ശ്വേതാശ്വ.1.10)

ഈ മായതന്നെ പ്രകൃതിയെന്നും, മായാസംയുതനായ—മായോപാധി സംയുക്തനായ പരബ്രഹ്മം മഹേശ്വരനെന്നും അറിയണം. ബ്രഹ്മം മായോപാധിയെ സ്വീകരിച്ച് ഈശ്വരനാകുന്നു. ഇതത്രേ ആത്മശാസ്ത്രമർമ്മം. ഈ മായ, ബ്രഹ്മത്തിൻെറ ഇച്ഛാശക്തി. വേദാന്തശാസ്ത്രത്തിൽ ഈ ശക്തിയേ ഈക്ഷണശക്തിയെന്നു പറയപ്പെടുന്നു. ഈ ശക്തി ബ്രഹ്മത്തിൻെറ നിത്യശക്തി. ഇതിന് ബ്രഹ്മത്തിൽ ഒരിക്കലും അഭാവം സംഭവിക്കുന്നില്ല. എന്നാൽ, ഈ ശക്തി ചിലപ്പോൾ പ്രകടിതമായും ചിലപ്പോൾ അപ്രകടിത(അപ്രകാശിത)മായും സ്ഥിതിചെയ്യുന്നു.

ആത്മമായാംസമാവിശ്യ-സോഹംഗുണമയീംദ്വിജ!
സൃജൻരക്ഷൻഹരൻവിശ്വം-ദദ്ധ്രേസംജ്ഞാംക്രിയോചിതാം.
(ഭാഗവതം 4. 7. 48)

ഹേ! ബ്രഹ്മൻ! ഞാൻ ഗുണമയിയായ സ്വമായയേ ആശ്രയിച്ച് ജഗത്തിനെ സൃഷ്ടിസ്ഥിതി സംഹാരകാൎയ്യാധീനമാക്കുന്നു. അതനുസരിച്ച് എനിയ്ക്ക് ബ്രഹ്മവിഷ്ണുരുദ്രാദിസംജ്ഞകളുണ്ടാകുന്നു. ബ്രഹ്മത്തിൻെറ ഈ ഇച്ഛാശക്തി മാൎഗ്ഗമായിട്ട് ജഗത്തു മുതലായവ ആവിൎഭവിക്കുന്നു. ഈ ശക്തിയേ ആശ്രയിച്ചുതന്നെ ജഗത്തു സ്ഥിതിചെയ്യുന്നു. ജഗത്തിൻെറ ലയവും ഇതിൽത്തന്നെ സംഭവിക്കുന്നു. അന്യമായ ഒരു ഉപാദാനവും ജഗത്തിനില്ല. അദ്ദേഹം എപ്പോൾ ഈ ശക്തിയോടു സംയുക്തനാകുന്നു, അതായത്തു് ശക്തിയുടെ പ്രകാശാവസ്ഥയേ പ്രാപിക്കുന്നു, അപ്പോൾ അദ്ദേഹം പ്രകാശത്തെ പ്രാപിച്ച് ജ്ഞേയനാകുന്നു. ശക്തി അദ്ദേഹത്തിൽ വിലയം പ്രാപിച്ചാൽ, അദ്ദേഹം അ

ജ്ഞേയമായ ഭാവത്തെ ധരിക്കും. അപ്പോൾ അദ്ദേഹം നിർഗ്ഗുണൻ. ഇപ്രകാരം, സൃഷ്ടിയ്ക്കുശേഷം പ്രളയം, പ്രളയാനന്തരം സൃഷ്ടി. ഇപ്രകാരം അതിനോടു ചേൎന്നുള്ള, ബ്രഹ്മത്തിന്റെ പ്രകടവും അപ്രകടവുമായ ബ്രഹ്മത്തിന്റെ അവസ്ഥ അനാദികാലം മുതൽ നടന്നുകൊണ്ടിരിക്കുന്നു. ശക്തിസ്ഫുരണമുണ്ടായാൽ രൂപവും സ്ഫുരിക്കും. ഈ സഗുണവും നിൎഗ്ഗുണവുമായ ബ്രഹ്മം ഒരു വസ്തുതന്നെ. സവിശേഷവും നിൎവ്വിശേഷവും ഭാവത്തിന്റെ പ്രഭേദം മാത്രം. വസ്തുതയാ ഒരു ഭേദവുമില്ല. ബ്രഹ്മത്തിന്റെ ഈ ദ്വിരൂപത്വം സൎവ്വശാസ്ത്രങ്ങളിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ദ്വിരൂപംഹിബ്രഹ്മ അവഗമ്യതേ, നാമരൂപഭേദോപാധിവിശിഷ്ടം തദ്വിപരീതഞ്ച സൎവോപാധി വിവൎജ്ജിതം. (ശങ്കരഃ)

ബ്രഹ്മം ദ്വിരൂപമെന്ന് ഉപദേശിക്കപ്പെട്ടു. ഒന്ന് നാമരൂപഭേദമായ ഉപാധിയുക്തവും, മററൊന്ന്, അതിനു വിപരീതമായ സൎവോപാധിവൎജ്ജിതവും. ദ്വേവാവ ബ്രഹ്മണോരൂപേ മൂൎത്തഞ്ചൈവാമൂൎത്തഞ്ച. (ബൃഹദാ 2-3-1) ബ്രഹ്മത്തിന് രണ്ടുരൂപം പ്രസിദ്ധമാകുന്നു. ഒന്ന് മൂൎത്തം, അപരം അമൂൎത്തം.

സന്തി ഉഭയലിംഗാഃ ശ്രുതയോ ബ്രഹ്മവിഷയാഃ സൎവ്വകൎമ്മാ സൎവകാമഃ സൎവ്വഗന്ധഃ സൎവരസ ഇത്യേവമാദ്യാഃ സവിശേഷലിംഗാഃ അസ്ഥൂല മനണു അഹ്രസ്വം അദീൎഘം ഇത്യേവമാദ്യാശ്ച നിൎവിശേഷലിംഗാഃ (ശങ്കരഃ)

ബ്രഹ്മവിഷയകമായി രണ്ടുവിധം ശ്രുതികാണുന്നു. ഒന്ന് സവിശേഷലിംഗശ്രുതി, അദ്ദേഹം സൎവ്വകൎമ്മാവും, സൎവ്വകാമനും, സൎവ്വഗന്ധനും, സൎവരസനും എന്നിങ്ങനെ. മററൊന്ന് നിൎവിശേഷലിംഗശ്രുതി. അദ്ദേഹം സ്ഥൂലവുമല്ല സൂക്ഷ്മവുമല്ല, ഹ്രസ്വവുമല്ല, ദീൎഘവുമല്ല, ഇത്യാദി. ശാസ്ത്രം, നിൎവിശേഷഭാവത്തെ നിൎദ്ദേശിച്ചേടത്ത് ക്ലീബലിംഗത്തിന്റെയും, അപ്രകാരം സവിശേഷഭാവത്തെ നിരൂപിച്ചിടത്ത് പുല്ലിംഗവ്യവഹാരവും ചെയ്തിരിക്കുന്നു.

ഈ സവിശേഷഭാവത്തെ ലക്ഷ്യമാക്കിയിട്ട് ശ്രുതി, തജ്ജലാൻ (ഛാന്ദോഗ്യം 3—1—4—1) എന്നു പറഞ്ഞിരിക്കുന്നു. അതായത്, തജ്ജാ, തന്നാ, തദണ, അതിൽനിന്ന് ജഗത്തുജാതമായി, അതിൽതന്നെ ജഗത്തു സ്ഥിതിചെയ്യുന്നു, അതിൽതന്നെ ജഗത്തു വിലയം പ്രാപിക്കുന്നു.

തൈത്തിരിയോപനിഷത്ത് ഈ ഭാവത്തെ ലക്ഷ്യമാക്കി, യതോവാ ഇമാനിഭൂതാനിജായന്തേ യേനജാതാനിജീവന്തി യത്പ്രയന്ത്യഭിസംവിശന്തി (തൈത്തി,3—1.)

യാതൊന്നിൽനിന്ന് ഈ സമസ്തഭൂതവും ഉത്പന്നമായി, ഉൽപ്പന്നമായിട്ട് യാതൊന്നുകൊണ്ടും ജീവിക്കുന്നു, അന്തകാലത്തിൽ യാതൊന്നിൽ വിലയം പ്രാപിക്കുന്നു. അതത്രേ ബ്രഹ്മം.

സവിശേഷവും സഗുണവും മായോപാധിയുക്തവുമായ ഈ മൂർത്തബ്രഹ്മംതന്നെ നമുക്കു ഉപാസ്യൻ. ഉപനിഷത്തുകൾ അതിനെ "തദ്വന" നമുക്കു വനിത (ഭജനീയ)മായ വസ്തുവെന്നു നിർദ്ദേശിച്ചു. അദ്ദേഹം ഒരിടത്തു ഗുണാതീതൻ, മറെറാരിടത്തു സർവ്വശക്തിമാൻ. സർവാശ്രയൻ; നിർവ്വിശേഷവും നിർഗ്ഗുണവുമായ പരബ്രഹ്മം മായോപാധിയേ അംഗീകരിച്ചിട്ട് എപ്പോൾ തന്നെ സങ്കുചിതമെന്നപോലെ ആകുന്നു, അപ്പോൾ അദ്ദേഹത്തിന് യാതൊരു സഗുണഭാവം ഉണ്ടാകുന്നു, അതു തന്നെ ഈശ്വരഭാവം. ഊർണ്ണനാഭി, വലയേ ഉണ്ടാക്കി തന്നേ എപ്രകാരം ആവരണംചെയ്യുന്നു, അപ്രകാരം സ്വാഭാവത അദ്വിതീയമായ ബ്രഹ്മം പ്രധാനജ (പ്രകൃതിജ)മായ ജാലത്താൽ തന്നേ ആവരണംചെയ്തിട്ടു സ്ഗുണഭാവത്തേ—ഈശ്വരഭാവത്തേ ധരിക്കുന്നു.

യസ്തൂർണ്ണനാഭഇവതന്തുഭിഃപ്രധാനജൈഃ
സ്വാഭാവതോദേവഏകസ്വമാവൃണോത് (ശ്വേതാശ്വ 6. 10)

അനന്തമായ സാഗരത്തിന് യാതൊരു നിവാതമായ പ്രശാന്താവസ്ഥ, അതുതന്നെ ബ്രഹ്മത്തിൻെറ നിർഗ്ഗുണഭാവം. ഇനിയും, സമുദ്രത്തിന് വീചിവിക്ഷോഭംകൊണ്ട് തരംഗമാലാകുലമായ യാതൊരു സ്ഥിതിയുണ്ടോ അതുതന്നെ ബ്രഹ്മത്തിൻെറ സഗുണഭാവം. ഒരേസമുദ്രംതന്നെ ചിലപ്പോൾ പ്രശാന്തം. ചിലപ്പോൾ വിക്ഷുബ്ധം. ഒരേ ബ്രഹ്മംതന്നെ ചിലപ്പോൾ നിർഗ്ഗുണം ചിലപ്പോൾ സഗുണം. പ്രശാന്തമായ സമുദ്രം ചിലപ്പോൾ വിക്ഷോഭം പ്രാപിക്കുന്നു, അതുപോലെ വിക്ഷുബ്ധമായ സമുദ്രം പ്രശാന്തഭാവത്തേയും പ്രാപിക്കുന്നു. പരബ്രഹ്മം മായയുടെ ആവരണത്താൽ സഗുണമാകുന്നു. മായയുടെ ആവരണത്തിൽനിന്നു മോചിച്ചിട്ട് നിർഗ്ഗുണവും നിസ്തരംഗവുമാകുന്നു. പിന്നെയും പിന്നെയും, മഹാസമുദ്രത്തിൻെറ ഈരണ്ടവസ്ഥപോലെ ബ്രഹ്മത്തിനും ഇങ്ങിനെ രണ്ടു വിഭാഗങ്ങളുണ്ട്. വേദം ഒരിക്കൽ യാതൊന്നിനെ "അപാണിപാദ"മെന്നുപറഞ്ഞു, അതിനേത്തന്നെ പിന്നീട് "സഹസ്രാക്ഷഃ" "സഹസ്രപാത്" എന്നുപറഞ്ഞു സ്തുതിച്ചു. ഇതുകൊണ്ട് ശാസ്ത്രം, അദ്ദേഹത്തേ അവസ്ഥാഭേദംകൊണ്ട് ശവംപോലെ നിഷ്ക്രിയമെന്നു വ്യാഖ്യാനിച്ചിരിക്കുന്നു.

ശക്തിഹീനഃശവഃപ്രോക്തഃ ശക്തിയുക്തഃസദാശിവഃ

അദ്ദേഹം, എപ്പോൾ സ്വന്തം ശക്തിയേ ആശ്രയിക്കുന്നില്ല, അപ്പോൾ അദ്ദേഹം ശവതുല്യം നിഷ്ക്രിയൻ, എന്നാൽ, എപ്പോൾ സ്വന്തം ശക്തിയെ ആശ്രയിക്കുന്നു, അപ്പോൾ അദ്ദേഹം സദാശിവൻ—സ

ർവ്വശക്തിമാനായ പരമേശ്വരൻ, ഈ അവസ്ഥയിൽ അദ്ദേഹം സർവ്വജ്ഞനും സർവ്വകർത്താവും. "സഹിസർവ്വവിത് സർവ്വകർത്താ" ശക്തിഹീനമായ അവസ്ഥയിൽ അദ്ദേഹത്തെ ശവമെന്നു കൽപിച്ച് ദൃഷ്ടാന്തം നിശ്ചയമായും സമ്യക്പ്രയുക്തമല്ല. എന്തെന്നാൽ. ശവത്തിനു് നാമരൂപങ്ങളുണ്ട്. എന്നാൽ, ആ സമയം അദ്ദേഹത്തിനു എന്തെങ്കിലും രൂപം ഇരിക്കയില്ല. അദ്ദേഹത്തിന്റെ നിഷ്ക്രിയാവസ്ഥയെ ലക്ഷ്യമാക്കി ശവമെന്നു പറഞ്ഞു. ഇതു് അറിയേണ്ടതുതന്നെ. ഋഷികൾ അനേകയുഗങ്ങൾക്കുമുൻപ് അറിഞ്ഞിരുന്നതു് എങ്ങിനേയെന്നാൽ, ശക്തിരഹിതമായിട്ട് ജഗത്തിനു അസ്തിത്വമേ ഇല്ല. ബ്രഹ്മവിഷ്ണുമഹേശ്വരാദിസമസ്തവും ശക്തിയുടെ രൂപം ഇപ്രകാരമാണ് അവർ ഉദ്ഘോഷിച്ചിരിക്കുന്നതു്.

ശക്തിഃശിവഃശിവഃശക്തിഃശക്തിർബ്രഹ്മാജനാർദ്ദനഃ
ശക്തിരിന്ദ്രോരവിഃശക്തിഃശക്തിശ്ചന്ദ്രോഗ്രഹാധ്രുവം.
ശക്തിരൂപം ജഗത് സർവ്വം—(ശിവാഗമം)

ഭഗവതിഗീതയിൽ പറഞ്ഞിരിക്കുന്നു

സൃഷ്ട്യുത്ഥമാത്മനോരൂപംമയൈവസ്വേച്ഛയാപിതഃ;
കൃതംദ്വിധാനഗശ്രേഷ്ഠ;സ്ത്രീപുമാനിതിഭേദതഃ

ഹേ! പിതാവേ! പർവ്വതരാജൻ! ഞാൻ സൃഷ്ടിക്കുവേണ്ടി എന്റെ സ്വന്തരൂപത്തെ സ്വേച്ഛയാൽ സ്ത്രീ; പുരുഷൻ, എന്നു രണ്ടായി വിഭാഗിച്ചിരിക്കുന്നു.

സൃജാമിബ്രഹ്മരൂപേണജഗദേതച്ചരാചരം
സംഹരാമിമഹാരുദ്രരൂപേണാന്തേനിജേച്ഛയാ
(ഭഗവതീഗീതാ 4. 15)

ഞാൻ ബ്രഹ്മരൂപത്തിൽ ഈ ചരാചര ജഗത്തിനെ സൃഷ്ടിക്കുന്നു, അന്തകാലത്തിൽ എന്റെ ഇച്ഛാശക്തികൊണ്ട് മഹാരുദ്രരൂപത്തിൽ ഈ ജഗത്തിനെ സംഹരിക്കുന്നു.

നിർഗ്ഗുണംസഗുണംചേതിദ്വിധാമദ്രൂപമുച്യതേ
നിർഗ്ഗുണംമായയാഹീനംസഗുണംമായയായുതം.

സഗുണം നിർഗ്ഗുണം എന്ന ഭേദത്തിൽ എനിയ്ക്കു രണ്ടു രൂപങ്ങളുണ്ട്.

അദ്ദേഹം മായായുക്തൻ അഥവാ ഗുണയുക്തനായിട്ട് ആകാരവാനാകുന്നു. മനുഷ്യർക്ക് എങ്ങിനെ രണ്ടംശം—ദേഹാംശവും ആത്മാംശവും—അപ്രകാരംതന്നെ അദ്ദേഹത്തിനും. അദ്ദേഹത്തിന്റെ ആത്മാംശം നിഷ്ക്രിയവും നിർഗ്ഗുണവും. അതു ഉപാസിക്കത്തക്കതല്ല. ഇതത്രേ ശാസ്ത്രീയമായ പരബ്രഹ്മം. ദേഹാംശവും ആത്മാംശവും ചേർന്ന് ഈശ്വരൻ. ഇദ്ദേഹം സൃഷ്ടിസ്ഥിതിപ്രളയങ്ങളെ ചെയ്യുന്നു. ഇപ്രകാരം

ആകാരവാദം ഗുണസമ്പന്നനുമാകുന്നു. ഈ ഈശ്വരനാകുന്നു നമ്മുടെ ലക്ഷ്യം. അദ്ദേഹം, ജഗത്തിന്റെ നിമിത്തവും ഉപാദാനവുമായ കാരണമാകുന്നു. വേദാന്ത ദർശനത്തിൽ അദ്ദേഹത്തിന്റെ നിമിത്തകാരണത്തെ ലക്ഷ്യമാക്കി പറയുന്നു, "ജന്മാദ്യസ്യയതഃ" യാതൊന്നിൽനിന്ന് ജഗത്ത് ആവിർഭവിച്ചു, ഇപ്രകാരം "യോനിശ്ചഹിഗീയതേ" (അദ്ധ്യാ 3. പാദം 4. സൂ. 27) "പ്രകൃതിശ്ച" (അ. 1. പാ 4.. സൂ 23) ഇത്യാദിസൂത്രങ്ങൾ വഴിയായി അദ്ദേഹം ഈ ജഗത്തിനു നിമിത്തകാരണമെന്നു പ്രതിപാദിച്ചിരിക്കുന്നു. അദ്ദേഹം, പ്രകൃതി, പുരുഷൻ; അഥവാ. ശക്തി, ചൈതന്യം, ഈരണ്ടിന്റേയും രൂപം. ഈ രണ്ടുംചേർന്ന ഈശ്വരൻ. അവയിൽ പ്രകൃതി (ശക്തി) അദ്ദേഹത്തിന്റെ ദേഹവും പുരുഷൻ (ചൈതന്യം) അദ്ദേഹത്തിന്റെ ആത്മാവും. പ്രളയാവസാനത്തിൽ സൃഷ്ടികാര്യത്തിനുവേണ്ടി, നാനാതരത്തിലുള്ള രൂപങ്ങളെ പരിഗ്രഹിക്കുന്നതെപ്രകാരമെന്നാൽ. ബ്രഹ്മാ, വിഷ്ണു, രുദ്രൻ, ബ്രഹ്മാണി, വൈഷ്ണവി രുദ്രാണി, ഇവ, പ്രകൃതിസ്വരൂപനായ പരമപുരുഷന്റെ ഇച്ഛാമയമായ അവതാരം. സൃഷ്ടിയ്ക്കുപിൻപ് മഹാപ്രളയത്തിൽ ഈ എല്ലാരൂപങ്ങൾക്കും അഭാവം സംഭവിക്കും. എന്നാൽ, അവ നാശം പ്രാപിക്കുന്നില്ല. കാരണം ഇവ നിത്യം മഹാപ്രളയത്തിൽ പ്രകാശമില്ലായ്മകൊണ്ടു ബ്രഹ്മസത്തയിൽ ലീനമായിരുന്നിട്ട് സൃഷ്ടികാലത്തു പ്രകാശിക്കുന്നു. അദ്ദേഹം ദേഹധാരിയായാലും അദ്ദേഹത്തിൽ ജീവഭാവത്തിന്റെ സംസർഗ്ഗം അല്പംപോലുമില്ല. അദ്ദേഹത്തിന്റെ ദേഹത്തോടു ഭൂതഭൗമിക പദാർത്ഥങ്ങൾക്ക് യാതൊരു സമ്പർക്കവുമില്ല. അസ്ഥി, മജ്ജാ, രക്തം മുതലായവ അല്പംപോലുമില്ല. എങ്കിലും മനുഷ്യർ മുതലായവരെപ്പോലെ കൈകാലുകൾ ഉണ്ടായിരിക്കും. അദ്ദേഹത്തിന്റെ ഈ സമസ്തദേഹങ്ങളും ശക്തിമയങ്ങളും ഇച്ഛാമയങ്ങളുമാകുന്നു. പ്രയോജനം കഴിഞ്ഞാൽ അദ്ദേഹം തിരോഭവിക്കും. ഇവയേ നിയതമായ ആവിർഭാവമെന്നു പറയുന്നു. എന്തെന്നാൽ, ഇവയുടെ ആവിർഭാവത്തിനും തിരോഭാവത്തിനും സമയം നിർദ്ദേശിച്ചിട്ടുണ്ട്. മഹാപ്രളയംവരയ്ക്കു് ഇച്ഛാമയങ്ങളായ ഈ സകല രൂപങ്ങളും പ്രകടമായി സ്ഥിതിചെയ്യും. ഭാരതീയരായ ആര്യഷികൾ ശ്രുതിപ്രദർശിതമായ സാധനാമാർഗ്ഗത്തെ അവലംബിച്ച് ഈ സകല സത്യത്തേയും അറിഞ്ഞിരിക്കുന്നു.

(തുടരും) പി. ശേഷാദ്രി അയ്യർ, ബി. ഏ, ബി. എൽ.

---

ഏഴാം ലക്കത്തിൽനിന്ന് ഹിന്ദുക്കളുടെ ഉപാസനാരഹസ്യം, ഈശ്വരസ്വരൂപം എന്നതിന്റെ തുടർച്ച:

# വിചാരവീചി.

## "സമസ്തകേരളസാഹിത്യപരിഷത്ത്"
(തൃതീയസമ്മേളനം)

I

കഴിഞ്ഞകൊല്ലം തൃശ്ശിവപേരൂരിൽവെച്ചുണ്ടായ സമ്മേളനം കഴിഞ്ഞപ്പോൾ പരിഷത്തിന്റെ നടത്തിപ്പിനെപ്പററി ഞങ്ങൾ ചില അഭിപ്രായങ്ങൾ പറകയുണ്ടായി. അത് പരിഷൽഭാരവാഹികളുടെ ശ്രദ്ധയെ വേണ്ടതുപോലെ ആകർഷിച്ചിട്ടില്ലെന്നുള്ളതിലേക്ക് കോട്ടയ്ക്കലെ സമ്മേളനം ഒരു നല്ല ദൃഷ്ടാന്തമായിട്ടുണ്ട്. പരിഷത്തിന്റെ ആവിർഭാവം ഭാഷയെസംബന്ധിച്ചേടത്തോളം നന്മക്കല്ലാതെ തിന്മക്കാവാൻ തരമില്ല. പക്ഷെ അതുകൊണ്ട് ജനസാമാന്യത്തിന്റെ ഇടയിലുണ്ടായിട്ടുണ്ടെന്ന് നാം അഭിമാനിക്കുന്നതായ ഉണർച്ച ഉപയോഗപ്രദമാക്കിത്തീർക്കാനുള്ള ഉത്സാഹങ്ങൾ തുടങ്ങുവാൻ കാലതാമസം നേരിടുന്നതായാൽ നല്ലൊരു സന്ദർഭം അറിയാതെ കൈവിട്ടുവെന്നുള്ള അപരാധം തൽഭാരവാഹികൾ വഹിക്കേണ്ടതായിവരുന്നതിലേക്കും സംശയമില്ല. അദ്ധ്യക്ഷപ്രസംഗങ്ങളും ഗദ്യപദ്യപ്രബന്ധങ്ങളുമായി ഇടപ്പള്ളിയിൽ ജനിച്ച പരിഷത്തിന്ന് പ്രദർശനമെന്ന ഒരു പുതിയ അവയവം വളർച്ചയുടെ ലക്ഷണമായി കാണുകയുണ്ടായി. അപ്പൻതമ്പുരാൻ തിരുമേനിയുടെ അദ്ധ്യവസാനത്തിൽ കഴിഞ്ഞുകൂടിയ ആ പ്രദർശനം പിന്നീടുള്ളവക്ക് ഒരു മാർഗ്ഗപ്രദർശനംകൂടിയായിട്ടുണ്ടെന്നുള്ള സംഗതിയും വിസ്മരിക്കുവാൻ തരമില്ല. കോട്ടയ്ക്കൽ എത്തിയപ്പോഴെക്ക് എല്ലാംകൊണ്ടും എണ്ണമൊപ്പിക്കാനുള്ള ശ്രമമല്ലാതെ വണ്ണത്തിൽ കൂട്ടുവാനുള്ള ആഗ്രഹം പ്രത്യക്ഷമായിരുന്നില്ലെന്നുള്ള വാസ്തവം മറച്ചുവെക്കത്തക്കതല്ല.

ഇക്കുറിയത്തെ ഭാരവാഹികളുടെ ശ്രമങ്ങൾ—അതായത് സമസ്തകേരളത്തെ ബാധിക്കുന്ന ഒരു സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരുവാനുള്ള അവരുടെ അശ്രാന്തപരിശ്രമങ്ങൾ—അവയിലടങ്ങിയിട്ടുള്ള പ്രയത്നങ്ങളുടെ വലിപ്പമോക്കാതെ അഗണ്യമാക്കി അനാദരിക്കത്തക്ക അവിവേകം ഞങ്ങളെ ബാധിച്ചിട്ടില്ലെന്നു ഞങ്ങൾ ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ. പരിഷത്ത്കൊണ്ട് നാട്ടിന്നും ഭാഷക്കും പല ഗുണങ്ങളും ഉണ്ടായി കാണേണമെന്നുള്ള അത്യാഗ്രഹം ഞങ്ങൾക്കുമുള്ളതുകൊണ്ട് ചില കാര്യങ്ങൾ തുറന്നുപറയുന്നതുകൊണ്ട് ആർക്കും പരിഭവത്തിന്നും അവകാശമില്ല. മലയാളഭാഷ മലയാളികളുടെ പൊതുസ്വത്താണ്. അതുകൊണ്ട് ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ കൈകാര്യംചെയ്യാനുള്ള അധികാരം കേരളത്തിൽ ജനിച്ച എല്ലാവർക്കും ഉണ്ട്. സ്വകാര്യസമ്പാദ്യത്തിന്റെനിലയിൽ ഭാഷകൊണ്ട് ആരെങ്കി

ലും കളിക്കാനൊരുങ്ങുന്നുണ്ടെങ്കിൽ പൊതുജനാഭിപ്രായത്തിന്ന് പ്രാബല്യം സിദ്ധിച്ചുവരുന്ന ഇക്കാലത്ത് പറയാനവകാശമുള്ളവർ പറയുന്നത് കേൾക്കാൻ അവർ ഒരുങ്ങേണ്ടതായും വരുന്നതാണ്. അങ്ങിനെ താനെ വരുന്ന അഭിപ്രായങ്ങൾ ഭാരവാഹികൾക്ക് പലവിധത്തിലും സഹായമായിത്തീരാറുണ്ടെന്നുള്ളതിന്ന് മററു സ്ഥാപനങ്ങളുടെ ചരിത്രം തന്നെയാണ് പ്രധാനസാക്ഷി. വിപരീതാഭിപ്രായങ്ങൾ വരുമ്പോൾ അപായം ശങ്കിച്ച് വിരോധംഭാവിക്കുന്നതുകൊണ്ട് കാൎയ്യഹാനി ഉണ്ടാവുമെന്ന് മാത്രമല്ല ചില തീരാക്കുട്ടങ്ങൾ ഉത്ഭവിക്കുകയും ചെയ്യും. ഞങ്ങളിത്രയും പറയാനുള്ള കാരണം, കാൎയ്യം തുറന്നുപറവാനുള്ള വൈമനസ്യവും, തുറന്നുപറഞ്ഞാലുള്ള വൈമുഖ്യവും, അന്യോന്യം സ്തുതിക്കാനുള്ള അത്യാഗ്രഹവും ആധുനികസാഹിത്യലോകത്തെ പരക്കെ ബാധിച്ചിട്ടുള്ളതിൻെറ ചില ലക്ഷണങ്ങൾ കോട്ടയ്ക്കലും കണ്ടതാണ്.

സാഹിത്യപരിഷത്തിൻെറ പരിപാടിയിൽനിന്നും, അതിനെപ്പററി പലരും പത്രദ്വാരാ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽനിന്നും, ഗദ്യപദ്യപ്രബന്ധങ്ങൾ വായിക്കുന്നതാണ് പരിഷത്തിൻെറ ഒരു പ്രധാനാംഗമെന്ന് ബഹുജനങ്ങൾ ധരിച്ചതായി തോന്നുന്നു. ഈ ധാരണ പരിഷത്തിനെസംബന്ധിച്ചേടത്തോളം ശുഭോദൎക്കമാണോ എന്നു സംശയിക്കേണ്ടതായിരിക്കുന്നു. പത്രങ്ങളും മാസികകളും വൎദ്ധിച്ചിട്ടുള്ള ഇക്കാലത്ത് ലേഖനങ്ങൾക്ക് (ഗദ്യപദ്യപ്രബന്ധങ്ങൾക്ക്) ക്ഷാമമുണ്ടെന്ന് പറഞ്ഞുകൂടാ. അവ വകതിരിവില്ലാതെ ശേഖരിക്കുന്നതിന്ന് വലിയ പ്രയാസവും ഇല്ല അവ വായിച്ചുകേൾക്കുന്നതിന്നായി ഇത്രയധികം ജനങ്ങൾ കേരളത്തിൻെറ നാനാഭാഗത്തുനിന്നും വരേണ്ടതും ഇല്ല. എന്നുതന്നെയല്ല ഇത്രയധികം പ്രബന്ധങ്ങൾ ധാരമുറിയാതെ വായിക്കാൻ തുടങ്ങിയാൽ അവയുടെ ഗുണദോഷമറിഞ്ഞു രസിക്കുന്നതിന്ന് സഭാവാസികൾക്ക് സാധിക്കുമോ എന്നും സംശയമാണ്. പഞ്ചാരപ്പായസം സ്വാദുണ്ടെന്നുവിചാരിച്ച് കണക്കിലധികം ചെലുത്താൻതുടങ്ങിയാൽ മടുത്തൊഴിക്കുകയല്ലാതെ യാതൊരു നിവൃത്തിയും ഉണ്ടാകുന്നതല്ല. പ്രബന്ധവായനയുടെ കലശലുകൊണ്ട് ചില പ്രധാനകാൎയ്യങ്ങൾ വിട്ടൊഴിക്കേണ്ടതായും വന്നത് ഓൎക്കുമ്പോൾ "നടന്നവഴിയെ തെളിക്കാതെ, തെളിച്ചവഴിയെ നടത്തേണ്ടതാണെന്ന്" ഭാരവാഹികളെ മററുള്ളവർ ഓൎമ്മപ്പെടുത്താത്തതിലെ അത്ഭുതമുള്ളു. കേരളത്തിൻെറ പല ഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള സാഹിത്യകാരന്മാർ നിറഞ്ഞ ഒരു സഭയിൽ ഭാഷയിൽ വാദവിഷയങ്ങളായവയെപ്പററി വിദഗ്ദ്ധന്മാർ ചെയ്യുന്ന പ്രസംഗങ്ങളും പ്രതിവാദങ്ങളും കേൾക്കുവാൻ എല്ലാവൎക്കും രസമുണ്ടാകുന്നതാണ്. അവയെക്കുറിച്ച് ചില പ്രമേയങ്ങൾ അവിടെവെച്ച് അംഗീകരിക്കുന്നതിന്നും ഒരു വിലയുണ്ട്. അക്കൂട്ടത്തിലൊന്നായി

രുന്നു ഇക്കുറി കാര്യപരിപാടിയിൽ മൂലദ്രാവിഡഭാഷയെപ്പററി ചേർത്തിരുന്ന വിഷയം. അവിടെ കൂടിയിരുന്ന പലരും ആ വാദപ്രതിവാദം ഉൽകണ്ഠയോടുകൂടി പ്രതീക്ഷിച്ചിരുന്നു. സമയക്കുറവുകൊണ്ട് അത് നിൎത്തിവെക്കേണ്ടിവന്നുവെന്നറിഞ്ഞപ്പോൾ സാമാജികന്മാൎക്ക് വലിയ ഇച്ഛാഭംഗവും ഉണ്ടായി. ഈ സംഗതിയിൽ ഭാരവാഹികളെ അഭിനന്ദിക്കാൻ നിവൃത്തിയില്ലാതെവന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു.

മഹാകവി വള്ളത്തോളിന്റേയും, ശ്രീമാൻ കുററിപ്പുറത്ത് കേശവൻനായരുടേയും പദ്യങ്ങൾ കഴിഞ്ഞകൊല്ലത്തെ കാര്യപരിപാടിയിലും ഇക്കൊല്ലത്തെ കാര്യപരിപാടിയിലും സ്ഥലംപിടിച്ചിരുന്നു. ഇവർ രണ്ടുപേരും പദ്യമയയ്ക്കാനേററിട്ടില്ലെന്നാണ് കേൾവി. വള്ളത്തോൾ കഴിഞ്ഞകൊല്ലവും ഇക്കൊല്ലവും വന്നതുമില്ല. കേശവൻനായർ വന്നുവെങ്കിലും പദ്യം ഉണ്ടാക്കിയതുമില്ല. വായിച്ചതുമില്ല. യഥാൎത്ഥകവികളെന്നു പേരെടുത്ത രണ്ടുപേൎക്കും പദ്യമുണ്ടാക്കാൻ സാധിക്കാത്തതുകൊണ്ട് മൌനം അവലംബിച്ചതാണെന്ന് വിചാരിക്കാൻ തരമില്ല. പരിഷത്ഭാരവാഹികൾ ഈ മാന്യന്മാരെ യഥോചിതം ആദരിക്കാത്തതുകൊണ്ട് അവർ ഉദാസീനന്മാരായതാണെന്ന് ശങ്കിക്കയാണെങ്കിൽ അതു ഇരുകക്ഷികളുടേയും സുപ്രസിദ്ധമഹാമനസ്കതക്ക് ഒരു കളങ്കവുമായിത്തീരുന്നുണ്ട്. ഈ അന്യോന്യബഹിഷ്കരണത്തിൽ എന്തോ രഹസ്യമുണ്ടെന്ന് സംശയിക്കേണ്ടതായിരിക്കുന്നു. മേല്പറഞ്ഞ മഹാന്മാരെ പരിഷത്തിന്നോ അവൎക്ക് പരിഷത്തിനേയോ ഉപേക്ഷിക്കാൻ നിവൃത്തിയില്ലാത്ത നിലയിലാണ് അന്യോന്യമുള്ള ബന്ധം. അവർ മനഃപൂൎവ്വം പരിഷത്തിനെ അവഗണിക്കുകയാണെങ്കിൽ അത് അവർ ഭാഷക്ക് ചെയ്യുന്ന ഒരു വലിയ അപരാധമാണ്. പരിഷൽഭാരവാഹികൾ അവരെ തള്ളുകയാണെങ്കിൽ അതു് ഒരു മഹാപാതകമാണ്. ഏതുവിധത്തിലായാലും സാഹിത്യപരിഷത്തിന്നും വള്ളത്തോൾകമ്പനിക്കും തമ്മിൽ ഇപ്പോൾ കാണുന്ന അകല്ച ഭാഷാഭിമാനികൾ ഗൌരവത്തോടുകൂടി ആലോചിക്കേണ്ട ഒരു സംഗതിയാണെന്ന് ഞങ്ങൾ അവരെ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു.

## II

## "തിരുവിതാംകൂറും മുറജപവും"

മുറജപംസംബന്ധിച്ച് ചെയ്യുന്ന ചിലവ് അനാവശ്യമാണെന്നും, അത് രാജ്യഭണ്ഡാരത്തിന്ന് വല്ലാത്ത ഒരിടിവാണെന്നും തിരുവിതാംകൂർനിവാസികൾ ആക്ഷേപിക്കാൻതുടങ്ങീട്ട് കുറച്ചുകാലമായി. മുറജപംകൊണ്ട് തല്ക്കാലമുള്ള ഗുണം നമ്പൂതിരിസമുദായത്തിന്നായതുകൊണ്ട്, അവരുടെ പ്രാബല്യമാണ് അതിന്ന് അടിസ്ഥാനമായിനില്ക്കുന്നതെന്നും ജനങ്ങൾ വിശ്വസിച്ചിരുന്നു. മാവേലിക്കരെവെച്ച് നടന്ന യോഗക്ഷേമസഭയിൽ മുറജപം നിൎത്താതിരിക്കുന്നത് നമ്പൂതിരിസമുദാ

യത്തിന്ന് അവമാനമാണെന്നും, അതിലേക്കിറക്കാറുള്ള സംഖ്യ കേരള സർവ്വകലാശാല സ്ഥാപിക്കുന്നതിന്നായി ഉപയോഗിക്കേണ്ടതാണെന്നു മായി ഒരു പ്രമേയം അംഗീകരിച്ചതോടുകൂടി മേല്പറഞ്ഞ ആക്ഷേപം വീണ്ടും ആരംഭിച്ചിരിക്കുന്നു. മാർത്താണ്ഡവർമ്മമഹാരാജാവ് തൻെറ സിംഹാസനമുറപ്പിക്കുവാൻ ചെയ്ത കഠിനകൃത്യങ്ങൾക്ക് പരിഹാരമായിട്ടാണ് മുറജപം ആരംഭിച്ചിട്ടുള്ളതെന്നും, തിരുവിതാംകൂർ രാജവംശവും, രാജ്യനിവാസികളും ഇന്നനുഭവിക്കുന്ന സാമ്പത്തികസുഖങ്ങളെല്ലാം ആ മഹാശയനാൽ ദത്തമായിട്ടുള്ളതാകകൊണ്ട്, അദ്ദേഹം ഏർപ്പെടുത്തിയ സമ്പ്രദായങ്ങളൊന്നും ഇന്നുള്ളവർക്ക് മാററുവാൻ അധികാരമില്ലെന്നും ചിലർ എതിർവാദവും ഈയിടെ പുറപ്പെടുവിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ പുതിയ വാദത്തിന്ന് ബലം നന്നെ കുറവാണെന്നുള്ളത് പ്രത്യക്ഷമാണ്. മാർത്താണ്ഡവർമ്മമഹാരാജാവ് ഏർപ്പെടുത്തിയ യാതൊരു ചട്ടവട്ടങ്ങൾക്കും ഇതുവരെ ഹാനിതട്ടിയിട്ടില്ലെന്നു വരുന്നപക്ഷം ഈ വാദത്തിന്ന് നിലയുണ്ടെന്നു സമ്മതിക്കാം. കാര്യത്തിൻെറ പരമാർത്ഥം അങ്ങിനെയല്ലല്ലൊ. ശ്രീമൂലം പ്രജാസഭ മാർത്താണ്ഡവർമ്മമഹാരാജാവിൻെറ സൃഷ്ടിയല്ല. ധർമ്മരാജ്യത്ത് ഒരുകാലത്ത് യാതൊരു മുടക്കവുംകൂടാതെ നടത്തിരുന്ന ഊട്ടുപുരകൾ ഇന്ന് എത്ര എണ്ണമുണ്ട്? മഹാരാജാവിൻെറ മഹാപാതകങ്ങൾക്ക് പരിഹാരമായിട്ടായിരിക്കണം ഊട്ടുപുരകളും സ്ഥാപിച്ചത്. ആ സ്ഥാപനം ഒരു ഭൂദേവൻ വേണ്ടെന്നു വെച്ചപ്പോൾ അന്ന് എതിർവാദത്തിന്നും ആരും ഉണ്ടായതായികേട്ടിട്ടില്ല. ഇന്നും മുറജപം വേണ്ടെന്നുപറവാൻ ഭൂദേവന്മാർക്ക് മടി കാണുന്നില്ല. സാക്ഷാൽ ദേവന്മാർ മുറജപം വേണമെന്നുള്ള അഭിപ്രായക്കാരാണോ എന്നറിയുവാൻ ഭൂലോകവും സുരലോകവുംതമ്മിൽ പൌരാണികകാലത്തുണ്ടായിരുന്നതുപോലുള്ള കൊള്ളക്കൊടുക്ക ഇപ്പോൾ ഇല്ലാത്തതുകൊണ്ട്, നിവൃത്തിയില്ലാതെവന്നതിൽ വ്യസനിക്കുകയെ നിർവ്വാഹമുള്ളു. യോഗക്ഷേമസഭ ഉണ്ണിനമ്പൂതിരിമാരുടെ യോഗമാണെന്നും അതിന്ന് നമ്പൂതിരിസമുദായത്തിൻെറ പ്രാതിനിദ്ധ്യംവഹിക്കാനുള്ള അധികാരമില്ലെന്നും ശഠിക്കുന്നവരോട്ട് വയോവൃദ്ധന്മാരുടെ സഭ വിപരീതമായി വല്ല പ്രമേയങ്ങളും അംഗീകരിച്ചിട്ടുണ്ടോ എന്നൊരു ചോദ്യമെ ചോദിക്കേണ്ടതുള്ളു. പിന്നെ വിദ്യാഭ്യാസം ഒരു ധർമ്മകാര്യമായിട്ടല്ലെ യാഥാസ്ഥിതികന്മാരും കരുതിവരുന്നത്. വിദ്യാധനംപോലെ ഒരു ധനമില്ലെന്നും, വിദ്യാദാനംപോലെ ഒരു ദാനമില്ലെന്നും പൌരാണികന്മാരും സമ്മതിച്ചിട്ടുള്ള സ്ഥിതിക്ക്, ഏതു ധർമ്മകാര്യത്തിന്ന് നീക്കിവെച്ചിട്ടുള്ള പണവും വിദ്യാഭ്യാസത്തിലേക്ക് വിനിയോഗിക്കുന്നതിനെപ്പററി ആരും കുററംപറയുന്നതല്ല. ഈ സംഗതിയിൽ പ്രജാക്ഷേമം പരമാദർശമായി കരുതിവരുന്ന മഹാറാണി തിരുമനസ്സിലെ ശ്രദ്ധ പതിഞ്ഞുകാണുമെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

## III

## "സവ്സമുദായമൈത്രി"

അനാചാരങ്ങൾകൊണ്ടു ഭ്രാന്തശാല എന്ന അപരനാമധേയത്തെ സമ്പാദിച്ച കേരളത്തിലെ സാമുദായികസ്ഥിതി ഇതരദേശങ്ങളിലേതുമായി ഒത്തുനോക്കുമ്പോൾ വളരെ ശോചനീയമായിട്ടാണിരിക്കുന്നതു്. ഈ പരിതാപകരമായ സാമുദായികസ്ഥിതി കേരളീയരുടേയും കേരളത്തിന്റേയും പുരോഗതിക്കു സീമാധികം തടസ്ഥമായിത്തീരുന്നുണ്ടെന്നു അതിനെപ്പററി അല്പം ചിന്തിച്ചാൽ അറിയാവുന്നതാണു്. അടുത്തകാലത്തു് കേരളത്തിൽ പലപരിഷ്കാരങ്ങളും പ്രചാരത്തിൽ വരുത്തുവാൻ പ്രയത്നിച്ചവൎക്കു്, ഇതു് അനുഭവവുമാണല്ലോ. ഈ സാമുദായികസ്ഥിതിയിൽ ഭേദഗതികൾ വരുത്തേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. ഇതിന്നു നായന്മാർമാത്രം ഒത്തുചേൎന്നാൽ പോരാതെയാണിരിക്കുന്നതു്. ഒരുകാലം കേരളത്തിലെ സാമുദായികസ്ഥിതിയെ നായന്മാൎക്കു ഇഷ്ടാനുസരണം രൂപീകരിക്കുവാൻ സാധിച്ചിരുന്നുവെങ്കിലും അക്കാലം എങ്ങോ തിരോധാനം ചെയ്തുകഴിഞ്ഞു. ഇന്നു നായന്മാൎക്കു അതിന്നുള്ള കെല്പും കോപ്പുമില്ല; അവരുടെ പരിഷ്കാരേച്ഛ പ്രവൃത്തിപഥത്തിൽ വരുത്തുവാൻ അവൎക്കു് ശക്തിയും ഇല്ല. ഇതരസമുദായങ്ങൾ അവൎക്കു തുല്യനിലയിലുമുണ്ടു്. ഈഴവരും തീയരും പരിഷ്കാരംകൊണ്ടു നായന്മാരെ ജയിച്ചിരിക്കയാണു്. എന്നുമാത്രമല്ല നായകസ്ഥാനം നായകന്മാരുടെ കയ്യിൽനിന്നും നിലത്തു പതിച്ചുകഴിഞ്ഞിരിക്കുന്നു. രാജാക്കന്മാൎക്കും തമ്പുരാക്കന്മാൎക്കുമാണു് പിന്നെ സാമുദായികസ്ഥിതിയിൽ പരിഷ്കാരം വരുത്തുവാൻ എളുപ്പമായിട്ടുള്ളതു്. എന്നാൽ കേരളത്തിൽ അത്രക്കു ശക്തി രാജകല്പനകൾക്കുമുണ്ടോ എന്നു സംശയമാണു്. കേരളം ഭിന്നരാജാക്കന്മാരുടെ ഭരണത്തിൽപെട്ടിരിക്കുന്നതിനാലും അവരുടെയിടയിൽ സാമുദായികവിഷയങ്ങളിലുള്ള ആദൎശങ്ങൾക്കു ഐകരൂപ്യം ഇല്ലാത്തതിനാലും ഇതു സാദ്ധ്യവുമല്ല. ഈ ഇരുപതാംനൂററാണ്ടിലും രാജാക്കന്മാരുടെ പരിഷ്കരണോദ്യമങ്ങൾക്കു യാഥാസ്ഥികരുടെ ബലമേറിയ തടസ്ഥമുണ്ടാകുമെന്നതിന്നു അഫ്ഘാനിസ്ഥാനിലെ അമാനുള്ളമഹാരാജാവിന്നു സ്ഥാനത്യാഗം ചെയ്യേണ്ടിവന്നകഥതന്നെ വിളിച്ചുപറയുന്നുണ്ടല്ലോ. കേരളത്തിൽ സാമുദായികപരിഷ്കാരം നടത്തുവാൻ ഇന്നു ആരുടെയെങ്കിലും സഹായസഹകരണങ്ങൾ ധാരാളമായി വേണ്ടതുണ്ടെങ്കിൽ അതു നമ്പൂതിരിമാരുടേതാണു്. രാജാക്കന്മാൎക്കു കല്പനകൾ പുറപ്പെടുവിക്കുവാൻ ധൈൎയ്യമില്ലാത്തതു് നമ്പൂതിരിമാരെ ഭയന്നിട്ടാണു്. നായന്മാൎക്കു് ആദൎശങ്ങളെ കൎമ്മത്തിൽ വരുത്തുവാൻ പ്രയാസം നമ്പൂതിരിമാർ നിമിത്തമായിരുന്നു. ദൈവഗത്യാ, യാഥാസ്ഥികസുഷുപ്തിയിൽനിന്നു കാലവും, ഇതരസമുദായസഹവാസവും, അല്പം ചിലരുടെ വിദ്യാഭ്യാസവും, സ്വതസ്സിദ്ധമായ വിശാലമനസ്കതയും നമ്പൂതിരിമാരെ

ഒന്നു ഉണൎത്തിവിട്ടിട്ടുണ്ട്. കേരളത്തിലെ സകല സമുദായങ്ങളും ഒത്തുചേൎന്നു ഐകമത്യത്തോടും, പരസ്പരസഹായാഭിലാഷത്തോടുംകൂടി പ്രയത്നിക്കുന്നതായാൽമാത്രമേ കേരളത്തിന്നു സായുജ്യമുള്ളൂവെന്നു അവൎക്കും വ്യക്തമായിരിക്കുന്നു. നമ്പൂതിരിമാരുടെ സഹകരണമുണ്ടായാൽ കേരളത്തിൽ ഏതുതരം പരിഷ്കാരവും നടപ്പിൽ വരുത്തുന്നതു് ഏതാനും നിമിഷനേരത്തെ പ്രവൃത്തിമാത്രമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആ ഒരു മഹാമനസ്കതയും, സഹോദരഭാവവും ഇപ്പോൾ നമ്പൂതിരിമാരുടെ ഇടയിൽ ഉണ്ടായികഴിഞ്ഞിരിക്കുന്നു. ഇതിന്നു നമ്പൂതിരിയുവജനസംഘത്തിന്റെ ഇക്കഴിഞ്ഞ വാൎഷികയോഗത്തിലെ ഏഴാം പ്രമേയം സാക്ഷ്യംവഹിക്കുന്നതാണ്. ജാതികൾതമ്മിലുള്ള ഉൽകൃഷ്ടാപകൃഷ്ടസ്ഥിതിയെ നിലനിൎത്തിവരുന്നതും, പല ചിന്തകന്മാരും സുപ്രസിദ്ധ സരസസാഹിത്യകാരനായ "കേസരി"യും പരിഹസിച്ചതുമായ ആചാരഭാഷ മേലാലെങ്കിലും സംസാരിക്കാതിരിപ്പാൻ നമ്പൂതിരിമാർ മററു സമുദായങ്ങളോടു അപേക്ഷിക്കുന്നതു് നോക്കുക. നമ്പൂതിരിമാർ ഈ പ്രമേയം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുമെന്ന കാൎയ്യത്തിൽ അവരുടെ അടുത്തകാലത്തെ പ്രവൃത്തികളെ സൂക്ഷ്മമായി പരിശോധിച്ചവൎക്കു് യാതൊരു ശങ്കക്കും വകയില്ലതന്നെ. യോഗക്ഷേമസഭയിലും സൎവ്വസമുദായമൈത്രിയെ വളൎത്തിക്കൊണ്ടുവരുവാൻ നമ്പൂതിരിമാർ ഒരു പ്രമേയം പാസ്സാക്കീട്ടുണ്ട്. കാലം ഇതു ഒരു സുവൎണ്ണവേളതന്നെയാകുന്നു. ഓരോ സമുദായത്തിന്നും ഇതരസമുദായത്തെ അപേക്ഷിച്ചു പരിഷ്കാരം സിദ്ധിക്കേണമെന്ന മോഹവും, അതോടുകൂടിത്തന്നെ സകല സമുദായങ്ങളുമായി സ്നേഹവും സഹകരണവും വേണമെന്ന ദൃഢാഭിപ്രായവും ഉള്ള സ്ഥിതിയ്ക്കു സൎവ്വസമുദായമൈത്രിക്കും, കേരളത്തിന്റെ സൎവ്വതോമുഖമായ അഭിവൃദ്ധിക്കും കേരളീയൎക്കു് പ്രയത്നിപ്പാൻ ഇതല്ലാതെ വേറെ ഏതാണൊരവസരം! സാമുദായികകാൎയ്യങ്ങളിൽ വേണ്ട പരിഷ്കാരം വരുത്തുന്നതിന്നു സാധാരണയായി കേരളീയർ അനുഭവിച്ചുവരുന്ന ഇതരസമുദായവിദ്വേഷം ഇനി നേരിടാതെ മേലാൽ കേരളസമുദായത്തെ ഒരു ശോഭനമായ ഭാവിയിലേക്കു നയിക്കുവാൻ നേതാക്കന്മാൎക്കു് മനസ്സുണ്ടാകട്ടെ! ഇത്തരം പ്രമേയങ്ങൾ എല്ലാ സാമുദായികസഭകളിലും അവതരിപ്പിച്ചു ഒരു സൎവ്വസമുദായനേതാക്കന്മാരുടെ സംഘം രൂപീകരിച്ചു അതിലെ അംഗങ്ങൾ കേരളത്തിന്റെ നന്മക്കു പ്രവൃത്തിക്കുമെന്നുതന്നെ പ്രതീക്ഷിക്കട്ടെ!

# വിമൎശവീഥി.

"രജനീരംഗം"

ഗ്രന്ഥകൎത്താവ്—വി. ടി. രാമൻ ഭട്ടതിരിപ്പാട്.

പ്രസാധകൻ—സി. കെ. രാജാ.

മംഗളോദയം പ്രസ്സ് തൃശ്ശിവപേരൂർ. വില എട്ടണ.

കാലത്തിന്നനുസരിച്ച കോലം എന്നുള്ള പഴഞ്ചൊല്ലു പണ്ടേയുള്ളതാണ്. ഈ ചൊല്ലിന്നനുസരിച്ചു നടപടികളിൽ ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കുന്നതും ലോകസ്വഭാവമാകുന്നു. അങ്ങിനെ കാലംകൊണ്ടു വന്നിട്ടുള്ള വ്യത്യാസങ്ങൾക്ക് ഐകരൂപ്യമുള്ള ഓരോ സംഘം ജനങ്ങളുമാണ് ഓരോ പ്രത്യേക സമുദായങ്ങളായിട്ട് പിരിഞ്ഞിട്ടുള്ളതെന്നും നിശ്ചയംതന്നെ. ആത്തരത്തിൽ ഓരോ സമുദായങ്ങളായി പിരിയുമ്പോൾ അതാതു സമുദായത്തിലെ ആചാരവിശേഷങ്ങൾക്ക സാൎവ്വത്രികമായ ഐകരൂപ്യം വരുത്തുന്നതിന്നും, ഒരിക്കലും വ്യതിചലിക്കാതെയുള്ള അനുഷ്ഠാനത്തിന്നുമായി സാമുദായികനിയമങ്ങൾ കൂട്ടിച്ചേൎത്തു സംഗ്രഹിച്ചു വ്യവസ്ഥപ്പെടുത്തുന്നതും ആവശ്യമാണല്ലൊ. ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള സമുദായങ്ങളും, സാമുദായികാചാരങ്ങളും, ആചാരനിയാമകങ്ങളായ പ്രമാണഗ്രന്ഥങ്ങളും ഇങ്ങിനെ ഉണ്ടായി നിലനിന്നും രൂപാന്തരംഭവിച്ചും പോരുന്നവയാണെന്നേ വിചാരിക്കുവാൻ തരമുള്ളൂ.

പരിതസ്ഥിതികൾക്കും രുചിഭേദത്തിന്നും അനുസരിച്ച് ആളുകൾക്കുണ്ടാവാനിടയുള്ള ആവശ്യങ്ങളും മാററങ്ങളും ഒഴിച്ചുകൂടാത്തവയാകുന്നു. ഒരുനിലയിൽ ചിരപരിചയംകൊണ്ട് ഉറച്ചുകിടക്കുന്ന ഒരു സമുദായവും ഇതിൽനിന്നു വ്യത്യസ്തമാവാൻ തരമില്ല. ഒരുകാലത്ത് ആ സമുദായത്തിലെ ആചാരവിശേഷങ്ങൾ അന്നേത്തെ നിലക്ക് എത്രതന്നെ നിർദ്ദോഷങ്ങളായി ഗണിക്കപ്പെട്ടിരുന്നാലും കാലപരിണാമത്താൽ ആവശ്യമായിത്തീൎന്നിട്ടുള്ള മാററങ്ങളെ തീരെ ഒഴിച്ചുവിടുവാൻ നോക്കുന്നതു യോഗ്യതയായി ഗണിക്കുന്നതുമല്ല. ക്ഷേമകാംക്ഷികളായ ബുദ്ധിമാന്മാർ ആത്തരം ആവശ്യങ്ങളും പരിഷ്കാരങ്ങളും ആവശ്യമാണെന്നറിഞ്ഞാൽ അവരവരുടെ സമുദായത്തിൽവരുത്തുവാൻ ഉടനടി പ്രയത്നിക്കുകയും പതിവാണ്. ചിലപ്പോൾ പല വിപ്ലവങ്ങളും കഷ്ടനഷ്ടങ്ങളും ഉണ്ടായിത്തീൎന്നെന്നും വരാം. നല്ലതോ ചീത്തയോ ആവട്ടെ ചിരപരിചിതമായരീതിക്ക് എന്തെങ്കിലും മാററം വരുത്തുമ്പോളെല്ലാം ഇങ്ങിനെ പ്രക്ഷോഭങ്ങളുമുണ്ടാവുന്നതു ലോകസ്വഭാവമാകുന്നു. പ്രക്ഷോഭം ശമിച്ചതിന്നുശേഷം പരിഷ്കാരങ്ങൾ ആരംഭിക്കാമെന്നു കരുതുന്നതു "തിരനീങ്ങി കടലാടാം" എന്നു വിചാരിക്കുംപോലെയാകുന്നു,

ഈവക തത്വങ്ങളെ ആസ്പദമാക്കിക്കൊണ്ട് മലയാളത്തിലെ നമ്പൂതിരിമാരും തങ്ങളുടെ സമുദായത്തിൽ പല പരിഷ്കാരങ്ങളും വരുത്തുവാനിറങ്ങിപ്പുറപ്പെട്ടിട്ടുള്ള അവസരമാണ് ഇത്. ആ ഉദ്യമം ഒരിക്കലും അപേക്ഷായോഗ്യവുമല്ല. എന്നുതന്നെയല്ല ഒരു കാലത്ത്, അറിവുകൊണ്ടും, ആചാരശുദ്ധികൊണ്ടും, അന്നത്തെ നിലയിലുള്ള പരിഷ്കാരരീതികളെക്കൊണ്ടും, മലയാളികളുടെ മുന്നണിയിലായിരുന്ന നമ്പൂതിരിവൎഗ്ഗം, സ്വായത്തമായ ആ വമ്പും മുമ്പും നിലനിന്നുപോവാൻ വേണ്ടി ഏൎപ്പെടുത്തിവെച്ചിട്ടുള്ള ആചാരമൎയ്യാദകളുടെ നീക്കത്തൂക്കം കൂടാതെയുള്ള അനുഷ്ഠാനംകൊണ്ടുതന്നെ പിന്നിൽപെട്ടുപോവാനിടവരുന്നുവെങ്കിൽ അതു വലിയ കഷ്ടമാകയാൽ ഉൽപതിഷ്ണുക്കളായ ഉത്സാഹികളെ അഭിനന്ദിക്കേണ്ടതുമാകുന്നു.

പക്ഷെ പുരാതനാചാരങ്ങളിൽ യാഥാസ്ഥിതികന്മാൎക്കുള്ള മൎക്കടമുഷ്ടിയും, ഉൽപതിഷ്ണുക്കളുടെ എടുത്തുചാട്ടവും കൂട്ടിമുട്ടുംപോഴാകുന്നു വിഷമം. ഇത്തരം പല വിഷമതകളും നേരിട്ടുകൊണ്ടിരിക്കുന്ന നമ്പൂതിരിസമുദായത്തിലെ ഉൽപതിഷ്ണുക്കളിൽ ഒരു പ്രധാനിയാകുന്നു പ്രസ്തുത പുസ്തകത്തിന്റെ കൎത്താവ്. ഇത്രയും പ്രസ്താവിച്ചാൽതന്നെ യാഥാസ്ഥിതികന്മാൎക്കു രുചിക്കാത്തവിധമായിരിക്കും ഇതിലെ വിഷയമെന്നു വ്യക്തമാവും. സൽക്കാരമോ ശകാരമോ അല്ലാതെ രണ്ടിനും ഇടയിൽ യുക്തിപൂൎവ്വമായ ഒരു നയംകൂടി അംഗീകരിക്കേണ്ടതായിട്ടുണ്ടെന്ന് പാശ്ചാത്യപ്രവൎത്തകന്മാരെപ്പോലെ ഇതിന്റെ കൎത്താവും ധരിച്ചിട്ടില്ലെന്നു തോന്നുന്നു.

ഇതിൽ വിഷുക്കേട്ടം, അതികഠിനം, സ്വപ്നമോ മായയോ മതിഭ്രാന്തിയോ, ഫിപ്പ് ഫിപ്പ് ഹുറെ, നമുക്കു ഗാൎഹസ്ഥ്യവഴിക്കു നേടിടാം വിമുക്തിയെക്കൊള്ളുമഖണ്ഡമാം സുഖം എന്നിങ്ങിനെ അഞ്ചുപന്യാസങ്ങളുള്ളതിൽ ഒന്നാമത്തേതായ വിഷുക്കേട്ടം എന്ന ഉപന്യാസം നമ്പൂതിരിമാരുടെ ഇടയിൽ വിവാഹരീതിയിലും മററും ഇപ്പോൾ നടപ്പുള്ള ആചാരങ്ങളെ ഭേദപ്പെടുത്തി അന്യോന്യാനുരാഗത്തിന്നനുസരിച്ചു ദാമ്പത്യം കൈക്കൊള്ളുവാൻ സംഗതിയാക്കിയാൽ ഉണ്ടാവാനിടയുള്ള ഗുണങ്ങളെ സങ്കല്പത്താൽ ഭാവനംചെയ്തുകൊണ്ടെഴുതിയതാകുന്നു.

ഇപ്പോൾ നമ്പൂതിരിമാരുടെ ഇടയിൽ ഒരാൾതന്നെ രണ്ടും മൂന്നും വിവാഹം നടപ്പുള്ളതുനിമിത്തം നേരിടുന്ന അസുഖങ്ങളും കുടുംബകലഹങ്ങളും ദുരവസ്ഥകളും പരമകാഷ്ഠയെ പ്രാപിച്ച നിലയെ സങ്കല്പത്താൽ കണ്ടുകൊണ്ടെഴുതിയ 'അതികഠിനം' എന്ന ലേഖനം മനസ്സിനെ ഇളക്കിത്തീൎക്കത്തക്ക ഒന്നായിട്ടുണ്ട്.

പുത്രിമാരുടെ ഭാവിയെപ്പററി യാതൊരു ചിന്തയുംകൂടാതെ, വാത്സല്യമുള്ള പിതാക്കന്മാർപോലും, വല്ല പ്രത്യേക ഉദ്ദേശത്തോടുകൂ

ടിയൊ, ആഭിജാത്യാഭിമാനങ്ങൾക്കുവേണ്ടിയൊ, വല്ല പടുകിഴവന്മാക്കും—അതിലും വിശേഷിച്ച്—അഞ്ചാമത്തെയൊ ആറാമത്തെയൊ പത്നിയായിട്ടും വിവാഹംകഴിച്ചുകൊടുത്തു പുത്രിമാരെ കയ്യൊഴിച്ചു കൃതകൃത്യന്മാരാവുന്നതിനാൽ നേരിടുന്ന കഷ്ടങ്ങൾക്ക് ഒരു ഉത്തമോദാഹരണമാണ് മൂന്നാംലേഖനം.

മുക്കിലും മൂലയിലുമിരുന്നും വാരം മുതലായ സമ്മേളനങ്ങളിൽ വെച്ചും യുവജനങ്ങളേയും ഉൽപതിഷ്ണുക്കളേയും ആക്ഷേപിച്ചും, വീരവാദംചെയ്തും, എന്നാൽ യാതൊരു നിയന്ത്രണവുമില്ലാതെ വ്യഭിചാരാദി ദുർവൃത്തികളിലേർപ്പെട്ടും കഴിയുന്ന ചില മൂത്ത യാഥാസ്ഥിതികന്മാരുടെ അഭിപ്രായഗതികളേയും പ്രവൃത്തികളേയും ആക്ഷേപിച്ചുകൊണ്ടും തന്നിമിത്തം സമുദായത്തിന്നും പൊതുജനങ്ങൾക്കുംനേരിടുന്ന അവമാനാസൌകര്യങ്ങളെ വെളിപ്പെടുത്തിക്കൊണ്ടുമുള്ളതാണ് നാലാമത്തേത്.

മുഷിപ്പനായ വേദാഭ്യസനം മടുത്തു, ഗുരുഗൃഹത്തിൽവെച്ച്, ഇംഗ്ലീഷുപഠിച്ചു വിരുദധാരിയായെ മടങ്ങിവരുന്നുള്ളു എന്നു ശപഥം ചെയ്തു പോയ അഷ്ടമൂർത്തിനമ്പൂതിരി ഉദ്ദേശം സാധിച്ചു മടങ്ങിവന്ന്, ബാല്യസഖിയും, തന്നിൽ അനുരാഗിണിയും, തന്റെ അനുരാഗപാത്രവും, ഗുരുപുത്രിയുമായ തേതിക്കുട്ടി അന്തർജ്ജനത്തെ താദാത്വികമായ മാനസപരിഷ്കാരത്തിന്നനുസരിച്ചവിധം ഗൃഹിണിയായി സ്വീകരിച്ചതാണ് അഞ്ചാമുപന്യാസത്തിലെ വിഷയം.

ഇതിലെ എല്ലാം ഉദ്ദേശം സാമുദായികങ്ങളായ ന്യൂനതകളെ ശരിയായി വെളിപ്പെടുത്തി ശ്രേയസ്കരമായ അനുഷ്ഠാനമാർഗ്ഗം കാണിച്ചുകൊടുക്കുകയാകുന്നു എന്നതിന്നു വാദമില്ല. എന്നാൽ വിഷുക്കേട്ടത്തിലും ഒടുവിലത്തെ ഉപന്യാസത്തിലും സൂചിപ്പിച്ചപ്രകാരം പരമകാഷ്ഠയിലെത്തിയ പരിഷ്കരണവും സ്വാതന്ത്ര്യവും പ്രാരംഭദശയിൽതന്നെ തുടങ്ങുന്നത്, നാലാം ഉപന്യാസത്തിൽ സൂചിപ്പിച്ചപ്രകാരം പത്രങ്ങളുടേയും യാഥാസ്ഥിതികന്മാരുടേയും ആക്ഷേപത്തിന്നു കാരണമായും, അഥവാ അതു നിസ്സാരമായി ഗണിക്കുന്നപക്ഷവും ആപൽകരമായും തീരില്ലയൊ എന്നു സംശയിക്കുന്നു. സങ്കല്പനിർമ്മിതമായ മാതൃകാസ്ഥാനം അതായിരിക്കുന്നതിന്നു വിരോധമില്ല. പക്ഷെ ശരിയായ വിദ്യാഭ്യാസംകൊണ്ടും ലോകപരിജ്ഞാനംകൊണ്ടും വാസ്തവമായ ബുദ്ധിസംസ്കാരം സിദ്ധിച്ചിട്ടുള്ള സ്ത്രീപുരുഷന്മാർക്കുമാത്രമല്ലാതെ അത്തരം സ്വാതന്ത്ര്യം അനുവദിക്കുന്നത് ആപൽകരംതന്നെയായിരിക്കും. ഇപ്പോഴത്തെ സ്ഥിതിയിലുള്ള അസുഖാവസ്ഥയും സങ്കല്പനിർമ്മിതമായ ആ മാതൃകാസ്ഥിതിയിലായാലുള്ള പരിപൂർണ്ണസുഖവും ഒരേ നിരയിൽനിർത്തി കാണിച്ചു ബോദ്ധ്യംവരുത്തുകയാണല്ലോ ഗ്രന്ഥകാരന്റെ ഉദ്ദേശം. അതു നന്നായി ഫലിച്ചിട്ടുണ്ടെന്നതിന്നു വാദമില്ല. സമുദായത്തിൽ ആഗ്രഹിക്കു

ന്ന പരിഷ്കാരങ്ങളുടെ എല്ലാ ഭാഗങ്ങളും ഉപന്യാസങ്ങളിൽ ഏറെക്കുറെ പ്രതിപാദിതമായിട്ടുണ്ട്. ഭാഷക്കും പ്രതിപാദനരീതിക്കും കുററം പറയാൻ തരമില്ല. എന്നാലും ഇത്ര പച്ചയായി പറയരുതായിരുന്നു എന്നു തോന്നാവുന്ന പല ഭാഗങ്ങളും ഇതിലുണ്ട്. അഞ്ചാമുപന്യാസത്തിൽ, ക്ഷേത്രത്തിൽവെച്ചു സംസാരിച്ചുകൊണ്ടുനില്ക്കുന്ന അഷ്ടമൂത്തിനമ്പൂതിരിയേയും തന്റെ സോദരിയേയും കണ്ട അവസരത്തിൽ കുഞ്ചുനമ്പൂതിരി പറയുന്ന ഭാഗം—തന്റെ സഹോദരിയുണ്ടാക്കിയ പിച്ചകമാല അഷ്ടമൂത്തിനമ്പൂതിരിയുടെ കഴുത്തിൽ കണ്ടപ്പോൾ അവരെ പാൎവ്വതീപരമേശ്വരന്മായി അദ്ധ്യവസായംചെയ്തുകൊണ്ടുള്ള സോദരന്റെ വാക്യം—തല്കാലത്തെ സ്ഥിതിക്കു കുറച്ചധികം കവിഞ്ഞുപോയി എന്നു പറയാതെ നിവൃത്തിയില്ല.

ഇങ്ങിനെ അവിടവിടെ ചില ന്യൂനതകൾ കണ്ടേക്കാമെങ്കിലും, "മെല്ലെത്തിന്നാൽ മുള്ളും തിന്നാം" എന്ന നയത്തെ വിലംഘിച്ചുകൊണ്ടുള്ള അല്പം സാഹസമായ രീതിയിലാണ് പുറപ്പാട് എങ്കിലും, ശുഭമായ ഉദ്ദേശത്തോടുകൂടിയാണെന്നുള്ളതിനാൽ ഗ്രന്ഥകൎത്താവിന്റെ ഉദ്യമം അഭിനന്ദിക്കത്തക്കതുതന്നെയാകുന്നു.

കുറിപ്പ്:—കൎണ്ണഭൂഷണം, സവ്വദേശീയസഭ, ചിററൂർ നമ്പൂതിരിപ്പാട്, തച്ചോളി ഒതേനൻ, ജലചികിത്സ, കേരളഭാഷാചരിത്രം, പ്രേതലോകം, രാജയോഗിനി ഇവയുടെ നിരൂപണങ്ങൾ അടുത്ത ലക്കത്തിലുണ്ടാവുന്നതാണ്.

---

# വിജ്ഞാനസൌധം.

"ഞാൻ പത്രാധിപരായിരുന്നാൽ."

പാശ്ചാത്യരാജ്യങ്ങളിലെ പത്രങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയും, പത്രങ്ങൾ വായിക്കുന്നവരുടെ അഭിരുചിയും അറിവാൻ ഇയ്യിടെ ഒരു സൂത്രം കണ്ടുപിടിച്ചിട്ടുണ്ട്. അത് "ഞാൻ ഒരു പത്രാധിപരായാൽ എന്തുചെയ്യും?" എന്നു ഓരോ പ്രധാനികളെക്കൊണ്ടു പറയിക്കുകയാണ്. ഈ ഒരു സൂത്രം പാശ്ചാത്യരാജ്യങ്ങളിൽ സാധാരണമാണ്. ഇങ്ങിനെ പല വിഷയങ്ങളും, പല ചോദ്യങ്ങളും പത്രാധിപന്മാർ വായനക്കാൎക്ക് എഴുതി ചോദിക്കുകയും അവരുടെ മറുപടി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു വായനക്കാൎക്കു നേരമ്പോ[illegible] അതുപോലെ മേൽ കാണിച്ച ചോദ്യത്തിന്നു ചില മഹാന്മാർ പറഞ്ഞ മറുപടി വളരെ രസാവഹമാണ്. കാനൺ അലക്സാണ്ടർ എന്ന ഒരു പാതിരിയുടെ അഭിപ്രായം പത്രങ്ങളെ വേണ്ടെന്നാണ്. അതുകൊണ്ട്,

അയാൾക്കു പത്രാധിപരായിരിക്കാൻ കഴികയില്ലല്ലൊ. ഒരാൾ പത്രാധിപരായിരുന്നാൽ പത്രങ്ങളിൽ സാധാരണ നടപ്പുള്ള മത്സരങ്ങൾ നിൎത്തൽ ചെയ്യുമത്രെ. അതായത്, സ്ത്രീകൾ കുളിക്കുമ്പോൾ എടുത്ത ചിത്രങ്ങളെ കാണിച്ച് ഏതാണ് നല്ലതെന്നു മത്സരിക്കുക മുതലായ പ്രവൃത്തികളെയാണ് ഇയാൾ നിൎത്താൻ ആഗ്രഹിക്കുന്നത്. വേറൊരാൾ പത്രാധിപരായാൽ ഉടനെ വിവിധവൎണ്ണത്തിലുള്ള വിശേഷാൽപ്രതികളും ഉപപത്രങ്ങളും പുറപ്പെടുവിക്കുമത്രെ. സാധാരണ അച്ചടിയോടും പത്രങ്ങളോടും വായനക്കാൎക്കു അത്രയെ രസമുള്ളുവെന്നു തോന്നുന്നു. മൂന്നാമതൊരാൾക്കു പത്രാധിപത്യങ്ങളിൽ അത്ര ഇഷ്ടമില്ല. അതുകൊണ്ടു അയാൾ തനിക്കു നല്ല കീഴുദ്യോഗസ്ഥന്മാരെ നിശ്ചയിച്ചു ഭാരം മുഴുവൻ അവരെ ഏല്പിക്കുകയാണ് ചെയ്യുക. മറെറാരാൾ പറഞ്ഞതാവിതു:—"ഞാൻ ഒരു പത്രാധിപരായിപ്പോയെങ്കിൽ—അങ്ങിനെ വരാതിരിപ്പാൻ ജഗദീശ്വരൻ സഹായിക്കട്ടെ!—ആദ്യം ആരാണൊ വന്നു എന്നെ കാണുന്നത് അയാളെ ഞാൻ പത്രാധിപത്യം ഏല്പിക്കും" അഞ്ചാമതൊരാൾ പത്രാധിപത്യം ഏററു ശമ്പളം ശരിക്കുവാങ്ങി വേറെ തമാശകളിൽ ഏൎപ്പെടുമത്രെ. പിന്നൊരാൾക്കു പത്രാധിപരാവാൻ കഴികയില്ല, പക്ഷെ പത്രം നന്നാക്കുന്ന കാൎയ്യത്തിൽ പത്രങ്ങളിൽ കുറെ കൂടി ചിത്രങ്ങൾ ചേൎക്കണമെന്നാണ് അഭിപ്രായം.

ഈയവസരത്തിൽ "മലയാളത്തിലുള്ള പത്രങ്ങളുടെയും മാസികകളുടെയും അധിപരായിരിപ്പാൻ എനിക്കു സാധിച്ചാൽ ഞാൻ എന്തുചെയ്യു"മെന്നു ഒരു മാന്യൻ ഞങ്ങൾക്കെഴുതിയതും ഇവിടെ ചേൎത്തുകൊള്ളട്ടെ. "എനിക്കു പത്രാധിപരായിരിപ്പാൻ യാതൊരു വിമുഖതയുമില്ല. എനിക്കു അതിമോഹമാണുള്ളതു്. ഒന്നാമത് ഞാൻ എന്റെ ഫോട്ടൊ എല്ലാ ലക്കങ്ങളിലും എല്ലാ വിധത്തിലും പ്രസിദ്ധപ്പെടുത്തും. കവർപേജിന്മേൽ അതു എപ്പോഴും മിന്നിത്തിളങ്ങുകയും ചെയ്യും. രണ്ടാമത് മററുപത്രാധിപന്മാർ പ്രസിദ്ധപ്പെടുത്താതെ എനിക്കു മടക്കി അയച്ച ലേഖനങ്ങൾ എല്ലാം ഞാൻ അതിൽ പ്രസിദ്ധപ്പെടുത്തും. മൂന്നാമത് ചില ലേഖകന്മാർ അയച്ചുതരുന്ന ലേഖനങ്ങളുടെ വേഷം മാററി എന്റേതാക്കിയും പ്രസിദ്ധപ്പെടുത്തും. മാസികയിൽ ആദ്യവസാനം എന്റെ പേർ ചേൎക്കും. ചിലപ്പോൾ മുഴുവൻ പേരും ചിലപ്പോൾ ഏതാനും അക്ഷരങ്ങൾ മാത്രവും ചേൎക്കും. എന്റെ സ്നേഹിതന്മാരെക്കൊണ്ടു എന്നെ പുകഴ്ത്തിക്കൊണ്ടുള്ള ലേഖനങ്ങൾ എഴുതിച്ചു പ്രസിദ്ധപ്പെടുത്തും. മററുമാസികകളിൽ എന്നെപ്പററി കുററം പറഞ്ഞാൽ ഞാൻ അതിന്നു അവരെ എന്റെ പത്രങ്ങളിൽ ശകാരിക്കും. എനിക്കു വിരോധമുള്ളവരുടെ കോങ്കണ്ണിനെപ്പററി എപ്പോഴും ഞാൻ മുഖപ്രസംഗം എഴുതും. എന്റെ രുചിക്കും, എന്റെ പണസ്സഞ്ചിക്കും യോജിച്ചവരെ സ്തുതിക്കും. അന്യരുടെ കക്ഷിയെ ശകാരിക്കും. എന്റെ

മതത്തേയും ജാതിയേയും ഞാൻ രക്ഷിക്കും. എന്റെ ജാതിക്കാർ എഴുതിയവയൊക്കെ ഞാൻ പ്രസിപ്പെടുത്തും; അല്ലാത്ത ലേഖനങ്ങൾ "സാഹിത്യതിലക"നെഴുതിയാലും "കവിസാർവ്വഭൌമ"നെഴുതിയാലും ഞാൻ ത്യജിക്കും. എന്റെ പത്രത്തെ ഞാൻ എന്റേതാക്കും."

കെ. വി.

പട്ടിണി:—കുറേദിവസത്തോളം ആഹാരമൊന്നും കൂടാതെ ഇരിക്കുന്നതു ശരീരത്തിന്ന് വളരെ ഗുണകരമാണെന്നു കേൾക്കുന്നു. പട്ടിണി എത്രദിവസത്തോളം ഇടാം എന്നത് ഓരോരുവന്റെ ശരീരായാസത്തിനനുസരിച്ചിരിക്കും. ഏററവും തടിയന്മാക്ക് രണ്ടുമൂന്ന മാസത്തോളം പട്ടിണിയിടാൻ വയ്ക്കും. വെള്ളവുംകൂടി തൊടാതെ ഡോക്ടർ ടർനർ പതിനഞ്ചു ദിവസം പട്ടിണി കിടന്നിരുന്നു. അയർലണ്ട്കാരനായ ഒരു തടവുകാരൻ യാതൊന്നും തൊടാതെ 72 ദിവസം കഴിച്ചു മരിച്ചുപോയിരിക്കുന്നു. ഡോക്ടർ മസ്ഫാഡൻ തന്റെ ചികിത്സക്ക് വന്നിരുന്ന പല രോഗികളെക്കൊണ്ടും 30 മുതൽ 40 വരെ ദിവസം പട്ടിണി കിടത്തിച്ചിരുന്നു. ലാഹോറിലെ ഒരാൾ 56 ദിവസം പട്ടിണിയിട്ടു. പട്ടിണിയിടുമ്പോൾ കാച്ചിത്തണുത്ത വെള്ളം മാത്രമേ കുടിക്കാവു. വിശപ്പ് സഹിപ്പാൻ പാടില്ലെന്നു കാണുമ്പോൾമാത്രം വെള്ളത്തിൽ ഒന്നുരണ്ടു തുള്ളി ചെറുനാരങ്ങ ഉററിക്കാം. പട്ടിണിയിടാൻ കൂടി രണ്ടുമൂന്നു ദിവസത്തോളം മലവിസർജ്ജനം ഉണ്ടാകും. മുമ്മൂന്നുദിവസംകൂടുമ്പോൾ എനീമ (വെള്ളം പുരീഷാശയത്തിൽ കടത്തുക) വെക്കണം. ചിലക്കു രണ്ടുമൂന്നുദിവസം പട്ടിണിയിടുമ്പോൾ ഛർദ്ദിതുടങ്ങും. അവർ അപ്പോൾ തന്നെ പട്ടിണി നിർത്തേണ്ടതാണ്. ഇതുപോലെതന്നെ പട്ടിണി ഇടുന്ന ആൾ കൂടക്കൂടെ താന്താങ്ങളുടെ നാഡി പിടിച്ചുനോക്കേണ്ടതാണ്. ഒരു മിനുട്ടിൽ ഉണ്ടാകുന്ന തുടിപ്പ് അറുപതിൽ താഴുകയോ തൊണ്ണൂറിൽ കവിയുകയോ ചെയ്താൽ അപ്പോൾതന്നെ പട്ടിണി നിർത്തേണ്ടതാസ്സുരും. പട്ടിണി ഏഴു ദിവസത്തോളം മതി എന്നുവെച്ചാൽ എട്ടാംദിവസം വെറും പഴത്തിന്റെ നീരും അസാരം പാലും കഴിച്ചാൽമതി. പട്ടിണി കഴിഞ്ഞ രണ്ടാംദിവസം കുറച്ച് ആഹാരം കഴിക്കാം. പട്ടിണി ഏഴുദിവസത്തിലും വളരെ കവിഞ്ഞു പോയിട്ടുണ്ടെങ്കിൽ, പട്ടിണി നിർത്തൽചെയ്ത ദിവസം മധുരനാരങ്ങയുടേയോ മുന്തിരിങ്ങയുടേയൊ സത്ത് മാത്രമേ കുടിക്കാവു. ഇതും രണ്ടുപ്രാവശ്യമേ പാടുള്ളു. രണ്ടാംദിവസം മേല്പറഞ്ഞ നീർ നാലഞ്ചുപ്രാവശ്യം കഴിക്കുന്നതു കൂടാതെ ഒരു ചെറുനാരങ്ങയുടെ നീരും കുടിക്കാം. മൂന്നാംദിവസം ഈരണ്ടുമണിക്കൂർ കൂടുംതോറും അല്പാല്പം പാൽ കുടിക്കണം. നാലാംദിവസവും അപ്രകാരം കഴിക്കണം. മൂന്നും നാലും ദിവസങ്ങളിൽ ഓരോ പ്രാവശ്യമെങ്കിലും മധുരനാരങ്ങയുടേയോ മുന്തിരിങ്ങയുടേയോ നീർ സേവിക്കണം. ഇങ്ങിനെ ക്രമത്തിൽ മാത്രമേ പണ്ടേപ്രകാരമുള്ള ആഹാരം സ്വീകരിക്കാവു.

പക്ഷികളുടെ രോഗം:—പാലക്കാട്ട് പക്ഷികൾക്കമാത്രം ബാധിക്കുന്ന ഒരു അപായകരരോഗം തുടങ്ങിയിരിക്കുന്നുപോലും. കോഴിയും പ്രാവും കാക്കയും കണക്കിലേറെ ചാകുന്നുണ്ടുപോലും. കാക്ക കണക്കിലേറെ അവിടെ ഇല്ലാത്തത് കൊണ്ട് കണക്കിലേറെ ചാകുന്നുണ്ടെന്നു പറവാൻ പാടില്ല. എതായാലും ഓരോടിക്കിൽ കണക്കിലേറെ കാണുന്നജന്തുക്കളോക്കെ ചത്തൊടുങ്ങുന്നത് കണക്കിലേറെ ഗുണമാണ്

മഴപെയ്യിപ്പിക്ക:—ചില പ്രത്യേകതരം പ്രാർത്ഥനകൊണ്ട് മഴയെ ക്ഷണിച്ചുവരുത്തി പെയ്യിപ്പിക്കാൻ സാധിക്കുമെന്നു പല രാജ്യക്കാരിലും പ്രബലമായ വിശ്വാസം ഉണ്ടായിക്കാണുന്നുണ്ട്. വടക്കെ മലയാളത്തിലെ അപരിഷ്കൃതരായ കൃഷകന്മാർ "മഴ പൈപൈ ചോരക്കണ്ണു—തത്തക്കും തവളക്കും വെള്ളമില്ല" എന്ന് ഒരേടത്തിരുന്നു ഉരുവിടുന്നതു കാണാം. ബെങ്കളൂരിൽ നടപ്പുള്ള സമ്പ്രദായം മറെറാരുവിധമാണ്. മഴരാജൻ എന്ന ഒരു ദേവതയുടെ രൂപമുണ്ടാക്കി എല്ലാവീട്ടിലും കൊണ്ടുചെല്ലുന്നു. വീട്ടുകാർ ആ വിഗ്രഹത്തിന്റെ തലമേൽ വെള്ളം ഒഴിച്ചതിൽ പിന്നെ ഒരു ചുരുങ്ങിയ സംഖ്യ ഈ ക്രിയ നടത്തുന്നവക്ക് സമ്മാനം വെക്കുന്നു. ക്രിയ നടത്തുന്നവർ ഒരു പാട്ടും പാടാറുണ്ട്. അതിന്റെ തർജ്ജമ ഇവിടെ ചേക്കാം! പെയ്യു പെയ്യു, മഴദേവതെ—പെയ്യു, പെയ്യു, മഴദേവതെ! മഴദേവതയുടെ കാന്ത നമ്മുടെ അമ്മയത്രെ. ഫോണൈ ഗൌഡ ഉള്ളിനട്ടിരിക്കുന്നു. പെയ്യു പെയ്യു മഴദേവതെ. പട്ടാഗൌഡനെല്ല് നട്ടിരിക്കുന്നു പെയ്യു. പെയ്യു. മഴദേവതെ". ഇങ്ങിനെ ചെയ്യാതിരുന്നാൽ മഴ കേവലം ഉണ്ടാകുന്നതല്ലെന്ന് ജനങ്ങൾ കണിശമായി വിശ്വസിച്ചു വരുന്നു.

മഹാരാജാക്കന്മാരുടെ മാസ്സപ്പടി:—നാഭാ എന്നത് നാട്ടുരാജാവ് ഭരിക്കുന്ന ഒരു ചെറിയ രാജ്യമാണ്. ആ രാജ്യത്തിലെ രാജാവ് സ്ഥാനം ഒഴിഞ്ഞുകൊടുത്തു. അദ്ദേഹത്തിന്ന് കൊടുത്തിരുന്ന പെൻഷ്യൻ മാസംതോറും ഇരുപത്തയ്യായിരം ഉറുപ്പികയായിരുന്നു. സ്ഥാനം ഒഴിഞ്ഞ ആൾക്ക് കൊല്ലത്തിൽ മൂന്നുലക്ഷം ഉറുപ്പിക കൊടുക്കേണമെങ്കിൽ ഭരിക്കുന്ന രാജാവിന്നു കൊല്ലത്തിൽ എത്രലക്ഷം കൊടുക്കുന്നുണ്ടാകും? ഇന്ത്യാഗവമ്മെണ്ട് സ്ഥാനം ഒഴിഞ്ഞ ആളുടെ മാസ്സപ്പടി മാസത്തിൽ പതിനയ്യായിരമാക്കി ഒന്നാമത് ചുരുക്കി. ഇപ്പോൾ പിന്നേയും അത് അയ്യായിരത്തിനാന്നൂറ് ഉറുപ്പികയായി ചുരുക്കിയിരിക്കുന്നു. പ്രജകളുടെ പണം എത്ര ലക്ഷമാണ് ചില മഹാരാജാക്കന്മാർ ലക്ഷ്യമില്ലാതെ ചിലവ് ചെയ്യുന്നത് എന്നു പറഞ്ഞറിയിപ്പാൻ പ്രയാസംതന്നെ.

ഒരു പുതിയമാതിരി ഘടികാരം:—നമുക്ക പരിചയമുള്ള ഘടികാരത്തിന്ന് മണിക്കൂർസൂചി, മിനുട്ട്സൂചി എന്ന് രണ്ടുതരം സൂചികളും ഒന്നുമുതൽ 12 വരെ എണ്ണവും ഉള്ള ഒരു മുഖമാണുള്ളത്. സമ

യമറിയണമെങ്കിൽ ആ മുഖത്ത് ഒരു നോട്ടംവെച്ചാൽ സൂചികളുടെ നില്പ് കണ്ടിട്ട് നമുക്കു സമയം ഗ്രഹിക്കാവുന്നതാണ്. എന്നാൽ ഈയിടെ ഒരു ശാസ്ത്രജ്ഞൻ ഉണ്ടാക്കിയ ഘടികാരത്തിന്റെ വിശേഷവിധി എന്താണെന്നുവെച്ചാൽ സമയം അറിയേണ്ടുന്ന ആവശ്യം നേരിട്ടാൽ ഒരു സ്ക്രൂർ അമത്താൽമതി ഗ്രാമോഫോണിൽനിന്ന് വരുമ്പോലെ സമയം ശരിയായി ആരോ വിളിച്ചുപറയുമ്പോലെ കേൾക്കാവുന്നതാണ്.

ശിശുക്കൾ:—ജനിച്ച ഉടനെതന്നെ ഒരു കുട്ടിക്ക് കാഴ്ച ഉണ്ടാകുന്നതല്ല. ഇതും ശീലിച്ചു വശത്താക്കേണ്ടുന്ന ഒരു വിദ്യയാണത്രെ. മൂന്നാഴ്ചകൊണ്ടേ കുട്ടിക്ക് ശരിയായ കാഴ്ച സിദ്ധിക്കുകയുള്ളൂ. ബാക്കിയുള്ള ഇന്ദ്രിയങ്ങളുടെ കാര്യത്തിലും പരിശീലനം വളരെ മുഖ്യമായതാണ്. അടുപ്പം അകലെ, എന്നത് ഊഹിച്ചു മനസ്സിലാക്കുന്നതു് ഒരു കുട്ടിക്ക് വളരെ ശീലിച്ചാലെ സാധിക്കുകയുള്ളൂ

കൊണൻഡോയിൻ:—ഇദ്ദേഹം ഒരു പ്രസിദ്ധകുററാന്വേഷണനോവലെഴുത്തുകാരനാണ്. സ്മാരവിദ്യകൊണ്ട് കുററംചെയ്തവരെ ശരിയായി കണ്ടുപിടിക്കാൻ സാധിക്കുമെന്നാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം. സ്മാരവിദ്യകൊണ്ട് മയക്കിയ ഒരുവനോട് ഏതുകാര്യത്തെ പററി ചോദിച്ചാലും അവന്ന് ശരിയും സത്യവും ആയ ഉത്തരം പറവാൻ സാധിക്കുമെന്നത് ഒരു വിസ്മയകരമായ പരമാത്ഥമാണത്രെ. എല്ലാ പോലീസ് സ്റ്റേഷനിലും ഇങ്ങിനെ ചിലരെ നിയമിക്കുന്നതു് ഉത്തമമാർഗ്ഗമാണ്. മഷിനോട്ടംകൊണ്ട് കുററക്കാരെ കണ്ടുപിടിക്കുന്നത് നമ്മുടെ ഇടയിലും അല്പമായെങ്കിലും പ്രചാരമുള്ള ഒരു ഏർപ്പാടായിരുന്നു. ചില പോലീസ് ഉദ്യോഗസ്ഥന്മാർ അതും പരീക്ഷിച്ചുനോക്കാറുണ്ട്.

കുളി;—മലിനജലത്തിൽ കുളിക്കുന്നതുകൊണ്ട് പല രോഗങ്ങളും ഉണ്ടാകുമെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. കൊല്ലംതോറും തേവി വെടിപ്പാക്കാത്ത കുളങ്ങളും ഏരികളും രോഗബീജങ്ങളുടെ വാസസ്ഥാനങ്ങളാണ്. പല പുണ്ണുകളും നേത്രരോഗങ്ങളും, ചെകിടടപ്പും ശ്വാസകോശസംബന്ധമായ പല രോഗങ്ങളും മലിനവെള്ളത്തിൽനിന്ന് പകരുന്നതാണ്. യദൃച്ഛയാ ഇറങ്ങി പള്ളയിൽ എത്തുന്ന മലിനവെള്ളം, അതിൽ കലങ്ങിക്കിടക്കുന്ന വിഷബീജങ്ങളുടെ സമൃദ്ധിമൂലം, അന്നപാത്രത്തിന്നും ആന്ത്രത്തിന്നും കലശലായ കേടുകൾ ഉണ്ടാക്കിത്തീർക്കുന്നു. ഒഴുക്കുവെള്ളത്തിലെ കുളിക്കാവൂ എന്നു നമ്മുടെ കാരണവന്മാർ പറയുന്നത് വെറുതെ അല്ല.

പോററുന്നനായകൾ:—ധനികന്മാരിൽ ചിലർ താന്താങ്ങൾ വളർത്തുന്ന നായകളോട് കാണിക്കുന്ന സ്നേഹവും ആദരവും ചില്ലറയല്ല. ഒരുവന്റെ നായക്കുട്ടിക്ക് ഒന്നാന്തരം ഒരു മുറിയും കട്ടിലും കിടക്കയും

കനിവിളിയും മററും ഉണ്ടായിരുന്നു. എന്നുമാത്രമല്ല ആ നായക്കുട്ടിക്ക് ഒരു ദാസിയും, ഒരു ബട്ലറും ഒരു നായക്കാരനും എപ്പോഴും ശുശ്രൂഷക്കുണ്ടായിരുന്നു. ഈ നായകൾ മരിച്ചുപോകുമ്പോൾ കല്ലറകെട്ടുന്നതും, സ്മാരകമായി ഓരോന്ന് കല്ലറയിൽ കുറിച്ചുവെക്കുന്നതും ഈ രസികന്മാർക്ക വളരെ ഭ്രമമായിരുന്നു. ഈ കാര്യത്തിൽ ധനികന്മാർ അനാവശ്യമായി ചിലവഴിക്കുന്ന പണം സ്വരൂപിച്ചാൽ അവരുടെ സ്വന്തം വർഗ്ഗക്കാരായ മനുഷ്യരിൽ പല സാധുക്കളുടെയും കഷ്ടാരിഷ്ടതകൾക്ക് അറുതിവന്നു പോകുമായിരുന്നു.

മൃഗസ്വഭാവം:—ചില മനുഷ്യക്കുട്ടികൾക്ക് മൃഗസ്വഭാവം ലഭിച്ചുപോകുന്നത് ഭൂമിയിൽ കേവലം അസാധാരണസംഭവങ്ങളല്ല. സുമുഖിയും, അരോഗിണിയും ആയ മൂന്നുവയസ്സുള്ള ഒരു പെൺകുട്ടിക്ക് ഇങ്ങിനെ ഒരു സ്വഭാവം സ്ഫുരിച്ചിരുന്നതുകൊണ്ട് അവളെ ലണ്ടൻ പട്ടണത്തിലെ ഒരു ആശുപത്രിയിൽ നിർത്തിയിരിക്കുന്നു. കൈരണ്ടും നിലത്തുകുത്തി മൃഗങ്ങളെപ്പോലെ അവൾ നടക്കുന്നു. ഇട്ട കുപ്പായമൊക്കെ കടിച്ചുകീറുന്നു. അവളെ ഇട്ട ക്രിബിന്റെ അഴിയുടെ അരികെക്കൂടി മൃഗങ്ങളെപ്പോലെ അവൾ ചുററിനടക്കുന്നു. ഇതെന്തൊരു മനസ്ഥിതിയാണ്.

പ്രകൃതിസംഭവങ്ങളെ മുൻകൂട്ടി അറിയുന്ന ചില ജന്തുക്കൾ:—

മനുഷ്യർക്ക ഇന്ദ്രിയങ്ങൾ അഞ്ചെ ഉള്ളു എങ്കിലും ചില മൃഗങ്ങൾക്കും പക്ഷികൾക്കും ഭാവി കണ്ടുപിടിക്കാനുള്ള ഒരു ശക്തിയുംകൂടി ഉണ്ടെന്നുതോന്നുന്നു. കടലിൽ കോളുണ്ടാകും എന്ന് മുൻകൂട്ടി അറിഞ്ഞിട്ട് ചില കടൽപക്ഷികൾ കടൽതീരത്തേക്ക പോകുന്നു. അവ പോകുന്നസമയത്ത് കോളിന്റെ യാതൊരു ചിഹ്നവും ഉണ്ടാകാറില്ല. ഒരു വെള്ളപ്പൊക്കം പെട്ടെന്നു വരുന്നതിന്നു ഒരു മണിക്കൂർ മുമ്പെ കാട്ടുമുയലുകൾ അവയുടെ മടയും വിട്ട് ഉയന്ന സ്ഥലത്തേക്ക ചാടിപ്പോകുന്നതുകാണാം.

ഒരു ഭയങ്കരജന്തു:—ഇയ്യിടെ ഗോബി മരുഭൂമിയിൽനിന്ന് ഒരു ഭയങ്കരജന്തുവിന്റെ അസ്ഥിക്കൂടുകളാകുന്ന അവശിഷ്ടങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു. ഏകദേശം ഒമ്പതുകോടി കൊല്ലങ്ങൾക്കുമുമ്പെയാണ് ഇത് ജീവിച്ചിട്ടുള്ളതെന്ന് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നുണ്ട്. ഇതിന്റെ ഘനം പത്തുമന്നാണ്. ഇത് ഭൂമിയിൽ ഇപ്പോൾ ഉള്ള ഏററവും വലിയ ആനയുടെ ഇരട്ടിയാണ്. ഈ ജന്തുവിന്നു 25 അടി ദീഘവും 14 അടി പൊക്കവും ഉണ്ട്. ഈ ജാതിയിൽവെച്ച് ഏററവും വലിയ ജന്തു ഇതാണെന്ന് അനുമാനിക്കുന്നതും അബദ്ധമാണ്. ഒരു സമയം ഇത് ഒരു കുട്ടി ആയിരിക്കും അങ്ങിനെ ആണെങ്കിൽ ഇതിന്റെ തള്ളയുടെ വലിപ്പം എത്ര ഉണ്ടായിരിക്കും എന്ന് നമുക്ക ഊഹിക്കാനെ നിവൃത്തിയുള്ളൂ.

കെ. സി.

# അന്യസഹജീവികൾ.

## "കേരളസംസ്കാരം" (തുടൎച്ച)

ചേലനാട്ട് അച്യുതമേനോൻ, ബി. ഏ.

ദായക്രമവും വിവാഹസമ്പ്രദായവും കഴിഞ്ഞാൽപിന്നെ നമ്മുടെ ശ്രദ്ധ പതിയേണ്ടതു ഭരണരീതിയിലാണല്ലൊ. പഴയ കാലത്തു കേരളത്തിൽ ഒരു തരം പ്രജാധിപത്യം പ്രബലമായിരുന്നുവെന്നുള്ളതിലേക്കു ദൃഷ്ടാന്തങ്ങളുണ്ട്. ഭരണവിഷയത്തിൽ ഏററവും ചെറിയ വിഭാഗമായിരുന്നു 'തറ'. പിന്നെ 'ദേശം', പിന്നെ "നാട്" ഇങ്ങിനെയായിരുന്നു ക്രമം. ഇവയുടെ സംരക്ഷണത്തിന്നായി 'കൂട്ടങ്ങൾ' എന്ന ഒരുതരം സഭകളും ഉണ്ടായിരുന്നു. ഈ കൂട്ടങ്ങളിലെ അംഗങ്ങൾ മിക്കതും യോദ്ധാക്കന്മാരുമായിരിക്കും. തറക്കൂട്ടം, ദേശക്കൂട്ടം, നാട്ടുകൂട്ടം, എന്നിവക്കുപുറമെ പല നാടുകളിലുമുള്ളവരും ചേൎന്ന ഒരു "പെരുംകൂട്ട"വുമുണ്ടായിരുന്നു. ഓരോ കാൎയ്യം നടത്താനായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ അധികാരം ഈ കൂട്ടങ്ങളായിരുന്നു നിയമനം ചെയ്തിരുന്നതു. ഈ കൂട്ടങ്ങൾകൊണ്ടും തീരാത്ത കാൎയ്യങ്ങൾ തീൎച്ചപ്പെടുത്താനായി 'അങ്കം' എന്ന ഒരേൎപ്പാടും ഉണ്ടായിരുന്നു. അങ്കം എന്നതു് ഒരുതരം ദ്വന്ദ്വയുദ്ധമാണ്. ഇതിൽ നാട്ടുകാർ, നാടുവാഴികൾ, ദേശപ്രമാണികൾ ഇവരെല്ലാവരും ഹാജരുണ്ടായിരിക്കേണമെന്നാണ് നിശ്ചയം.— വടക്കൻപാട്ടിൽ ആരോമൽചേകവർ അങ്കത്തിന്നു പോയ കഥ സുപ്രസിദ്ധമാണല്ലൊ. തക്കമുള്ളവൎക്കു യുദ്ധംചെയ്വാൻ സാധിക്കയില്ലെങ്കിൽ അവൎക്കു് ഇഷ്ടപ്രകാരം കേമന്മാരായ ചേകവന്മാ(യുദ്ധവിദഗ്ദ്ധന്മാ)രെ പണം കൊടുത്തു കൊണ്ടുവരാവുന്നതാണ്. "കേരളോല്പത്തി", തിരുനെല്ലിയിലുള്ള ശിലാശാസനം, സുറിയാനി, ക്രിസ്ത്യാനികളുടെ കൈവശമുള്ള ചെമ്പേടുകൾ, "ക്രിസ്തുവൎഷം 700-ലും 8[illegible]4-ലും ഭാസ്കരരവിവൎമ്മനും സ്ഥാണുരവിഗുപ്തനും കൊടുത്ത പട്ടയങ്ങൾ" ഇതിലെല്ലാം ഈ കൂട്ടങ്ങളെപ്പററിയും അവൎക്കുള്ള അധികാരങ്ങളെപ്പററിയും പ്രസ്താവിച്ചു കാണുന്നുണ്ട്. ഈ സഭകൾ പ്രജാധിപത്യഭരണം നടത്തിയിരുന്ന സഭകളായിരുന്നുവെന്നു ലോഗനും പ്രസ്താവിക്കുന്നുണ്ട്. നൂറുവർ; അഞ്ഞൂറുവർ, അയ്യായിരപ്രഭുക്കൾ, എന്നും മററുമുള്ള പേരുകളും ഈ അഭിപ്രായത്തെ പിൻതാങ്ങുന്നുണ്ട്. സ്വേച്ഛാധികാരത്തോടുകൂടിയ രാജശക്തിയെ കേരളീയർ ഒരുകാലത്തും ആദരിച്ചിരുന്നില്ല. നാട്ടുകൂട്ടത്തിന്നു ക്ഷയം വന്നപ്പോഴാണ് സ്വേച്ഛാധികാരം തലപൊന്തിക്കാൻ തുടങ്ങിയതെന്നുള്ളതിലേക്കു ആധുനികകാലത്തു നടന്ന എട്ടുവീട്ടിൽപിള്ളമാ

രും മാൎത്താണ്ഡവൎമ്മരാജാവും തമ്മിലുണ്ടായ പോരാട്ടം ഒരു നല്ല സാക്ഷിയാണ്. പെരുംകൂട്ടത്തെപ്പററി 12 കൊല്ലത്തിൽ ഒരിക്കൽ നടന്നിരുന്നതും—ക്രി—വ—1734— ഓടുകൂടി അവസാനിച്ചതുമായ മാമാങ്കത്തിന്റെ ചരിത്രം വിളിച്ചുപറയുന്നുണ്ട്. പെരുമാക്കന്മാരും പ്രഭുക്കന്മാരും ഈ സംഘത്തിന്നു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ മാത്രമായിരുന്നു. കൈകാൎയ്യം വിട്ടു കയ്യേററം തുടങ്ങിയ ഭൂതരായപ്പെരുമാളെ കേരളീയരെല്ലാവരും പെരുംകൂട്ടം കൂടി കൊല്ലാനുറച്ച ചരിത്രസംഗതി ഇപ്പോൾ ആഖ്യായികാരൂപത്തിലും നമുക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ടല്ലോ. ഈ വിഷയത്തിൽ അധികവിവരമറിയേണമെന്നുള്ളവരെ—കെ. പി. പത്മനാഭമേനോൻ അവർകൾ എഴുതിയ കേരളചരിത്രം എന്ന ഗ്രന്ഥത്തിൽ പ്രജാധിപത്യഭരണത്തെപ്പററി എഴുതിയ ഭാഗം വായിക്കാൻ ക്ഷണിച്ചുകൊണ്ട് ഈ പ്രകൃതവും തല്ക്കാലം അവസാനിപ്പിക്കട്ടെ.

പുരാതനകേരളീയർ ഈശ്വരവിചാരത്തിൽ വലിയ ക്ലേശങ്ങളൊന്നും ചെയ്തിട്ടില്ലെന്നുതന്നെയാണ് പറയേണ്ടത്. ദൈവവിചാരംതന്നെ ഉണ്ടായിരുന്നില്ലെന്നല്ലേ ഇതിന്റെ അൎത്ഥം. അവരുടെ ജീവിതവൃത്തിക്കു അനുകൂലമായ ഒരു മതമാണ് അവർ അംഗീകരിച്ചിരുന്നതു. ആധുനികന്മാരുടെ മതവും അതുതന്നെയാണല്ലോ. കാൎയ്യമെല്ലാം കഴിഞ്ഞു സമയമുണ്ടെങ്കിൽ അല്പം ഈശ്വരവിചാരം ചെയ്യലും, ഭസ്മംതൊടലുമാണല്ലോ ഇപ്പോഴത്തെ ചട്ടം. യുദ്ധവീരന്മാരായിരുന്ന നായന്മാൎക്കും തിയ്യൎക്കും കളരിയിൽ കുടിവെച്ച കാളിയാണ് പ്രധാന ദൈവം. കളരിപ്പരദേവതയെ കുമ്പിടാതെ അവർ യാതൊന്നിന്നും പുറപ്പെട്ടിരുന്നില്ല. ഗുരുജനങ്ങളും കാരണവരും അവൎക്കു ദൈവത്തെപ്പോലെതന്നെയാണ്. അവരെ ഓരോ വീട്ടിലും കുടിവെക്കുന്നതും പതിവായിരുന്നു. ഈ ആചാരങ്ങളുടെ ചിഹ്നങ്ങൾ ഇപ്പോഴും പ്രധാന ഗൃഹങ്ങളിൽ കാണാവുന്നതാണ്. പുലൎച്ചെ എഴുനേററാൽ ആദിത്യനേയും ഭൂമിയേയും വന്ദിക്കുന്നതു ഒരു പതിവായിരുന്നു.

(ശുഭം)